March 2022
Volume 54
Issue 6

10 പ്രവാസികൾ- സംരംഭ സാധ്യതകൾ പ്രശ്നങ്ങൾ -പരിഹാരങ്ങൾ

46 ഗുണമേന്മയുടെ കേരള ബ്രാൻഡ്

സംസ്ഥാന വ്യവസായവാണിജ്യ വകുപ്പ് പ്രസിദ്ധീകരണം

# വ്യവസായകേരളം

VYAVASAYA KERALAM



## ഒരു ലക്ഷം സംരംഭം... ബഹുലക്ഷം സംതൃപ്തി

**JUST RELEASED!**

# കേരളത്തിൽ ബിസിനസ്സ് ചെയ്യുന്ന എല്ലാവരും വായിച്ചിരിക്കേണ്ട പുസ്തകം




## കേരളത്തിൽ വ്യവസായം തുടങ്ങാൻ അറിയേണ്ടതെല്ലാം

### ഓരോ വീടിനും, ഓഫീസിനും ഒരു മുതൽ കൂട്ട്

**ഉള്ളടക്കത്തിൽ ചിലത്**

- ബിസിനസ് ഏത് രൂപത്തിൽ തുടങ്ങണം? എങ്ങനെ വിജയിപ്പിക്കാം?
- സംരംഭകരെ സഹായിക്കുന്ന പ്രധാനപ്പെട്ട സ്ഥാപനങ്ങൾ, അവ ഒരുക്കിയിരിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ
- വ്യവസായങ്ങൾക്കുള്ള സാമ്പത്തിക സഹായങ്ങൾ, സ്വയം തൊഴിൽ വായ്പാ പദ്ധതികൾ, സബ്സിഡികൾ
- കേരളത്തിൽ ബിസിനസ് തുടങ്ങുമ്പോൾ തീർച്ചയായും അറിഞ്ഞിരിക്കേണ്ട 10 കാര്യങ്ങൾ
- വളർച്ചാ സാധ്യതയുള്ള ബിസിനസുകൾ

**സൗജന്യം**

മൂന്നുവർഷത്തെ വരിസംഖ്യയായ ₹1,700 മുടക്കി ധനം വരിക്കാരനാകു, നിങ്ങൾക്ക് ഈ പുസ്തകം സൗജന്യമായി ലഭിക്കും.

ധനം വരിക്കാർക്ക് ഈ പുസ്തകം ₹100 ഇളവിൽ ₹300 ന് ലഭിക്കുന്നു

പ്രസാധകർ: DHANAM BOOKS സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന്റെ സഹകരണത്തോടെ

**ORDER FORM**



☐ എനിക്ക്, *കേരളത്തിൽ വ്യവസായം തുടങ്ങാൻ അറിയേണ്ടതെല്ലാം* എന്ന പുസ്തകത്തിന്റെ ............ കോപ്പികൾ ആവശ്യമുണ്ട്

☐ ഞാൻ ധനം ബിസിനസ് മാഗസിന്റെ മൂന്നു വർഷത്തെ വരിസംഖ്യയായ ₹1700 രൂപ അടച്ച് വരിക്കാരനാകാൻ ആഗ്രഹിക്കുന്നു.

രൂപ അടച്ചതിന്റെ വിവരങ്ങൾ ഇതോടൊപ്പം അയക്കുന്നു.

പേര്.......................................................

മേൽവിലാസം .......................................................

പിൻ.......................ഫോൺ.......................

ഇമെയിൽ.......................ഒപ്പ്.......................തീയതി.......................

**Method of payment:**
☐M.O, ☐Cash, ☐NEFT, ☐Cheque, ☐Draft, In favour of Dhanam Publications Pvt. Ltd., Kochi.
Please add Rs. 40/-for outstation cheque.

**Bank Transfer within India:**
A/c. Name: DHANAM PUBLICATIONS PVT. LTD.
A/c. No. : 002433000000015
Bank: Indian Overseas Bank.
Branch: Ernakulam, IFSC: IOBA0000024

Scan and pay with any BHIM UPI app

ധനം BUSINESS MAGAZINE

**Dhanam Publications Pvt. Ltd.**
Kadavanthra, Kochi – 682 020, Ph: 0484 – 2315840, 2316494, **Mobile & whats app no - 9072570051**
Email: subscription@dhanam.in, mail@dhanam.in, **www.dhanamonline.com**

Vyavasaya Keralam
വ്യവസായകേരളം
www.keralaindustry.org

മാർച്ച് 2022
March 2022

പുസ്തകം 54
Volume 54

ലക്കം 6
Issue 6

# ഉള്ളടക്കം





06
**ഒരു ലക്ഷം സംരംഭം .....**
**ബഹുലക്ഷം സംതൃപ്തി**
എഴുമാവിൽ രവീന്ദ്രനാഥ്

10
**പ്രവാസികൾ –**
**സംരംഭ സാധ്യതകൾ**
**പ്രശ്നങ്ങൾ – പരിഹാരങ്ങൾ**
ആഷിക്ക്. കെ. പി

14
**സ്ത്രീ ശാക്തീകരണ**
**സംരംഭങ്ങൾക്ക് കൈത്താങ്ങ്**
ഇ. കെ. രവീന്ദ്രനാഥൻ നായർ

17
**യന്ത്രങ്ങൾ**
**സംരംഭങ്ങൾ**
ഡോ. ബൈജു നെടുങ്കേരി

22
**യുവസംരംഭകയുടെ വീട്ട് സംരംഭം**
**ഒന്നരവർഷം കൊണ്ട്**
**ലക്ഷങ്ങളിലേക്ക് എത്തിയ കഥ**
റ്റി. എസ്. ചന്ദ്രൻ

26
**ജി. എസ്. ടി. യിലെ**
**ഇൻവോയ്സ് റഫറൻസ് നമ്പർ (IRN)**
ഡോ. ശചീന്ദ്രൻ. വി

30
**മാറ്റങ്ങളുമായി ഫാഷൻ വ്യവസായ മേഖല**
ലോറൻസ് മാത്യു

35
**സംരംഭകത്വം –**
**സമ്പദ്വ്യവസ്ഥയുടെ അടിസ്ഥാനശില**
പാർവ്വതി ആർ നായർ

38
**ഭൗമസൂചികാ ഉത്പന്നങ്ങളുടെ**
**കമ്പോളസാധ്യതയും മാർക്കറ്റിംഗും**
മനോജ് മാതിരപ്പള്ളി

42
**ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം;**
**ഒരു ഉത്പന്നം**
സൗമ്യ ബേബി

46
**ഗുണമേന്മയുടെ കേരള ബ്രാൻഡ്**
ബിനോയ് ജോർജ് പി





# വ്യവസായകേരളം

**ചീഫ് എഡിറ്റർ**
**ശ്രീ. ഹരികിഷോർ** ഐ.എ.എസ്
ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്

**എഡിറ്റർ**
ബൈജു ആർ.എസ്.

**കവർ, ഡിസൈൻ & ലേഔട്ട്**
ദീപക് മൗത്താട്ടിൽ

**ടൈപ്പ് സെറ്റിംഗ്**
വി. അഭിലാഷ്

**എഡിറ്റോറിയൽ ഓഫീസ്**
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്
വെള്ളയമ്പലം
തിരുവനന്തപുരം – 695 033

**ഫോൺ: 6238302158**
**ഇമെയിൽ–**
vyavasayakeralam@gmail.com
**വെബ്സൈറ്റ്–**
www.keralaindustry.org
www.industry.kerala.gov.in

**പ്രതിനിധികൾ–**
- **തിരുവനന്തപുരം** : എൻ.സി. അനിൽകുമാർ
- **കൊല്ലം** : റഹുമത്ത് ആർ.
- **പത്തനംതിട്ട**: ജി. ഷാജി
- **ആലപ്പുഴ** : സുരേഷ്ബാബു ആർ.
- **കോട്ടയം** : ലോറൻസ് മാത്യു
- **ഇടുക്കി** : മനു വിശ്വനാഥ്
- **എറണാകുളം** : കെ.പി. അജിത്കുമാർ
- **തൃശൂർ** : റഹുമത്തലി എ.കെ.
- **പാലക്കാട്** : തോമസ് ചാക്കോ
- **മലപ്പുറം** : കാഞ്ചന എം.
- **കോഴിക്കോട്** : കെ. രാധാകൃഷ്ണൻ
- **വയനാട്** : അനിൽകുമാർ
- **കണ്ണൂർ** : മനോജ് പി.കെ.
- **കാസർഗോഡ്** : രാധാകൃഷ്ണൻ നായർ

**അഡ്മിനിസ്ട്രേറ്റീവ് സപ്പോർട്ട്**
ലിപിൻ റോയി എൽ.ഡി.
സിന്ധു എസ്.,
ക്ലാരമ്മ ജെയിംസ്,
അനിത എസ്.,
സംസം എസ്.,
ജെഫേഴ്സൺ സെബാസ്റ്റ്യൻ
ബേബി. വൈ.
രാമകൃഷ്ണൻ എഴുത്തച്ഛൻ



ലേഖകരുടെ അഭിപ്രായങ്ങൾ
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമാണ്.




## മുഖക്കുറിപ്പ്


**ശ്രീ. ഹരികിഷോർ** ഐ.എ.എസ്
ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്


# സംരംഭക വർഷം സന്തുഷ്ടിയുടെ വർഷം

യുവതയുടെ സ്വപ്ന സാക്ഷാത്കാരത്തിന്റെ വർഷമാണ് 2022. അഭ്യസ്തവിദ്യരായ യുവതിയുവാക്കളുടെ നാടാണു കേരളം. ദേശീയതലത്തിൽ തൊഴിലില്ലായ്മ രൂക്ഷമാകുന്ന സാഹചര്യത്തിൽ അതിന്റെ അനുരണനങ്ങൾ നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകാതെയിരിക്കുവാൻ സംസ്ഥാന സർക്കാരും വ്യവസായ വകുപ്പും പ്രതിജ്ഞാബദ്ധമാണ്. സാക്ഷരതയിലും സാംസ്കാരിക രംഗത്തും വിദ്യാഭ്യാസ മേഖലയിലും മുമ്പന്തിയിൽ നിൽക്കുന്ന പ്രബുദ്ധകേരളം തൊഴിൽദായ പരിപാടിയിലും സംരംഭകത്വ വികസനത്തിലും ഒരു ചുവട് മുമ്പിൽ നിൽക്കുവാനാണ് ശ്രമിക്കുന്നത്. അതിലേക്കുള്ള നവീനപരിപാടിയാണ് സംരംഭകവർഷം. പുതിയ സാമ്പത്തിക വർഷത്തിൽ ഒരു ലക്ഷം സംരംഭങ്ങൾ ലക്ഷ്യമിട്ടു സമാരംഭിക്കുന്ന ഈ പദ്ധതി ഇന്ത്യയിൽ തന്നെ ആദ്യമായാവണം ഒരു സംസ്ഥാന സർക്കാർ സധൈര്യം പ്രഖ്യാപിച്ചിരിക്കുന്നത്. മാതൃകാപരമായ ഈ പരിപാടി മറ്റു സംസ്ഥാനങ്ങളും അനുകരിച്ചാൽ രാജ്യത്തിനു തന്നെ അഭിമാനകരമായി മാറുമെന്ന കാര്യത്തിൽ സംശയമില്ല.

ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കാനും വ്യവസായ ഭൂപടത്തിൽ സംസ്ഥാനത്തിന്റെ മുഖച്ഛായ മാറ്റാനും വ്യവസായ വകുപ്പ് വ്യക്തമായ സ്ട്രാറ്റജി ആവിഷ്ക്കരിച്ചിട്ടുണ്ട്. മടങ്ങിവരുന്ന പ്രവാസികൾക്ക് പരിശീലനം നൽകി സംരംഭങ്ങൾ ആരംഭിക്കാനുള്ള സഹായവും ഒരു പഞ്ചായത്തിൽ ഒരു ഉൽപന്നം (OLOP) എന്ന പദ്ധതിയും ഭൗമസൂചിക ഉൽപന്നങ്ങൾക്ക് മാർക്കറ്റിംഗ് പോർട്ടൽ എന്നിവ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത കാര്യങ്ങളിൽ ചിലത് മാത്രമാണ്. വിസ്താര ഭയത്താൽ അതിനെക്കുറിച്ച് കൂടുതൽ ഇവിടെ പ്രതിപാദിക്കുന്നില്ല. ലക്ഷ്യബോധവും നിശ്ചയദാർഢ്യവും കൈമുതലായുള്ള ഏതൊരാൾക്കും സംരംഭങ്ങൾ തുടങ്ങാനും അതിലൂടെ ജീവിത നിലവാരം ഉയർത്താനും കൂടുതൽ തൊഴിവസരങ്ങളുണ്ടാക്കുവാനും വേണ്ട സാഹായഹസ്തങ്ങളുമായി സംസ്ഥാന വ്യവസായ വകുപ്പ് ഒപ്പമുണ്ടാകും. വ്യവസായ മേഖലയിൽ ഇനിയും മാറ്റങ്ങൾ ഉണ്ടാക്കാനും സംരംഭങ്ങളുടെ ക്രിയാത്മകത യഥാർത്ഥ്യമാക്കാനും സംസ്ഥാന സർക്കാർ ഇവിടെ സുസജ്ജമാണ്.

ഒപ്പ്
**ചീഫ് എഡിറ്റർ**



**ശ്രീ. പി. രാജീവ്**
വ്യവസായം, വാണിജ്യം,
നിയമം, കയർ വകുപ്പ് മന്ത്രി

# വ്യവസായ രംഗത്തും കേരളം മാതൃകയാവുകയാണ്

വ്യവസായ രംഗത്ത് സംരംഭകരുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നല്ലൊരു വ്യവസായ അന്തരീക്ഷം കൊണ്ടുവന്നിരിക്കുകയാണ് സംസ്ഥാനം. കാലഹരണപ്പെട്ട നിയമങ്ങൾ വ്യവസായ സൗഹൃദ അന്തരീക്ഷത്തിന് വിലങ്ങു തടിയാകുന്നുവെന്ന പരാതികൾ വ്യവസായികളിൽ നിന്നുണ്ടായപ്പോൾ അത് പരിഹരിക്കുമെന്ന ഉറപ്പ് ഈ സർക്കാർ നൽകിയിരുന്നു. ആ വാക്ക് പാലിക്കുന്നതിനായി കാലതാമസമില്ലാതെ തന്നെ തുടർനടപടികൾ ഈ സർക്കാർ കൈക്കൊള്ളുകയും ചെയ്തു. മെയ് മാസം അധികാരത്തിലെത്തിയ സർക്കാർ ആഗസ്ത് മാസത്തിൽ തന്നെ കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിക്കുന്നതിനും നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും ശിക്ഷാവ്യവസ്ഥകൾ പരിഹരിക്കുന്നതിനുമായി വിദഗ്ദ്ധ സമിതിയെ നിയോഗിച്ചു. കൊച്ചി ദേശീയ നിയമ സർവകലാശാല വൈസ് ചാൻസലർ ഡോ. കെ. സി. സണ്ണി അദ്ധ്യക്ഷനും നിയമപരിഷ്കരണ കമ്മീഷൻ വൈസ് ചെയർമാൻ ശ്രീ. കെ. ശശിധരൻ നായർ അംഗവും മുൻ കേന്ദ്ര സർക്കാർ സെക്രട്ടറി ശ്രീ. ടി. നന്ദകുമാർ ഐ. എ. എസ് പ്രത്യേക ക്ഷണിതാവുമായ സമിതി കോവിഡ് കാലഘട്ടത്തിലും സ്തുത്യർഹമായ വിധത്തിൽ പ്രവർത്തിക്കുകയും ആറ് മാസം കൊണ്ട് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരിക്കുന്നു.

കേരളം നിക്ഷേപകർക്കൊപ്പമാണെന്ന് വാക്കാൽ മാത്രമല്ല പ്രവർത്തനത്തിലൂടെയും തെളിയിക്കുകയാണ് സർക്കാർ. അതിനായി സർക്കാർ നിയോഗിച്ച സമിതി അവരുടെ പ്രവർത്തനഘട്ടത്തിൽ 27 വ്യാപാര വ്യവസായ സംഘടനകളുൾപ്പെടെ 110 ഓളം സംരംഭകരിൽ നിന്നും പൊതുജനങ്ങളിൽ നിന്നും അഭിപ്രായങ്ങൾ ആരാഞ്ഞിരുന്നു. അങ്ങനെ ലഭിച്ച 650 ലധികം നിർദ്ദേശങ്ങളും പരാതികളും സ്വീകരിച്ചുകൊണ്ട് വിവിധ സർക്കാർ വകുപ്പുകളുമായി ചർച്ച ചെയ്തതിനുശേഷം കേരളത്തിലെ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും വിലയിരുത്തിക്കൊണ്ട് കൂടിയാണ് നിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുള്ളത്.

സംരംഭകർക്കനുകൂലമായി വ്യവസായ മേഖലയിലെ നിയമങ്ങളുടെ സമൂലമായ മാറ്റമാണ് സമിതി ശുപാർശ ചെയ്യുന്നത്. വ്യവസായങ്ങളുമായി ബന്ധപ്പെട്ട നിലവിലുള്ള വിവിധ നിയമങ്ങളെ എകീകരിക്കുന്നതിനുള്ള ശുപാർശ വളരെ പ്രധാനപ്പെട്ടതും വ്യവസായികൾക്ക് ആശ്വാസം പകരുന്നതുമാണ്. സംരംഭകരിൽ നിന്നും ലഭിച്ച പ്രതികരണങ്ങളുടെ അടിസ്ഥാനത്തിൽ 12 നിയമങ്ങളിലെ 22 വകുപ്പുകളും 13 ചട്ടങ്ങളിലെ 23 വകുപ്പുകളും ഭേദഗതി ചെയ്യുന്നതിനുള്ള സമിതി നിർദ്ദേശവും സർക്കാരിന് മുന്നിലെത്തിയിട്ടുണ്ട്. കേരളം ഒരു വ്യവസായ സൗഹൃദ സംസ്ഥാനമാക്കുന്നതിനായുള്ള സർക്കാരിന്റെ ശ്രമങ്ങൾക്ക് ശരവേഗം പകരുന്ന ഈ റിപ്പോർട്ട് എത്രയും പെട്ടെന്ന് തന്നെ പ്രവർത്തികമാക്കാൻ ശ്രമിക്കുന്നതായിരിക്കും.

6

കവർസ്റ്റോറി

എഴുമാവിൽ രവീന്ദ്രനാഥ്

# ഒരു ലക്ഷം സംരംഭം ..... ബഹുലക്ഷം സംതൃപ്തി

അഭ്യസ്തവിദ്യരുടെ ആശാകേന്ദ്രമാവുകായയാണ് കേരളം. സാംസ്കാരിക രംഗത്തും സാക്ഷരതയിലും സാമൂഹ്യ ക്ഷേമരംഗത്തും ആരോഗ്യമേഖലയിലും അസൂയാർഹമായ നേട്ടങ്ങൾ കൈവരിച്ച സംസ്ഥാന സർക്കാർ യുവജനങ്ങളുടെയും സംരംഭകരുടെയും ഹൃദയതാളങ്ങൾ ഒപ്പിയെടുക്കുന്ന പുതിയ പദ്ധതികളുമായി പുത്തൻ



പ്രാദേശിക തലത്തിൽ സംഘടിപ്പിയ്ക്കുന്ന ഇത്തരം കാമ്പെയ്നുകളുടെ ഏകോപനത്തിന് നേതൃത്വം നൽകാനായി 1155 ഇന്റേൺസിനെയാണ് വ്യവസായ വകുപ്പ് നിയമിക്കാൻ തീരുമാനമെടുത്തിട്ടുള്ളത്. എം. ബി. എ, ബി. ടെക് ബിരുദധാരികളായ യുവനിര വ്യവസായ വകുപ്പിന്റെ സമഗ്ര സംരംഭകത്വ പരിപാടിയ്ക്ക് കരുത്തായി മാറും.

സാമ്പത്തിക വർഷത്തെ വരവേൽക്കുകയാണ് ഒരു വർഷം കൊണ്ട് ഒരു ലക്ഷം സംരംഭങ്ങൾ സംസ്ഥാന ത്തുടനീളം ആരംഭിയ്ക്കുന്ന സമഗ്ര തൊഴിൽദാന പരിപാടിയാണിത്. വികസനത്തിന്റെ വെള്ളിവെളിച്ചം ഗ്രാമഗ്രാമാന്തരങ്ങളിലെത്തിയ്ക്കുകയും വനിതകൾ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർ, ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവർ തുടങ്ങി എല്ലാവരുടെയും സുസ്ഥിരമായ ഭാവി ഉറപ്പാക്കുകയുമാണ് പുതിയ വ്യവസായ നയത്തിലൂടെ സംസ്ഥാന സർക്കാരും വ്യവസായ വകുപ്പും ഉദ്ദേശിക്കുന്നത്. മറ്റു സംസ്ഥാനങ്ങൾക്കും മാതൃകയാവുന്ന ഈ പദ്ധതി സംസ്ഥാനത്തിന്റെ വികസന ചരിത്രത്തിൽ ഒരു നാഴികക്കല്ലാവി മാറും.

വ്യവസായ വകുപ്പിന്റെ നവീന പദ്ധതിയിൽ മറ്റു വകുപ്പുകളും സജീവമായി പങ്കെടുക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് സഹകരണ വകുപ്പിന്റെ പങ്കാണ്. 1692 ൽ പരം പ്രാഥമിക സഹകരണ ബാങ്കുകൾ 60 ൽ പരം അർബൻ സഹകരണ ബാങ്കുകൾ, എംപ്ലോയീസ് സംഘങ്ങൾ, കാറ്റഗറിക്കൽ സംഘങ്ങൾ എന്നിവ യുൾപ്പെടെ 25,000 സഹകരണ സ്ഥാപനങ്ങളോളം സംസ്ഥാനത്ത് പ്രവർത്തിയ്ക്കുന്നുണ്ട്. ഇവയുടെ അദ്ധ്യക്ഷൻമാരുടെ വിപുലമായ യോഗം സഹകരണ വകുപ്പ് ഇതിനോടകം വിളിച്ചു ചേർത്തിരുന്നു. കുറഞ്ഞ പലിശ നിരക്കിൽ സർക്കാരിന്റെ നയപ രിപാടികൾക്ക് അനുസൃതമായ സംരംഭക വായ്പ കൾ നൽകാൻ വേണ്ട ക്രമീകരണങ്ങൾ നടത്താൻ ഇവയ്ക്ക് സഹകരണ വകുപ്പു മന്ത്രി നിർദ്ദേശം ന ൽകുകയുണ്ടായി. പത്ത് ഏക്കർ സ്ഥലം കൈവശമുള്ള സ്ഥാപനങ്ങൾ അവ ഇൻഡസ്ട്രിയൽ പാർക്കുകൾ നടത്താനായി വിട്ടു നൽകണമെന്നും നിർദ്ദേശ മുയർന്നു.

മറ്റൊന്ന് തദ്ദേശ സ്വയം ഭരണ വകുപ്പാണ്. 941 ഗ്രാമപഞ്ചായത്തുകളും, 152 ബ്ലോക്ക് പഞ്ചായ ത്തുകളും, 14 ജില്ലാ പഞ്ചായത്തുകളും 87 മുനിസിപ്പാലിറ്റികളും, 6 മുനിസിപ്പൽ കോർപ റേഷനുമടങ്ങിയ വിപുലമായ തദ്ദേശ സ്വയംഭരണ സംവിധാനമാണ് കേരളത്തിലുള്ളത്. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഒരു ലക്ഷം തൊഴിൽ



സംരംഭങ്ങൾ എന്ന നവീന പദ്ധതി സംബന്ധിച്ച ഏകദിന ശില്പശാലകൾ സംഘടിപ്പിയ്ക്കാൻ വ്യവസായ വകുപ്പ് തീരുമാനമെടുത്തു കഴിഞ്ഞു. ഓരോ പ്രദേശത്തിനും അനുയോജ്യമായ സംരംഭങ്ങൾ ഏതൊക്കെ എന്നതു സംബന്ധിച്ച വിവരങ്ങൾ അതാതു പ്രദേശത്തെ സംരംഭകരുമായി പങ്കുവെയ്ക്കുകയും അതു സംബന്ധിച്ച അവബോധം അവരിൽ ജനിപ്പിയ്ക്കുകയുമാണ് പ്രഥമപടി.

ബാങ്ക് വായ്പകൾ എങ്ങനെ ലഭ്യമാകും, അതിനുവേണ്ട പ്രോജക്ടുകൾ എങ്ങനെ തയ്യാ

പ്രവാസി മലയാളികൾക്കും പരിഗണന നൽകുന്ന ഒന്നാണ് സംരംഭകവർഷം പരിപാടി. കുറഞ്ഞ പലിശ നിരക്കിൽ അനുയോജ്യമായ സംരംഭങ്ങൾ തുടങ്ങാൻ ഇവർക്കു വായ്പകൾ നൽകുന്നതിനുള്ള പദ്ധതികൾ ഇവിടെ ആവിഷ്ക്കരിയ്ക്കും. ഇതു സംബന്ധിച്ച പ്രത്യേക ഘടക പദ്ധതിയ്ക്കു രൂപം നൽകാൻ നോർക്കയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഉന്നതതല യോഗവും തീരുമാനമെടുത്തു കഴിഞ്ഞു.

റാക്കും, ലൈസൻസ് എങ്ങനെ ലഭ്യമാക്കും, സബ്സിഡി എങ്ങനെയാവും ലഭിയ്ക്കുക തുടങ്ങിയ കാര്യങ്ങളിൽ സംരംഭകർക്ക് വേണ്ട അറിവു പകരുന്നവയാവും ഈ ശില്പശാലകൾ.

പ്രാദേശിക തലത്തിൽ സംഘടിപ്പിയ്ക്കുന്ന ഇത്തരം കാമ്പെയ്നുകളുടെ ഏകോപനത്തിനും നേതൃത്വം നൽകാനായി 1155 ഇന്റേൺസിനെയാണ് വ്യവസായ വകുപ്പ് നിയമിക്കാൻ തീരുമാനമെടുത്തിട്ടുള്ളത്. എം. ബി. എ, ബി. ടെക് ബിരുദധാരികളായ യുവനിര വ്യവസായ വകുപ്പിന്റെ സമഗ്ര സംരംഭകത്വ പരിപാടിയ്ക്ക് കരുത്തായി മാറും. പ്രതിമാസം 20,000 രൂപ വേതനത്തോടെ ഒരു വർഷ കാലയളവിലേക്കു നിയമിയ്ക്കപ്പെടുന്ന ഇവർ സംസ്ഥാന വ്യവസായ വകുപ്പിന്റെ പ്രാദേശിക തലത്തിലെ ചാലകശക്തിയായി മാറും.

പ്രവാസി മലയാളികൾക്കും പരിഗണന നൽകുന്ന ഒന്നാണ് സംരംഭകവർഷം പരിപാടി. കുറഞ്ഞ പലിശ നിരക്കിൽ അനുയോജ്യമായ സംരംഭങ്ങൾ തുടങ്ങാൻ ഇവർക്കു വായ്പകൾ നൽകുന്നതിനുള്ള പദ്ധതികൾ ഇവിടെ ആവിഷ്ക്കരിയ്ക്കും. ഇതു സംബന്ധിച്ച പ്രത്യേക ഘടക പദ്ധതിയ്ക്കു രൂപം നൽകാൻ നോർക്കയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഉന്നതതല യോഗവും തീരുമാനമെടുത്തു കഴിഞ്ഞു. സംസ്ഥാന തല ബാങ്കേഴ്സ് സമിതി (എസ്. എൽ. ബി. സി), കേരള ബാങ്ക് എന്നിവയുടെ സഹകരണത്തോടെയാവും വായ്പാ പദ്ധതികൾ നടപ്പാക്കുക. നിലവിലെ 3,500 പ്രവാസി സംരംഭങ്ങൾ മികച്ച പ്രവർത്തനമാണ് കാഴ്ച വെയ്ക്കുന്നത്. ഇവയുടെ എണ്ണം ഈ സംരംഭക വർഷത്തിൽ ഗണ്യമായി വർദ്ധിപ്പിയ്ക്കാനാണ് തീരുമാനം. നോർക്കാ സംരംഭക സഹായ കേന്ദ്രങ്ങൾ, ജില്ലാ വ്യവസായ കേന്ദ്രങ്ങൾ ഇവയുടെ ഏകോപന സമിതികളാവും ഇതിനു ചുക്കാൻ പിടിയ്ക്കുക.

ചെറുകിട, സൂക്ഷ്മ, മദ്ധ്യതലത്തിലുള്ള 350 ഇനം സംരംഭങ്ങളാവും ഈ സംരംഭക വർഷത്തിൽ പ്രവൃത്തിപഥത്തിലെത്തുന്നത്. ഇതിലേയ്ക്ക് സംസ്ഥാന വ്യവസായ വകുപ്പ് ആവശ്യമായ വിവരശേഖരണം നടത്തിയിട്ടുണ്ട്. ഇതിനും പുറമേ സംരംഭകർക്കും അവർക്ക് അനുയോജ്യമായതും താല്പര്യമുള്ളതുമായ പദ്ധതികൾ നിർദ്ദേശിയ്ക്കാൻ സ്വാതന്ത്ര്യവുമുണ്ട്. ഭക്ഷ്യോൽപന്നങ്ങൾ, കാർഷിക ഉല്പന്നങ്ങൾ, വിവിധ തരം വസ്ത്രങ്ങൾ ഇവയുടെ നിരവധി പദ്ധതികൾക്കാണ് വ്യവസായവകുപ്പ് ആശയമിട്ടിട്ടുള്ളത്.





ഗുണമേന്മയ്ക്കു പ്രാധാന്യം നൽകിയാവും ഓരോ സംരംഭങ്ങളും സാക്ഷാത്ക്കരിയ്ക്കപ്പെടുന്നത്. ഇതിലേക്ക് വിദഗ്ദ്ധസമിതി തയ്യാറാക്കപ്പെടുന്ന മാന ദണ്ഡപ്രകാരം തന്നെയാവും ഉല്പന്നങ്ങൾ പുറത്തി റക്കേണ്ടത്. ഉന്നതനിലവാരം പുലർത്തുന്ന എല്ലാ ഉല്പന്നങ്ങൾക്കും "കേരളാ ബ്രാന്റ്" നൽകുകയും വിപണിയിൽ അവയെ തരംഗമാക്കി മാറ്റുകയുമാണ് ലക്ഷ്യം. ഉല്പന്നങ്ങൾക്കു വേണ്ട അസംസ്കൃത വസ്തുക്കളും തദ്ദേശിയമായി ലഭ്യമാക്കുവാനുള്ള യൂണിറ്റുകളും ഇതോടൊപ്പം ആരംഭിയ്ക്കും. വിപ ണിയിലെ ശക്തമായ മത്സരത്തെ നേരിടാൻ സംരംഭക വർഷത്തിലെ ഉല്പന്നങ്ങൾക്ക് "കേരളാ ബ്രാന്റ്" എന്ന ഇമേജ് സഹായകമാകും.

ഓരോ പ്രോജക്ടിനും ലൈസൻസ് ലഭ്യമാക്കുന്ന തിനുള്ള പ്രക്രിയകൾ ഉദാരമാക്കുവാനാണ് തീരുമാനം. അഭിരുചിയും ആത്മവിശ്വാസവുമുള്ള സംരംഭകരെ ചുവപ്പു നാടകളുടെ ബന്ധനത്തിൽ കുരുക്കുകയില്ല. ഉല്പാദന യൂണിറ്റുകൾ ആരംഭി യ്ക്കാനും വേണ്ട സാങ്കേതിക ഉപദേശങ്ങൾ ന ൽകാൻ വ്യവസായ വകുപ്പ് ഉദ്യോഗസ്ഥർ ജാഗരൂകരായിരിയ്ക്കും. കെ-സ്വിഫ്റ്റ് വഴി സംരംഭകരുടെ അപേക്ഷകൾക്കു മേൽ സത്വരം തീർപ്പുകല്പിയ്ക്കും. വായ്പാ മേളകളും ഇതിലേ യ്ക്ക് സംഘടിപ്പിയ്ക്കും.

വിപണനമാണ് പല ഉല്പാദകരുടെയും പ്രശ്നം. ഉന്നത ഗുണനിലവാരം ആഗ്രഹിയ്ക്കുന്നവരാണ് ആധുനിക തലമുറയിലെ ഉപഭോക്താക്കൾ. വിലയല്ല മൂല്യമാണ് അവർക്കു പ്രധാനമെന്ന് വിവിധ ഏജൻസികൾ നടത്തിയ മാർക്കറ്റ് റിസേർച്ച് വ്യക്തമാക്കുന്നു. നിലവാരമുള്ള ഉല്പന്നങ്ങൾ, ആകർഷകമായ പാക്കിങ്ങുകൾ, മനം കവരുന്ന പ രസ്യങ്ങൾ ഇവയൊക്കെ വിപണിയിൽ ചലനം സൃഷ്ടിയ്ക്കാൻ അത്യന്താപേക്ഷിതമാണ്. ഉല്പന്നം നന്നാണെങ്കിലും പായ്ക്കിങ്ങ് മോശമായാൽ അതു വേണ്ടത്ര ശ്രദ്ധിയ്ക്കാതെ പോകും. ആയതിനാൽ വിപണന തന്ത്രങ്ങൾ സംബന്ധിച്ചും വിദഗ്ദ്ധരുടെ നേതൃത്വത്തിലുള്ള പരിശീലന പരിപാടികൾ സംരംഭകർക്കു പ്രചോദനമായി മാറും.

ഒരു വർഷം കൊണ്ട് നമ്മുടെ സംസ്ഥാനത്തെ വ്യാവസായിക മേഖലയിൽ വിപ്ലവം സൃഷ്ടിയ്ക്കുക എന്ന ലക്ഷ്യത്തോടെ സമാരംഭിയ്ക്കുന്ന സംരംഭക വർഷം പരിപാടി വൻവിജയമാകട്ടെ എന്ന് ആശംസിയ്ക്കുന്നു. തുടർ വർഷങ്ങളിലും സമാന മായ പ്രോജക്ടുകളിലൂടെ തൊഴിലില്ലായ്മ ഇല്ലാതാക്കാനും ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുവാനും സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയെ ഉദ്ദീപിപ്പിയ്ക്കുവാനും വ്യവസായ വകുപ്പിനു കഴിയട്ടെ.



ആഷിക്ക്. കെ. പി



# പ്രവാസികൾ- സംരംഭ സാധ്യതകൾ

## പ്രശ്നങ്ങൾ -പരിഹാരങ്ങൾ

കേരളത്തിന്റെ വികസനത്തിൽ പ്രവാസികൾക്കുള്ള പങ്ക് വളരെ വലുതാണ്. സാമ്പത്തിക വികസനം മാത്രമല്ല സാംസ്ക്കാരിക, സാമൂഹ്യ, വിദ്യാഭ്യാസ മേഖലകളിലൊക്കെ പ്രവാസികളുടെ അറിവും കഴിവും മനോഭാവവും വലിയ മുതൽകൂട്ടായി നിൽക്കുന്നു. നമ്മുടെ ജീവിത രീതി, ഭക്ഷണ രീതി, നിർമാണ വൈദഗ്ധ്യം, വ്യാപാരം, താമസം, വിദ്യാഭ്യാസം തുടങ്ങിയ സമസ്ത മേഖലകളിലും പ്രവാസികളുടെ സാന്നിധ്യം നേരിട്ടും അല്ലാതെയും സ്വാധീനിച്ചിട്ടുണ്ട്.

മെച്ചപ്പെട്ട തൊഴിലും ദാരിദ്ര്യത്തിൽ നിന്നുള്ള മോചനവും കഷ്ടപ്പാട് നിറഞ്ഞ ജീവിതത്തോടുള്ള പടപൊരുതലുകളും ഒക്കെ ആദ്യകാലം മുതലേ ശ്രീലങ്ക, ബർമ, സിംഗപ്പൂർ, മലേഷ്യ തുടങ്ങിയ രാജ്യങ്ങളിലേക്കും പിന്നീട് യൂറോപ്പ്, ആഫ്രിക്ക തുടങ്ങിയ രാജ്യങ്ങളിലേക്കും കാലക്രമത്തിൽ മിക്ക രാജ്യങ്ങളിലേക്കും മലയാളിയെ കൊണ്ടെത്തിച്ചിട്ടുണ്ട്. ഇന്ന് ലോകത്തെവിടെയും മലയാളികളുടെ സ്പർശമുണ്ട് എന്നു കാണാം. എന്നാൽ 1970 മുതൽ ഇങ്ങോട്ട് ഗൾഫ് രാജ്യങ്ങളിലേക്കുള്ള ഒഴുക്ക് കേരളത്തിന്റെ പ്രവാസി ജീവിതത്തിനു വേറിട്ട പുരോഗതി ഉണ്ടാക്കി. ഇത് മലയാളിയുടെ ജീവിതത്തെ തന്നെ മാറ്റിമറിച്ചു. അത് കേവലം പ്രവാസികൾക്കും അവരുടെ കുടുംബങ്ങൾക്കും മാത്രമല്ല മിക്കയിടത്തും മാറ്റങ്ങൾ ഉണ്ടാക്കി. നമ്മുടെ കൂലിയും വ്യാപാര രീതിയും വാങ്ങൽ ശേഷിയും അധ്വാന രീതികളും കച്ചവട രീതികളിലും മുതൽ കാർഷിക നിർമാണ മേഖലകളിൽ വരെ മാറ്റങ്ങൾ ഉണ്ടാക്കി.



ഒരു ഭാഗത്ത് അനുഭവ പരിചയവും നൈപുണിയുമുള്ള മനുഷ്യ വിഭവങ്ങളും മറുഭാഗത്ത് വലിയ സംരംഭകത്വ സാധ്യതകളും നമ്മുടെ മുന്നിലുണ്ട്. ഇത് പ്രവാസികൾക്ക് തുറന്നുകൊടുത്തു സംരംഭകത്വത്തിന്റെ അനന്തവും വിശാലവുമായ അവസരങ്ങളിലേക്ക് അവരെ എത്തിക്കാൻ സഹായിച്ചാൽ കേരളത്തിന്റെ വികസനത്തിൽ അതൊരു മുതൽക്കൂട്ടായി മാറുമെന്നതിൽ സംശയമില്ല.

എന്നാൽ ഇന്ന് പ്രവാസികൾ പല രാജ്യങ്ങളിൽ നിന്നും മടങ്ങി നാട്ടിലേക്ക് വന്നുകൊണ്ടിരിക്കുകയാണ്. പല കാരണങ്ങളാണ് ഇതിന് പിന്നിൽ. പ്രത്യേകിച്ചു ഗൾഫ് രാജ്യങ്ങളിൽ നിന്ന് വൻ തിരിച്ചുവരവാണ് നടന്നുകൊണ്ടിരിക്കുന്നത്. ഗൾഫ് മേഖലയിലെ സർക്കാർ നയങ്ങളും സ്വദേശിവത്കരണവും തൊഴിൽ നിയമങ്ങളും വലിയ ജീവിത ചിലവുകളും പ്രവാസികളെ സ്വദേശത്തേക്ക് തന്നെ മടങ്ങാൻ നിർബന്ധിതരാക്കി കൊണ്ടിരിക്കുന്നു. ദീർഘകാലം കഠിനാധ്വാനം ചെയ്ത് കുടുംബം പുലർത്തി ബാക്കിയുള്ള സമ്പാദ്യവുമായി വരുന്ന പ്രവാസികൾ ഇനിയെന്ത് എന്ന ചോദ്യത്തിന് മുമ്പിൽ വല്ലാത്ത നിരാശയും അസ്വസ്ഥതയും നേരിടുന്നുണ്ട്.

അനുഭവസമ്പത്തും ലോകപരിചയവും സംരംഭക പരിചയവും ഏറെക്കുറെ കരസ്ഥമാക്കിയ ഇവർക്ക് ഒരു സംരംഭക സാധ്യത അല്ലെങ്കിൽ ഉപജീവന മാർഗം കാട്ടിക്കൊടുക്കേണ്ടത് അത്യാവശ്യമാണ്. അതിനുള്ള ഏകോപിച്ച പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. പ്രവാസികളുടെ വരവ് കേരളത്തിൽ ഒരു പ്രതിസന്ധി സൃഷ്ടിക്കുവാൻ ഇടയാവരുത്. കാരണം അത് അവരെ മാത്രമല്ല, അവരെ ആശ്രയിക്കുന്നവരെയും സമൂഹത്തെ തന്നെയും വലിയ പ്രതിസന്ധിയിൽ ആക്കിയേക്കും.

ഒരു ഭാഗത്ത് അനുഭവ പരിചയവും നൈപുണിയുമുള്ള മനുഷ്യ വിഭവങ്ങളും മറുഭാഗത്ത് വലിയ സംരംഭകത്വ സാധ്യതകളും നമ്മുടെ മുന്നിലുണ്ട്. ഇത് പ്രവാസികൾക്ക് തുറന്നുകൊടുത്തു സംരംഭകത്വത്തിന്റെ അനന്തവും വിശാലവുമായ അവസരങ്ങളിലേക്ക് അവരെ എത്തിക്കാൻ സഹായിച്ചാൽ കേരളത്തിന്റെ വികസനത്തിൽ അതൊരു മുതൽക്കൂട്ടായി മാറുമെന്നതിൽ സംശയമില്ല.

അതിനു വേണ്ടത് കൃത്യമായ ആസൂത്രണവും സംഘാടകത്വവുമാണ്. ഓരോരുത്തരും അവർക്ക് തോന്നുന്ന സംരംഭം ആരുടെയെങ്കിലും പ്രേരണയാൽ ഒന്നുമാലോചിക്കാതെ തുടങ്ങുക, പിന്നീട് യാഥാർഥ്യത്തിലേക്കെത്തുമ്പോഴേക്ക് വലിയ നഷ്ടം സംഭവിക്കുക, ഒരു രീതിയിലും കര കയറാതെ ഉള്ള സമ്പാദ്യങ്ങൾ ഒക്കെ നഷ്ടപ്പെട്ട് തകർന്നുപോകുക, ഇത്തരം അവസ്ഥകൾ പ്രവാസി സംരംഭങ്ങളിൽ പലയിടത്തും കണ്ടുവരുന്നുണ്ട്. അതിനു പ്രധാനപ്പെട്ട കാരണം കൃത്യമായ അറിവോ, അസൂത്രണമോ, ഇല്ലാതെ ആശയങ്ങളെ അവസരമാക്കി മാറ്റുന്ന ശാസ്ത്രീയമായ രീതികളൊന്നും നടത്താതെ എന്തെങ്കിലുമൊന്നു തുടങ്ങണം എന്നരീതിയിൽ തുടങ്ങുകയോ അല്ലെങ്കിൽ ആരെങ്കിലും മോഹിപ്പിക്കുന്നതിൽ വീണുപോവുകയോ ചെയ്തു ഒരു സംരംഭം തുടങ്ങാൻ ചാടിപ്പുറപ്പെടുന്നതുകൊണ്ടാണ്.

ഒരു സംരംഭം തുടങ്ങാൻ ശാസ്ത്രീയമായ രൂപീകരണ പ്രക്രിയ ഉണ്ടാവണം. അതിന് കൃത്യമായ ആസൂത്രണവും സംഘാടകത്വവും ഗവേഷണവും ആശയ രൂപീകരണവും പരിസ്ഥിതിക അവലോകന

> നൂറ്റി നാല്പതുകോടി ഉപഭോക്താക്കൾ നമ്മളുടെ മുന്നിലുണ്ട്. രാജ്യത്താകമാനം ഇവർക്ക് ആവശ്യമായ കോടിക്കണക്കിന് ഉത്പന്നങ്ങൾ വേണം. അതുകൊണ്ടുതന്നെ വൈവിധ്യങ്ങളായ ഗ്രാമീണ ഉത്പന്നങ്ങൾക്ക് വലിയ സാധ്യതകളാണ് നമ്മുടെ നാട്ടിൽ ഉള്ളത്. യൂറോപ്യൻ രാജ്യങ്ങളും അമേരിക്ക, ചൈന എന്നീ രാജ്യങ്ങളും ഇത്തരം വൈവിധ്യമാർന്ന ഉത്പന്നങ്ങൾ നേരിട്ടും കോർപറേറ്റുകളുടെ സഹായത്തോടെയും വൻതോതിൽ വിറ്റഴിച്ച് കോടിക്കണക്കിനു രൂപയാണ് പ്രതിദിനം ഉണ്ടാക്കുന്നത്.

വും വിപണി പഠനവും ഒക്കെ വേണം. കൃത്യമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കണം. സാധ്യതാ പഠനം നടത്തണം. നമ്മുടെ അറിവും കഴിവും സാമ്പത്തിക സ്ഥിതിയും തുടങ്ങാൻ പോകുന്ന സംരംഭത്തിനനുയോജ്യമാണോ എന്ന് സ്വയം ബോധ്യപ്പെടേണം. അപ്പോഴേ വിജയിയായ സംരംഭകൻ ആയി മാറൂ.

പ്രവാസികളെ സംരംഭം തുടങ്ങാൻ പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ പഞ്ചായത്ത്/ താലൂക്ക് അടിസ്ഥാനത്തിൽ സംരംഭകത്വ സാധ്യതകളെയും പ്രാധാന്യത്തെയും കുറിച്ച് പ്രചോദനം നൽകുന്ന പരിപാടികളാണ് പ്രാഥമികമായി വേണ്ടത്. പഞ്ചായത്ത്/ മുനിസിപ്പാലിറ്റി, നോർക്ക എന്നിവയുടെ അഭിമുഖ്യത്തിൽ താലൂക്ക് വ്യവസായ കേന്ദ്രങ്ങളുടെ പിന്തുണയോടെ ഇത്തരം പരിശീലന പരിപാടികൾ നടത്താവുന്നതാണ്. ഒന്നോ രണ്ടോ ദിവസം നീണ്ടുനിൽക്കുന്ന ഇത്തരം സംരംഭകത്വ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്ന പ്രവാസികൾക്ക് സംരംഭകത്വം എന്ത് എന്നും അതിനുള്ള നമ്മുടെ നാട്ടിലും പുറത്തുമുള്ള സാധ്യതകൾ എന്തൊക്കെയെന്നും പ്രതിബന്ധങ്ങൾ എങ്ങനെ പരിഹരിക്കാം എന്നുമുള്ള ശരാശരി അറിവ് നൽകുകയാണ് വേണ്ടത്. ഇത്തരം പരിശീലന പരിപാടി ഓരോ പ്രവാസിക്കും പ്രതീക്ഷകൾ നൽകി സംരംഭകത്വത്തിന്റെ വിശാലമായ ലോകം കാണിച്ചു കൊടുക്കാൻ സഹായിക്കും.

അല്ലാതെ ഒരു സംരംഭം തുടങ്ങാനുള്ള ശാസ്ത്രീയ മാർഗങ്ങൾ, നൈപുണീ പരിശീലനങ്ങൾ സാമ്പത്തിക സഹായം നൽകൽ എന്നൊന്നുമല്ല ഈ ഘട്ടത്തിൽ നൽകേണ്ടത്. സംരംഭകത്വം എന്ന മഹത്തായ ആശയം അവരുടെ ഉള്ളിൽ ജ്വലിപ്പിക്കുകയും ജീവിതത്തെ മുന്നോട്ട്, പ്രതീക്ഷയോടെ കൊണ്ടുപോകാനുള്ള സ്പാർക്ക് ഉണ്ടാക്കിയെടുക്കുകയുമാണ് ഇവിടെ പ്രധാനമായും ചെയ്യേണ്ടത്.

നൂറ്റി നാല്പതുകോടി ഉപഭോക്താക്കൾ നമ്മളുടെ മുന്നിലുണ്ട്. രാജ്യത്താകമാനം ഇവർക്ക് ആവശ്യമായ കോടിക്കണക്കിന് ഉത്പന്നങ്ങൾ വേണം. അതുകൊണ്ടുതന്നെ വൈവിധ്യങ്ങളായ ഗ്രാമീണ ഉത്പന്നങ്ങൾക്ക് വലിയ സാധ്യതകളാണ് നമ്മുടെ നാട്ടിൽ ഉള്ളത്. യൂറോപ്യൻ രാജ്യങ്ങളും അമേരിക്ക, ചൈന എന്നീ രാജ്യങ്ങളും ഇത്തരം വൈവിധ്യമാർന്ന ഉത്പന്നങ്ങൾ നേരിട്ടും കോർപറേറ്റുകളുടെ സഹായത്തോടെയും വൻതോതിൽ വിറ്റഴിച്ച് കോടിക്കണക്കിനു രൂപയാണ് പ്രതിദിനം ഉണ്ടാക്കുന്നത്. ചൈനയിൽ നിന്നു മാത്രം പത്തു ലക്ഷം കോടി രൂപയുടെ ഉത്പന്നങ്ങൾ വർഷം തോറും ഇറക്കുമതി ചെയ്യുന്നു. എല്ലാ മേഖലകളിലും ഈ വിദേശാധിപത്യം കാണാം. കളിപ്പാട്ടങ്ങൾ, രാസവസ്തുക്കൾ, ആരോഗ്യദായിനികൾ, സ്പെയർ പാർട്സുകൾ, ഇലക്ട്രിക്ക്, ഇലക്ട്രോണിക് ഉൽപന്നങ്ങൾ തുടങ്ങിയവയൊക്കെ എന്തിന് ചെടികളും വളങ്ങളും വരെ ചൈന, തായ്‌ലൻഡ് എന്നിവിടങ്ങളിൽനിന്ന് ഇറക്കുമതി ചെയ്തുകൊണ്ടിരിക്കുന്നു. ഇവയൊക്കെ ഇതേ രീതിയിലോ അതിനേക്കാൾ മെച്ചപ്പെട്ടരീതിയിലോ ഉൽപ്പാദിപ്പിക്കാനുള്ള സൗകര്യങ്ങൾ നമ്മുടെ നാട്ടിൽ തന്നെ ഉണ്ട്. അതിനുള്ള പ്രോത്സാഹനങ്ങൾ, ഇടപെടലുകൾ, മുതലായവ ഉണ്ടായാൽ മാത്രം മതി. സംരംഭകൻ മുതലാളി യാണെന്നുള്ള സർക്കാർ, ട്രേഡ് യൂണിയൻ, ഉദ്യോഗസ്ഥ മനോഭാവം മാറേണ്ടതുണ്ട്. സർക്കാർ തലത്തിൽ ധാരാളം പരിഷ്കാരങ്ങൾ ഇതിനായി നടപ്പിലാക്കി വരുന്നുണ്ടെങ്കിലും മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വേഗത ഇപ്പോഴും വളരെ കുറവാണ്. ഓരോ പ്രവാസിക്കും ധൈര്യത്തോടെ സ്വതന്ത്രമായി സംരംഭം തുടങ്ങാനുള്ള പ്രോത്സാഹനങ്ങളും പദ്ധതികളും ഉണ്ടാക്കേണ്ടതുണ്ട്. പരാതി പരിഹാര കേന്ദ്രം തുടങ്ങേണ്ടതുണ്ട് . അന്യസംസ്ഥാനങ്ങളിലേക്ക് ഒരു പ്രവാസി പോലും ചേക്കേറുന്ന അവസ്ഥയുണ്ടാവരുത്. എല്ലാ അടിസ്ഥാന സൗകര്യങ്ങളും എളുപ്പത്തിലും ചെലവുകുറഞ്ഞ രീതിയിലും ലഭ്യമാക്കി കൊടുക്കേണ്ടതുണ്ട്.

ഇങ്ങനെ പ്രവാസികളിൽ പ്രതീക്ഷയുടെ നാമ്പുകൾ ഉണ്ടാക്കി അവരെ സംരംഭകരാക്കി മാറ്റാനുള്ള സർഗ്ഗാത്മക പ്രവർത്തനങ്ങളാണ് പരിശീലനപരിപാടിയിൽ പ്രഥമമായി ചെയ്യേണ്ടത്.

അടുത്തതായി പ്രവാസികൾ, അവരുടെ നൈപുണികൾ, സാമ്പത്തിക സ്ഥിതി എന്നിവയെ കുറിച്ചുള്ള ഒരു ഡാറ്റാബാങ്ക് ഉണ്ടാക്കിയെടുക്കുക എന്നതാണ്.

സ്വാശ്രയ സംഘങ്ങളായോ പങ്കാളിത്തത്തിലോ തനിച്ചോ ഒരു സംരംഭം അവരുടെ ആശയ രൂപീകരണത്തോടെ സാധ്യമാക്കാനും അവയുടെ പ്രായോഗിക പ്രശ്നങ്ങളും മുൻകരുതലും നൽകുവാനുള്ള രണ്ടാംഘട്ട പരിശീലനം ആണ് പിന്നീട് നടത്തേണ്ടത്. ഓരോ ഗ്രൂപ്പിനും വ്യത്യസ്തമായ നൈപുണി അടിസ്ഥാന പരിശീലനം നൽകേണ്ടതാണ്. ശാസ്ത്രീയമായ വാങ്ങൽ രീതി, ഉൽപാദന വൈദഗ്ധ്യം, വിപണന മാർഗ്ഗങ്ങൾ, തന്ത്രങ്ങൾ എന്നിവ പ്രായോഗിക പരിജ്ഞാനമുള്ളവരിൽ നിന്ന് നേരിട്ട് നേടുന്ന തരത്തിലുള്ള കൃത്യമായ പരിശീലനങ്ങൾ നൽകേണ്ടതാണ്. ഇത് അവരിൽ കൃത്യമായ ഒരു സംരംഭം രൂപീകരണത്തിനു സഹായിക്കും. ആശയത്തെയും സ്വപ്നങ്ങളെയും പ്രാവർത്തികമാക്കി മാറ്റാൻ കഴിയുകയും സ്വയം താൻ അത് വിജയിപ്പിച്ചെടുക്കാൻ യോഗ്യനാണോയെന്നും തന്റെ സാമ്പത്തിക സ്ഥിതി, അറിവ്, നൈപുണീ എന്നിവ ഇതിനനുയോജ്യമാണോയെന്നും വിലയിരുത്താൻ ഇതിലൂടെ കഴിയും.

ഭാവിയിൽ തന്റെ സംരംഭം നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും അത്തരം പ്രതിസന്ധികളെ അതിജീവിക്കാനുള്ള മാർഗങ്ങളും സംരംഭകന് രണ്ടാം ഘട്ട പരിശീലനത്തിലൂടെ ലഭിക്കേണ്ടതുണ്ട്.

അതിനുശേഷം അവർക്ക് വേണ്ട സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകുവാനുള്ള സംവിധാനം ജില്ലാതലത്തിൽ സജ്ജമാക്കേണ്ടതുണ്ട്. ബാങ്കുകൾ, സർക്കാർ സംവിധാനങ്ങൾ, ഏഞ്ചൽ ഫണ്ടിംഗ് ഏജൻസികൾ, ബിസിനസ് ഇൻക്യൂബഷൻ കേന്ദ്രങ്ങൾ തുടങ്ങിയവ യുടെ ഏകോപിച്ചുള്ള സഹായം ഇവിടെ നിർബന്ധിത രീതിയിൽ തന്നെ ഉണ്ടാവേണ്ടതുണ്ട് . രണ്ടുവർഷമെങ്കിലും ഇത്തരത്തിൽ ഒരു പ്രവാസി സംരംഭത്തെ സ്റ്റാർട്ടപ്പ് കളായിക്കണ്ട് എല്ലാവിധ ആനുകൂല്യങ്ങളോടെയും ഇവർക്ക് സംരംഭം നടത്തുവാനുള്ള പ്രോത്സാഹനങ്ങൾ നൽകിയാൽ പിന്നീട് ലാഭകരവും വിജയകരവുമായി സംരംഭങ്ങൾ മുന്നോട്ടു കുതിക്കും എന്നുറപ്പാണ്. മറ്റുള്ളവരെ ഇതിലൂടെ സംരംഭകരാക്കി എളുപ്പത്തിൽ മാറ്റാനും കഴിയും.

ഇത് നമ്മുടെ നവകേരളനിർമിതി സങ്കല്പത്തിന് വലിയ മുതൽക്കൂട്ടാവും. കേരള വികസന നിധി രൂപീകരിക്കാനും പ്രവാസികളുടെ മൂലധന സമാഹരണം നടപ്പിലാക്കാനും ലോക കേരള സഭയിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന് സർക്കാർ പ്രഥമ പരിഗണന നൽകുമെന്നുള്ള മുഖ്യമന്ത്രിയുടെ പ്രഖ്യാപനം പ്രവാസികൾക്ക് ഊർജ്ജം നൽകുന്നതാണ്. നോർക്കയെ ഇതിനുവേണ്ടി സജ്ജീകരിക്കുമെന്നും പ്രഖ്യാപിച്ചിട്ടുണ്ട് .

പ്രവാസികളുടെ മുന്നിൽ സംരംഭകത്വത്തിനും നിക്ഷേപത്തിനും വലിയ സാധ്യതകളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

സിയാൽ മാതൃകയിലുള്ള പ്രോജക്റ്റുകൾ ഹൈവേ വിശ്രമ കേന്ദ്രങ്ങൾ, തുടങ്ങിയവ പ്രവാസികൾക്ക് കൂട്ടായ സംരംഭക സാധ്യതകൾ തന്നെയാണ്. വെൽനസ്കേന്ദ്രങ്ങൾ, സ്പോർട്സ് മേഖല, ഭക്ഷ്യ മേഖല, ടൂറിസം, ആരോഗ്യമേഖല, കൃഷി ഫാം എന്നിവിടങ്ങളിലൊക്കെ പ്രവാസി സംരംഭക സാധ്യതകളുണ്ട്. സൗന്ദര്യവർധക വസ്തുക്കൾ, ഇലക്ട്രിക്, ഇലക്ട്രോണിക് ഉൽപന്നങ്ങൾ, റബ്ബർ, നാളീകേര അധിഷ്ഠിത വ്യവസായങ്ങൾ സോളാർ വൈദ്യുതി, എന്നിവയിലൊക്കെ പ്രവാസി നിക്ഷേപ സാധ്യതകൾ ധാരാളമായുണ്ട്. പഴ സംസ്കരണ പ്ലാൻറ്, കാർഷിക ഉപകരണം നിർമ്മാണ യൂണിറ്റുകൾ, മാലിന്യനിർമാർജന പ്ലാന്റുകൾ എന്നീ മേഖലകളിലും വലിയ സാധ്യതകളാണ് പ്രവാസികൾക്ക് മുന്നിലുള്ളത്.

പ്രവാസി മലയാളികളുടെ നീണ്ട ചരിത്രമുള്ള നമ്മുടെ നാട്ടിന് ലോകത്തെ കേരളത്തിലേക്ക് കൊണ്ടുവരാൻ കഴിയുന്ന രീതിയിൽ പ്രവാസി സംരംഭകത്വ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു ആവിഷ്കരിച്ച ആസൂത്രണം ചെയ്ത് പ്രയോഗവൽക്കരിക്കേണ്ടതുണ്ട്. നമ്മുടെ നാട്ടിന്റെ പുരോഗതിക്കും സമൃദ്ധിക്കും നവകേരളനിർമിതിക്കും അത് അത്യന്താപേക്ഷിതമാണ്.

**(ലേഖകൻ സംരംഭത്വഫാക്കൽറ്റിയും പരിശീലകനും എഴുത്തുകാരനുമാണ്)**



ഇ. കെ. രവീന്ദ്രനാഥൻ നായർ

# സ്ത്രീ ശാക്തീകരണ സംരംഭങ്ങൾക്ക് കൈത്താങ്ങ്

സഹകരണ സംഘങ്ങൾ വഴി നൽകുന്ന വായ്പകൾക്ക് വനിതകൾക്ക് ഒറ്റയ്ക്കോ, സംഘമായോ അപേക്ഷകൾ സമർപ്പിയ്ക്കാം. വനിതാ സഹകരണ സംഘങ്ങൾക്കും വായ്പകൾ വാങ്ങി പുതിയ സംരംഭങ്ങൾക്കു തുടക്കമിടാം. ഇവർക്കു മൂലധന സ്വരൂപിയ്ക്കലിൽ വേണ്ട എല്ലാ സഹായങ്ങളും കേരള ബാങ്ക് നൽകും.

കേരളത്തിലെ സഹകരണ മേഖലയുടെ അഭിമാനമായ കേരള ബാങ്ക് സ്ത്രീ സംരംഭകർക്ക് കരുത്തു പകരുകയാണ്. നവീനാശയങ്ങളും അത് സാക്ഷാത്ക്കരിയ്ക്കാൻ താല്പര്യവും അഭിരുചിയുമുള്ള വനിതകൾക്ക് സംസ്ഥാനത്തെ കേരള ബാങ്കു ശാഖകളിലോ സഹകരണ ബാങ്കുകളിലോ എത്തി മഹിളാശക്തി സ്വയം തൊഴിൽ വായ്പയ്ക്കായി അപേക്ഷ നൽകാം.

സഹകരണ സംഘങ്ങൾ വഴി നൽകുന്ന വായ്പകൾക്ക് വനിതകൾക്ക് ഒറ്റയ്ക്കോ, സംഘമായോ അപേക്ഷകൾ സമർപ്പിയ്ക്കാം. വനിതാ സഹകരണ സംഘങ്ങൾക്കും വായ്പകൾ വാങ്ങി പുതിയ സംരംഭങ്ങൾക്കു തുടക്കമിടാം. ഇവർക്കു മൂലധന സ്വരൂപിയ്ക്കലിൽ വേണ്ട എല്ലാ സഹായങ്ങളും കേരള ബാങ്ക് നൽകും. സ്വയം സഹായ സംഘങ്ങൾ, കുടുംബശ്രീകൾ എന്നിവയിലെ അംഗങ്ങൾക്ക് സംസ്ഥാന സർക്കാരിന്റെയും നബാഡിന്റെയും ആനുകൂല്യങ്ങൾക്കും അർഹതയുണ്ടാവും.

അഞ്ചു തരത്തിലുള്ള വായ്പകളാണ് വനിതാ സംരംഭകർക്കായി ഈ സംസ്ഥാന സഹകരണ സംരംഭം വനിതകൾക്കായി നൽകുന്നത്. അന്നപൂർണ്ണ, ബിസിനസ്സ് വനിത, വനിതാമുദ്ര, ഉദ്യോഗിനി, വനിതാശക്തി എന്നിവയാണ് പ്രഖ്യാപിത വായ്പാ പദ്ധതികൾ.

അന്നപൂർണ്ണ വായ്പയിലൂടെ ഭക്ഷ്യസംരംഭം തന്നെ ബജറ്റ് ലക്ഷ്യമിടുന്നു. ഒരു ലക്ഷം രൂപയാണ് വായ്പയായി നൽകുന്നത് മിനി കാറ്ററിംഗ് യൂണിറ്റുകൾ ഇതിലൂടെ ലക്ഷ്യമിടുന്നു. കുടുംബശ്രീ, സ്വാശ്രയ സംഘങ്ങൾ സംസ്ഥാനത്തൊട്ടാകെ വിവിധ കേന്ദ്രങ്ങളിൽ നടത്തിവരുന്ന

അഞ്ചു ലക്ഷം രൂപ വരെ വായ്പ നൽകി ബിസിനസ്സ് സംരംഭങ്ങൾ ആരംഭിയ്ക്കാം എന്ന ലക്ഷ്യമാണ് ബിസിനസ്സ് വനിതാ ലോൺ സ്കീം എന്ന ആശയത്തിനു പിന്നിൽ. അഗ്രി പ്രൊഡക്റ്റ്സ് ഇൻഡസ്ട്രിയൽ പാർട്സ്, ഇലക്ട്രോണിക് ഉൽപ്പന്നങ്ങൾ ഇവയൊക്കെ ഈ മൂലധനം കൊണ്ടു ചെയ്യാൻ സാധിയ്ക്കും.





കാന്റീനുകൾ, ബ്രേക്ക്ഫാസ്റ്റ്, ലഞ്ച്, ടീ യൂണിറ്റുകൾ എന്നിവ ജനപ്രീതി ആർജ്ജിച്ചവയാണ്. വൃത്തിയുള്ള സാഹചര്യങ്ങളിൽ സ്വാദിഷ്ഠമായി തയ്യാറാക്കുന്ന വനിതാകൂട്ടായ്മകളുടെ ഭക്ഷണക്കൂട്ടുകൾ കൂടുതൽ സ്ഥലങ്ങളിലേക്കെത്താൻ അന്നപൂർണ്ണ വായ്പാ പദ്ധതിയിലൂടെ സാധിയ്ക്കുമെന്ന് കേരള ബാങ്ക് സാരഥികൾ പ്രതീക്ഷിയ്ക്കുന്നു.

അഞ്ചു ലക്ഷം രൂപ വരെ വായ്പ നൽകി ബിസിനസ്സ് സംരംഭങ്ങൾ ആരംഭിയ്ക്കാം എന്ന ലക്ഷ്യമാണ് ബിസിനസ്സ് വനിതാ ലോൺ സ്കീം എന്ന ആശയത്തിനു പിന്നിൽ. അഗ്രി പ്രൊഡക്റ്റ്സ് ഇൻഡസ്ട്രിയൽ പാർട്സ്, ഇലക്ട്രോണിക് ഉൽപ്പന്നങ്ങൾ ഇവയൊക്കെ ഈ മൂലധനം കൊണ്ടു ചെയ്യാൻ സാധിയ്ക്കും. ഫുഡ് പ്രൊസസ്സിംഗ്, നഴ്സറികൾ, റിപ്പയറിങ്ങ് ആന്റ് സർവ്വീസ് സെന്ററുകൾ ബേക്കിങ്ങ് യൂണിറ്റുകൾ, അസംബ്ലിങ്ങ് യൂണിറ്റുകൾ തുടങ്ങി വലിയ ആയാസമില്ലാത്തതും സ്വയം നിർവഹിയ്ക്കാവുന്നതുമായ ജോലികൾക്കുള്ള പ്രോജക്റ്റുകൾക്ക് ഇത്തരം വായ്പകൾ ഉപയോഗിയ്ക്കാവുന്നതാണ്.

വനിതാ മുദ്ര വായ്പയിലൂടെ ബ്യൂട്ടി പാർലറുകൾ, ട്യൂഷൻ സെന്ററുകൾ, ടെയ്‌ലറിങ്ങ് യൂണിറ്റുകൾ, ഡേ കെയർ സെന്ററുകൾ തുടങ്ങിയവ ആരംഭിയ്ക്കാൻ കഴിയും. രണ്ടു ലക്ഷം രൂപയാണു വായ്പാത്തുക, ഫർണിച്ചറുകൾ, ഉപകരണങ്ങൾ, ഇന്റീരിയറുകൾ തുടങ്ങിയവയ്ക്ക് വായ്പാത്തുകയിൽ നല്ലൊരു പങ്ക് വിനിയോഗിയ്ക്കേണ്ടി വരും. നന്നായി പ്രവർത്തിച്ചാൽ നല്ല വരുമാനവും അതിലൂടെ കൃത്യമായ തിരിച്ചടവും വനിതകൾക്കുണ്ടാവുന്നതാണ് വനിതാമുദ്രാ വായ്പാ പദ്ധതി.

ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള കുടുംബങ്ങളിലെ സ്ത്രീകൾക്കുള്ള സ്വയം തൊഴിൽ സംരംഭ വായ്പാ പദ്ധതിയാണ് ഉദ്യോഗിനി. ഒരു ലക്ഷം രൂപ വരെ വായ്പ ലഭിയ്ക്കുന്ന ഈ പദ്ധതികൾ മൂലധനത്തിന്റെ അഭാവത്താൽ സംരംഭങ്ങൾ തുടങ്ങാ

സംരംഭകത്വ വികസനത്തിനും സ്ത്രീ ശാക്തീകരണത്തിനും ലക്ഷ്യമിട്ട് കേരള ബാങ്ക് നടപ്പാക്കുന്ന പദ്ധതികൾ നമുക്കു സ്വാഗതം ചെയ്യാം. കോവിഡ് സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് നാടിനെ രക്ഷിയ്ക്കുന്നതിൽ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭ വായ്പകൾ മുഖ്യപങ്കാണ് വഹിയ്ക്കുന്നതെന്ന് കേരള ബാങ്ക് പ്രസിഡന്റിന്റെ പ്രസ്താവന ഈ വായ്പാ പദ്ധതി പ്രഖ്യാപനത്തോടൊപ്പം ഉണ്ടായത് പ്രത്യേകം എടുത്തു പറയേണ്ടതുണ്ട്.



നാവാത്ത വനിതൾക്ക് കൈത്താങ്ങായി മാറും. സ്വന്തം ഭവനത്തിൽത്തന്നെയോ വാടകയ്ക്കെടുത്ത സ്ഥലങ്ങളിലോ ഇവർക്ക് യൂണിറ്റുകൾ തുടങ്ങാം. ഇതിലേയ്ക്ക് ഏതുതരം യൂണിറ്റാണ് അവർ തുടങ്ങുന്നതെന്നും അതിലേക്കുള്ള അഭിരുചി ഉണ്ടോയെന്നും മുൻകാല പരിചയമോ, പാരമ്പര്യമോ ഉണ്ടോയെന്നും വിലയിരുത്തേണ്ടതുണ്ട്.

ഗ്രാമീണ മേഖലയിലെ വനിതകൾക്കുള്ള കേന്ദ്ര പദ്ധതിയാണ് വനിതാശക്തി. അമ്പതിനായിരം രൂപ യാണ് വായ്പാത്തുകയായി നിശ്ചയിച്ചിട്ടുള്ളത്. മുമ്പ് സംയോജിത ഗ്രാമ വികസന പരിപാടി (ഐ ആർ ഡി പി), സ്വർണ്ണ ജയന്തി സ്വയം തൊഴിൽ പദ്ധതി (എസ് ജി എസ് വൈ), ഗ്രാമീണ വനിതാ ശിശു വികസന സമിതി തൊഴിൽ പരിപാടി (ഡി ഡബ്ല്യു സി ആർ എ) എന്നീ പദ്ധതികൾ ഗ്രാമീണ മേഖലയിലെ വനിതകൾക്കായി നടത്തിവന്ന കേന്ദ്രാവിഷ്കൃത പദ്ധതികളായിരുന്നു. കന്നുകാലി വളർത്തൽ, കരകൗശല ഉൽപന്ന നിർമ്മാണം, ചെറിയ കടകൾ, വിപണന ഏജൻസികൾ ഏറ്റെടുത്തു നടത്തൽ തുടങ്ങി വിവിധ പരിപാടികൾ അക്കാലത്ത് ഗ്രാമീണ മേഖലയിൽ ആസൂത്രണം ചെയ്തു ന ടപ്പാക്കിയിരുന്നു. ഗ്രാമ വികസന വകുപ്പും, ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസും, തദ്ദേശ സ്വയം ഭരണ വകുപ്പു സ്ഥാപനങ്ങളും ചേർന്ന് നടപ്പാക്കിയ പദ്ധതികൾ ജനപ്രിയവുമായിരുന്നു.

സംരംഭകത്വ വികസനത്തിനും സ്ത്രീ ശാക്തീകരണത്തിനും ലക്ഷ്യമിട്ട് കേരള ബാങ്ക് നടപ്പാക്കുന്ന പദ്ധതികൾ നമുക്കു സ്വാഗതം ചെയ്യാം. കോവിഡ് സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് നാടിനെ രക്ഷിയ്ക്കുന്നതിൽ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭ വായ്പകൾ മുഖ്യപങ്കാണ് വഹിയ്ക്കുന്നതെന്ന് കേരള ബാങ്ക് പ്രസിഡന്റിന്റെ പ്രസ്താവന ഈ വായ്പാ പദ്ധതി പ്രഖ്യാപനത്തോടൊപ്പം ഉണ്ടായത് പ്രത്യേകം എടുത്തു പ റയേണ്ടതുണ്ട്.

ഇത്തരം സംരംഭങ്ങൾ തുടങ്ങാൻ താല്പര്യമുള്ള വ്യക്തികൾ, സഹകരണ സ്ഥാപനങ്ങൾ, ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷൻ, സ്വയം സഹായ സംഘങ്ങൾ, കൂട്ടുത്തരവാദിത്ത സംഘങ്ങൾ, കമ്പനികൾ, പങ്കാളിത്ത സ്ഥാപനങ്ങൾ എന്നിവയ്ക്ക് 60 ല്കഷം രൂപയുടെ വായ്പ കേരള ബാങ്ക് ശാഖകൾ വഴി വിതരണം ചെയ്യുമെന്ന പ്ര ഖ്യാപനവും സന്തോഷകരം തന്നെ. പ്രധാനമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിംഗ് പദ്ധതിപ്രകാരം പരമാവധി പത്തു ലക്ഷം രൂപ വരെ (വായ്പാ പരിധിയുടെ 35 ശതമാനം) സബ്സിഡിയും ഈ വായ്പകൾക്കു ലഭിക്കും. കൂടാതെ അർഹമായ മേഖലകളിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ നൽകുന്ന പലിശ ഇളവുകളും ലഭിയ്ക്കും. നിലവിൽ പ്രവർത്തിച്ചു വരുന്ന യൂണിറ്റുകളുടെ പരിഷ്കരണത്തിനും നവീകരണത്തിനും വായ്പകൾ ലഭിയ്ക്കുമെന്നും ബാങ്ക് പത്രക്കുറിപ്പിൽ അറിയിച്ചിട്ടുണ്ട്. വിശദവിവരങ്ങൾക്ക് 0471– 2547200 എന്ന നമ്പരിൽ വിളിയ്ക്കുകയോ kscb@keralacobank.com എന്ന സൈറ്റ് സന്ദർശിയ്ക്കുകയോ ചെയ്യുക.

17



ഡോ. ബൈജു നെടുങ്കേരി



# യന്ത്രങ്ങൾ സംരംഭങ്ങൾ

കേരള സർക്കാർ 2022 സംരംഭകത്വ വർഷമായി പ്രഖ്യാപിച്ചിരിക്കുന്നു. കേരളത്തിന്റെ സംരംഭക ചരിത്രത്തിലെ ധീരമായ കാൽവയ്പായാണ് ടി പ്രഖ്യാപനം വിലയിരുത്തപ്പെടുന്നത്. സംരംഭകരെ ചേർത്തുപിടിക്കുകയും, കരുതുകയും ചെയ്യുന്ന സമീപനം ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകുമ്പോൾ സംരംഭകരോടുള്ള സമൂഹത്തിന്റെ മനോഭാവത്തിലും മാറ്റങ്ങളുണ്ടാകും. സംരംഭക സൗഹൃദ ആവാസ വ്യവസ്ഥ സൃഷ്ടിച്ചെടുക്കുന്ന പ്രക്രീയ കൂടുതൽ സുഗമാക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ സഹകരണ സംഘങ്ങൾ, സംരംഭകത്വ കൂട്ടായ്മകൾ, ക്ലബുകൾ തുടങ്ങി സാമൂഹിക കൂട്ടായ്മകളെ കോർത്തിണക്കികൊണ്ടുള്ള വിപുലമായ പദ്ധതി സഹായകരമാവും.

സംരംഭകത്വ വർഷത്തിൽ ഏറ്റവും പ്രസക്തമായ മേഖല നാനോ കുടുംബസംരംഭങ്ങളുടേതാണ്. വീടുകളിൽ ആരംഭിക്കുന്ന ഉപജീവന സംരംഭങ്ങളിലൂടെ കുടുംബാഗങ്ങളുടെ തൊഴിലും, വരുമാനവും ഉറപ്പുവരുത്താൻ കഴിയും, സംസ്ഥാന സർക്കാർ ലൈസൻസിംഗ് നടപടിക്രമങ്ങൾ ലഘൂകരിച്ചതിലൂടെ വീടുകളിൽ വ്യവസായം ആരംഭിക്കുന്നത് ഇന്ന് സുഗമമായ പ്രക്രീയയാണ്.

## ഏകയന്ത്ര സംരംഭങ്ങൾ

വീടുകളിലും, ചെറുകിട വ്യവസായ സംരംഭങ്ങളിലും ഉപയോഗപ്പെടുത്താൻ കഴിയുന്ന യന്ത്രങ്ങളാണ് ഈ ലക്കത്തിൽ പരിചയപ്പെടുത്തുന്നത്. ഒരു യന്ത്രം ഉപയോഗിച്ച് ഒരു സംരംഭം ആരംഭിക്കാൻ കഴിയുന്ന തരത്തിലുള്ള

സംരംഭകത്വ വർഷത്തിൽ ഏറ്റവും പ്രസക്തമായ മേഖല നാനോ കുടുംബ സംരംഭങ്ങളുടേതാണ്. വീടുകളിൽ ആരംഭിക്കുന്ന ഉപജീവന സംരംഭങ്ങളിലൂടെ കുടുംബാഗങ്ങളുടെ തൊഴിലും, വരുമാനവും ഉറപ്പുവരുത്താൻ കഴിയും, സംസ്ഥാന സർക്കാർ ലൈസൻസിംഗ് നടപടിക്രമങ്ങൾ ലഘൂകരിച്ചതിലൂടെ വീടുകളിൽ വ്യവസായം ആരംഭിക്കുന്നത് ഇന്ന് സുഗമമായ പ്രക്രീയയാണ്.

യന്ത്രങ്ങളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

## ഗുണമേന്മയുള്ള വെളിച്ചെണ്ണ നിർമ്മാണത്തിന് ഇലക്ട്രിക്ക് ചക്ക്

സ്വന്തം നാട്ടിൽ ആളുകൂടുന്ന ജംഗ്ഷനിൽ ചെറിയ വെളിച്ചെണ്ണ മില്ല് സ്ഥാപിച്ചു ഗുണമേന്മയുള്ള വെളിച്ചെണ്ണ എല്ലാവരും കാൺകെ നിർമ്മിച്ച് നാട്ടുകാർക്ക് വിൽക്കുക എന്നത് മാർക്കറ്റിങ് ബുദ്ധിമുട്ട് നേരിടാത്ത ചെറുകിട സംരംഭങ്ങളിലെ വിജയ മാതൃകയാണ്. ഗുണമേന്മ തിരിച്ചറിഞ്ഞു തുടർവില്പന ലഭ്യമാകുകയും ചെയ്യും. പ്രാദേശിക ബിസിനസ് ആയതിനാൽ ഉപഭോക്താക്കളിൽ ഭൂരിഭാഗവും സംരംഭകനെ നേരിട്ടറിയുന്ന വരുമായിരിക്കും. ഈ ഘടകവും വില്പനയെ സഹായിക്കും. ഈ സംരംഭത്തിന് ഉപയോഗിക്കുന്നത് ഇലക്ട്രിക്ക് ചക്കാണ്. മുൻപ് പാരമ്പര്യ രീതിയിൽ എണ്ണ ആട്ടാൻ ഉപയോഗിച്ചിരുന്ന ചക്കിനെ നവീകരിച്ച് ചെറുതാക്കിയ ഇലക്ട്രിക്ക് മോഡലാണിത്. ചെറിയ സ്ഥലസൗകര്യത്തിലും സ്ഥാപിക്കാം എന്നതും സ്ത്രീകൾക്കും പോലും പ്രവർത്തിക്കാം എന്നതുമാണ് ഉൽപാദനപ്രക്രീയ സുഗമമാക്കുന്ന ഘടകങ്ങൾ. ഉദ്പാദന പ്രക്രീയയിൽ ചുട് വർദ്ധിക്കുന്നില്ലാത്തതിനാൽ ഗുണമേന്മയുള്ള വെളിച്ചെണ്ണയും ലഭിക്കും. ആട്ടിയെടുക്കുന്ന വെളിച്ചെണ്ണ സ്റ്റീൽ ബോണികളിൽ രണ്ട് ദിവസം സൂക്ഷിച്ച് വച്ചാൽ തെളിഞ്ഞ വെളിച്ചെണ്ണ പകർത്തിയെടുക്കാൻ സാധിക്കും.

**സാധ്യതകൾ**

1. നേരിട്ടുള്ള വില്പന ആയതിനാൽ മാർക്കറ്റ് തേടി അലയേണ്ടതില്ല.
2. സാങ്കേതിക പരിജ്ഞാനം ആവശ്യമില്ല സാധാരണക്കാർക്കും പ്രവർത്തിക്കാം.
3. ഉയർന്നു വരുന്ന ആരോഗ്യ സാക്ഷരത വില്പനയിൽ വർദ്ധനവ് നേടിത്തരും.



| | | |
|---|---|---|
| വൈദ്യുതി | : | 10 HP ത്രീഫേസ് മോട്ടർ |
| കപ്പാസിറ്റി | : | 60 kg കൊപ്ര 1 മണിക്കൂർ ആട്ടി എടുക്കാം. |
| സ്ഥലം | : | 200 സ്ക്വയർ ഫീറ്റ് കടമുറിയിൽ ആരംഭിക്കാം. |
| വില | : | 260000 രൂപ മുതൽ മുകളിലേക്ക് വിവിധ വിലകളിൽ യന്ത്രം ലഭ്യമാണ്. |

## ഇൻസ്റ്റന്റ് വെറ്റ് ഗ്രൈൻഡർ

ഇഡലി, ദോശ , ഉഴുന്നുവട തുടങ്ങിയ പലഹാരങ്ങൾ നിർമിക്കുന്നതിന് ധാന്യങ്ങൾ

ചെറിയ സ്ഥലസൗകര്യത്തിലും സ്ഥാപിക്കാം എന്നതും സ്ത്രീകൾക്കും പോലും പ്രവർത്തിക്കാം എന്നതുമാണ് ഉൽപാദനപ്രക്രീയ സുഗമമാക്കുന്ന ഘടകങ്ങൾ. ഉദ്പാദന പ്രക്രീയയിൽ ചുട് വർദ്ധിക്കുന്നില്ലാത്തതിനാൽ ഗുണമേന്മയുള്ള വെളിച്ചെണ്ണയും ലഭിക്കും. ആട്ടിയെടുക്കുന്ന വെളിച്ചെണ്ണ സ്റ്റീൽ ബോണികളിൽ രണ്ട് ദിവസം സൂക്ഷിച്ച് വച്ചാൽ തെളിഞ്ഞ വെളിച്ചെണ്ണ പകർത്തിയെടുക്കാൻ സാധിക്കും.

ഇഡലി – ദോശമാവ് പായ്ക്കറ്റിലാക്കി വിറ്റഴിക്കുന്നതിനും, തട്ടുകടകൾക്കും ഹോട്ടലുകൾക്കും നേരിട്ട് വിതരണം നടത്തുന്ന രീതിയിലും ഒരു ചെറുകിട സംരംഭം വീട്ടിൽ ആരംഭിക്കുന്നതിന് ഈ യന്ത്രം ഉപകാരപ്രദമാണ്. വിപണിയിൽ ലഭിക്കുന്ന ഗുണമേന്മയുള്ള മാവ് പ്രീ ഫെർമെന്റ്ഷൻ ടെക്നോളജി ഉപയോഗിച്ച് നിർമിക്കുമ്പോൾ 20 രൂപ വരെയാണ് 1 ലിറ്റർ മാവിന്റെ നിർമ്മാണചിലവ് .

അരച്ചെടുക്കുന്നതിനുള്ള ആധുനിക യന്ത്രമാണ് ഇൻസ്റ്റന്റ് വെറ്റ് ഗ്രൈൻഡർ. പാരമ്പര്യരീതിയിലുള്ള ഗ്രൈൻഡറുകളേക്കാൾ മൂന്നിരട്ടി വേഗത്തിൽ ഉഴുന്നും, അരിയും, തേങ്ങയും തുടങ്ങി വെള്ളം ചേർത്തുള്ള അരവുകൾക്ക് ഈ യന്ത്രം ഉപയോഗപ്പെടുത്താം. മാവുകളും അരപ്പുകളും ചൂടാകുന്നത് ഒഴിവാക്കി ഗുണമേൻമയുള്ള മാവ് നിർമ്മിക്കാൻ ഈ യന്ത്രം സഹായകരമാണ് .

ഇഡലി - ദോശമാവ് പായ്ക്കറ്റിലാക്കി വിറ്റഴിക്കുന്നതിനും, തട്ടുകടകൾക്കും ഹോട്ടലുകൾക്കും നേരിട്ട് വിതരണം നടത്തുന്ന രീതിയിലും ഒരു ചെറുകിട സംരംഭം വീട്ടിൽ ആരംഭിക്കുന്നതിന് ഈ യന്ത്രം ഉപകാരപ്രദമാണ്. വിപണിയിൽ ലഭിക്കുന്ന ഗുണമേന്മയുള്ള മാവ് പ്രീ ഫെർമെന്റ്ഷൻ ടെക്നോളജി ഉപയോഗിച്ച് നിർമ്മിക്കുമ്പോൾ 20 രൂപവരെയാണ് 1 ലിറ്റർ മാവിന്റെ നിർമ്മാണചിലവ് .

**വൈദ്യുതി**

1) 2 HP മോട്ടോർ .

2) 1 മണിക്കൂർ പ്രവർത്തിച്ചാൽ 1 .5 യൂണിറ്റ് വൈദ്യുതി ചിലവ്

കപ്പാസിറ്റി

120 ലിറ്റർ മാവ് ഒരു മണിക്കൂറിൽ അരച്ചെടുക്കാൻ സാധിക്കും .

സാധ്യതകൾ

1) വീടുകളിൽ സ്ഥാപിക്കാം

2) വീട്ടിൽ നിന്നുള്ള വൈദ്യുതി ഉപയോഗപ്പെടുത്താം .

3) ചെറുകിട സംരംഭം എന്ന നിലയിൽ കുറഞ്ഞ മുതൽമുടക്കിൽ ആരംഭിക്കാം .

വില

45000 മുതൽ ലഭ്യമാണ് (നികുതി പുറമെ )

## ഇൻസുലേഷൻ ടേപ്പ്

കേരളത്തിൽ ധാരാളം വിപണിയുള്ളതും അന്യസംസ്ഥാനങ്ങളിൽ ഉല്പാദിപ്പിച്ചു കേരളത്തിലേക്ക് എത്തുന്നതും, വയറിംഗ് മേഖലയിൽ ഒഴിച്ചു കൂടാനാകാത്തതുമായ ഉല്പന്നമാണ് ഇൻസുലേഷൻ ടേപ്പ്. 1.28 മീറ്റർ നീളമുള്ള ജംബോ റോളുകൾ വാങ്ങി 1.5 സെന്റിമീറ്റർ വീതിയിൽ കട്ട് ചെയ്താണ് ഇൻസുലേഷൻ ടേപ്പ് നിർമ്മിക്കുന്നത്. റോളുകളുടെ നീളം 6 മീറ്റർ മുതൽ 10 മീറ്റർ വരെ വിവിധ അളവുകളിൽ ലഭിക്കും. റോളുകൾ മുറിച്ചെടുക്കുന്നതിനാണ് ഇൻസുലേഷൻ ടേപ്പ്



നാനോകുടുംബ സംരംഭങ്ങളുടെ പരിധിയിൽ വരുന്ന ഇൻസുലേഷൻ ടേപ്പ് നിർമാണത്തിന് ആവശ്യമായ ഗുണമേന്മയുള്ള ജംബോ റോളുകൾ സുഗമമായി ലഭിക്കും. ഇലക്ട്രിക്കൽ ഡിസ്ട്രിബ്യുട്ടർമാർ വഴി വിതരണം നടത്തുകയും ചെയ്യാം. ഒരു റോളിൽ നിന്നും 70 ഇൻസുലേഷൻ ടേപ്പ് നിർമ്മിക്കാൻ കഴിയും. ഒരു ഇൻസുലേഷൻ ടേപ്പിൽ നിന്ന് 2.50 രൂപവരെ ലാഭം നേടാൻ സാധിക്കും.

കട്ടിങ് യന്ത്രം ഉപയോഗിക്കുന്നത്. വീടുകളിൽ സ്ഥാപിക്കാൻ കഴിയുന്ന യന്ത്രം ആയാസരഹിതമായി സ്ത്രികൾക്ക് പോലും പ്രവർത്തിപ്പിക്കാവുന്നതാണ്. നാനോകുടുംബ സംരംഭങ്ങളുടെ പരിധിയിൽ വരുന്ന ഇൻസുലേഷൻ ടേപ്പ് നിർമാണത്തിന് ആവശ്യമായ ഗുണമേന്മയുള്ള ജംബോ റോളുകൾ സുഗമമായി ലഭിക്കും. ഇലക്ട്രിക്കൽ ഡിസ്ട്രിബ്യുട്ടർമാർ വഴി വിതരണം നടത്തുകയും ചെയ്യാം. ഒരു റോളിൽ നിന്നും 70 ഇൻസുലേഷൻ ടേപ്പ് നിർമ്മിക്കാൻ കഴിയും. ഒരു ഇൻസുലേഷൻ ടേപ്പിൽ നിന്ന് 2.50 രൂപവരെ ലാഭം നേടാൻ സാധിക്കും.

**സാധ്യതകൾ**


1. കേരളത്തിൽ ഉല്പാദകർ കുറവ്.
2. സാങ്കേതിക പരിജ്ഞാനം ആവശ്യമില്ല.
3. വീട്ടിൽ തന്നെ ആരംഭിക്കാം.
4. കേരളത്തിൽ ധാരാളം ആവശ്യക്കാരുണ്ട്.

കണക്റ്റഡ് ലോഡ് 1 HP

| | | |
|---|---|---|
| കപ്പാസിറ്റി | : | പ്രതിദിനം 10000 ഇൻസുലേഷൻ ടേപ്പ് നിർമ്മിക്കാൻ സാധിക്കും . |
| വില | : | 165000 മുതൽ ലഭ്യമാണ് (നികുതി പുറമെ ) |

## കോപ്പർ വയർ സ്ട്രിപ്പിഗ് യന്ത്രം –

കേബിൾ, വയർ എന്നിവയിൽ നിന്നും കോപ്പർ വേർതിരിച്ചിരിക്കുന്ന യന്ത്രം. കേബിൾ & വയർ നിർമ്മാണ കമ്പനികളിൽ നിന്നും, കെട്ടിടം പൊളിക്കുന്ന ഇടങ്ങളിൽ നിന്നും, പഴകിയ വസ്തുക്കൾ ശേഖരിക്കുന്ന സ്ക്രാപ്പ് കടകളിൽ നിന്നും, പഴകിയ വയറുകളും കേബിളുകളും ലഭിക്കും. വീട്ടിൽ സ്ഥാപിക്കാൻ കഴിയുന്ന കോപ്പർ വേർതിരിക്കൽ യന്ത്രം ഉപയോഗിച്ച് വയറുകൾക്കും, കേബിളുകൾക്കും പുറമെ ഉള്ള സുരക്ഷാ ആവരണം സുഗമായി നീക്കം ചെയ്യാൻ സാധിക്കും ഇങ്ങനെ ലഭിക്കുന്ന കോപ്പർ കിലോകണക്കിന് തൂക്കി വാങ്ങാൻ ധാരാളം കമ്പനികൾ കേരളത്തിൽ




തന്നെയുണ്ട്. 650-700 രൂപ വരെ കോപ്പറിന് വില ലഭിക്കും. 2 കിലോ വയറിൽ നിന്നും 1 കിലോ കോപ്പർ ലഭിക്കും. വളരെ ലളിതമായ വേർതിരിക്കൽ പ്രക്രിയക്ക് ഒരു യന്ത്രം മാത്രം ഉപയോഗിച്ച് വിൽക്കാൻ ബുദ്ധിമുട്ടില്ലാത്ത അസംസ്കൃത വസ്തു നിർമിച്ചെടുക്കാം. ഈ സംരംഭത്തിൽ നേരിടുന്ന പ്രധാന വെല്ലുവിളി സ്ക്രാപ്പ് വയറുകളുടെ ലഭ്യത ഉറപ്പുവരുത്തുക എന്നുള്ളതാണ്. ഇന്ത്യയിൽ നിർമ്മിക്കുന്ന യന്ത്രങ്ങളെക്കാൾ വിദേശത്ത് നിന്ന് ഇറക്കുമതി ചെയ്ത് വിൽക്കുന്ന യന്ത്രത്തിനാണ് പ്രവർത്തന മികവുള്ളത്.

**സാധ്യതകൾ –**

1) മാർക്കറ്റിംഗ് ആവശ്യമില്ലാത്തതും ലാഭകരമായ കുടുംബ സംരംഭങ്ങളും
2) കോപ്പറിന്റെ വില്പന സുഗമമാണ്,ഉയർന്ന വിലയും ലഭിക്കും
3) വൈഭവം കുറഞ്ഞവർക്കും പ്രവർത്തിക്കാവുന്ന യന്ത്രത്തിന്റെ ഘടന

വൈദ്യുതി: 1 HP മോട്ടർ

| | | |
|---|---|---|
| കപ്പാസിറ്റി | : | 300 കിലോ വരെ പ്രതിദിനം വേർതിരിക്കൽ പ്രക്രിയക്ക് വിധേയമാകാം. |




| | | |
|---|---|---|
| അസംസ്കൃത വസ്തുക്കൾ | | |
| | : | കോപ്പർ വയറുകളും,കേബിളുകളും |
| വില | : | 65000 മുതൽ ലഭ്യമാണ് (നികുതി പുറമെ ) |

## ഹൈപ്പോക്ലോറസ് ജനറേറ്റർ –

മഹാമാരികാലത്തെ പുതിയ ബിസിനസ് സാധ്യതയായിട്ടുള്ള സാനിറ്റൈസർ നിർമ്മാണം. ചിലവ് വളരെകുറഞ്ഞതും ഫലപ്രദമായ അണുനശീകരണത്തിന് ഉപയോഗിക്കാൻ കഴിയുന്നതുമായ ഉല്പന്നമാണ് ഹൈപ്പോക്ലോറസ് സാനിറ്റൈസർ. പാർശ്യഫലങ്ങളില്ലാത്ത ഹൈപ്പോക്ലോറസ് സാനിറ്റൈസർ ലോകാരോഗ്യ സംഘടനയും, യൂറോപ്യൻയൂണിയനും, ഇന്ത്യയിൽ ഡിഫൻസ് റിസർച്ച് & ഡവലപ്പ്മെന്റ് ഓർഗനൈസേഷനും (DRDO) അംഗീകരിച്ചിട്ടുള്ളതുമാണ്. ഹൈപ്പോക്ലോറസ് സാനിറ്റൈസർ നിർമ്മിക്കുന്നത് ഹൈപ്പോക്ലോറസ് ജനറേറ്റർ ഉപയോഗിച്ചാണ്. 50 ppm മുതൽ 400 ppm വരെ വിവിധ ഗാഡതിയിലാണ് ഹൈപ്പോക്ലോറസ് നിർമ്മിക്കുന്നത്. 1 മിനിറ്റിനുള്ളിൽ ബാക്ടിരിയകളെയും വൈറസുകളെയും നശിപ്പിക്കുന്നതിനുള്ള ശേഷി ഹൈപ്പോക്ലോറസിനുണ്ട്. ഹൈപ്പോക്ലോറസ് ജനറേറ്റർ വീട്ടിൽ തന്നെ സ്ഥാപിച്ച് ഉല്പാദനം നടത്തി 50 ലിറ്റർ 100 ലിറ്റർ ക്യാനുകളിലാക്കി ഹോട്ടലുകൾ, സിനിമാതിയറ്ററുകൾ, ആശുപത്രികൾ, കല്യാണമണ്ഡപങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിങ്ങനെ പൊതുജനം ഒത്തുകൂടുന്ന ഇടങ്ങളിലെല്ലാം സപ്ലൈ ചെയ്യാം. ലിറ്ററിന് 10 പൈസയാണ് നിർമ്മാണ ചിലവ്. ഉപ്പ് ലായനിയിൽ വൈദ്യുത വിശ്ലേഷണം നടത്തിയാണ് ഹൈപ്പോക്ലോറസ് ആസിഡ് നിർമ്മിക്കുന്നത്. തുടർന്ന് വെളിച്ചവും, വായുവും കടക്കാത്ത തരം HOPE ക്യാനുകളിൽ നിറച്ച് സൂക്ഷിക്കും.

**സാധ്യതകൾ**

1 . വിപണിയിൽ പുതിയ ഉൽപ്പന്നം – മത്സരമില്ല

2 . വിലകുറവ്

3 . കുറഞ്ഞ ഉല്പാദന ചിലവ്

| | | |
|---|---|---|
| കപ്പാസിറ്റി | : | പ്രതിദിനം 500 ലിറ്റർ വരെ ഉല്പാദന ശേഷി . |
| വില | : | 140000 മുതൽ ലഭ്യമാണ് (നികുതി പുറമെ ) |

ടി യന്ത്രങ്ങൾ നേരിൽ കാണുന്നതിനും പ്രവർത്തനം മനസിലാക്കുന്നതിനുമുള്ള അവസരം അഗ്രോപാർക്കിൽ ലഭിക്കുന്നതാണ്

ph :9446713767 ,9747150330,04842999990

മഹാമാരികാലത്തെ പുതിയ ബിസിനസ് സാധ്യതയായിട്ടുള്ള സാനിറ്റൈസർ നിർമ്മാണം. ചിലവ് വളരെകുറഞ്ഞതും ഫലപ്രദമായ അണുനശീകരണത്തിന് ഉപയോഗിക്കാൻ കഴിയുന്നതുമായ ഉല്പന്നമാണ് ഹൈപ്പോക്ലോറസ് സാനിറ്റൈസർ. പാർശ്യഫലങ്ങളില്ലാത്ത ഹൈപ്പോക്ലോറസ് സാനിറ്റൈസർ ലോകാരോഗ്യ സംഘടനയും, യൂറോപ്യൻയൂണിയനും, ഇന്ത്യയിൽ ഡിഫൻസ് റിസർച്ച് & ഡവലപ്പ്മെന്റ് ഓർഗനൈസേഷനും അംഗീകരിച്ചിട്ടുള്ളതുമാണ്.



റ്റി. എസ്. ചന്ദ്രൻ

## യുവസംരംഭകയുടെ വീട്ട് സംരംഭം

# ഒന്നരവർഷം കൊണ്ട് ലക്ഷങ്ങളിലേക്ക് എത്തിയ കഥ




ലോക്ഡൗൺ സംരംഭകയാക്കിത്തീർത്തു നോമിയ രഞ്ജൻ എന്ന യുവതിയെ. "നേമീസ് ധ്രുവി" എന്ന പേരിൽ മികച്ച ഒരു ബിസിനസ് സംരംഭത്തിന്റെ ഉടമയാണ് ഇപ്പോൾ നോമിയ രഞ്ജൻ. ഇതൊരു സ്വപ്ന സാക്ഷാത്ക്കാരം കൂടിയാണ്. കണ്ണൂർ ജില്ലയിലെ പുരഞ്ജാൻ, ചെമ്പേരി എന്ന സ്ഥലത്താണ് സ്ഥാപനം നടക്കുന്നത്.

## എന്താണ് ബിസിനസ്സ്

നോമീസ് ധ്രുവി ഹെർബൽ ഹെയർ ഓയിലാണ് ഇവരുടെ ബിസിനസ്സ്. തന്റെ വീടിന്റെ ഒരു മുറിയിൽ കൊറോണക്കാലത്ത് ഉദയം കൊണ്ട ഒരു ചെറിയ ബിസിനസ്സാണ്. ഇപ്പോൾ കേരളം മുഴുവനും വിപണി വ്യാപിക്കുവാൻ കഴിഞ്ഞിരിക്കുന്നു. കോർപ്പറേറ്റ് ഓഫീസും ഡ്രഗ്ഗ് ലൈസൻസും മറ്റ് നിയമപരമായ എല്ലാ അനുമതികളുമുണ്ട്.

## എന്തുകൊണ്ട് ഇത്തരം സംരംഭം

- ലോക്ക് ഡൗണിൽ നിരവധി പരീക്ഷണങ്ങൾ നടത്തി. പാചകപരീക്ഷണം, ഓൺലൈൻ ബൂട്ടിക്ക് അങ്ങനെ പലതും. പക്ഷേ വേണ്ടത്ര വിജയം കണ്ടില്ല. മാർക്കറ്റിന് ആവശ്യമുള്ള ഒരു മികച്ച ഉല്പന്നം വേണമെന്ന് തീരുമാനിച്ചു.
- ജോലി ഉപേക്ഷിച്ചശേഷം വീട്ടിൽ ഒതുങ്ങിക്കൂടിയപ്പോഴും




വിലാസം:

**നോമിയ രഞ്ജൻ**
മെ. നോമീസ് ധ്രുവി ഹെർബൽ
ഹെയർ ഓയിൽ
പുറഞ്ഞാൻ ചെമ്പേരി
കണ്ണൂർ– 670632
മൊബൈൽ: 9048014800


മനസ്സിലെ വലിയ ആഗ്രഹമായിരുന്നു സ്വന്തമായി ഒരു ബിസിനസ് എന്നത്. ഇത് അതിന്റെ ഒരു സാക്ഷാത്കാരമായിരുന്നു.

- മുടികൊഴിച്ചിലിന് എന്തെങ്കിലും വിശ്വസനീയമായ മെഡിസിൻ സജസ്റ്റ് ചെയ്യാനുണ്ടോ എന്ന ഒരു സുഹൃത്തിന്റെ ചോദ്യമാണ് ഈ വഴിക്ക് ചിന്തിക്കാൻ പ്രേരിപ്പിക്കുന്നത്.
- രണ്ടാമത്തെ പ്രസവത്തിനുശേഷം മുടികൊഴിച്ചിലിൽ നിന്നും താൻ എങ്ങനെയാണ് രക്ഷപ്പെട്ടത് എന്ന് ചിന്തിച്ചപ്പോഴാണ് സംരംഭകത്വത്തിലേക്കുള്ള വാതിൽ തുറന്നത്.
- എല്ലാവരേയും പോലെ അസഹനീയമായിരുന്നു മുടികൊഴിച്ചിൽ നോമിയക്കും. വിപണിയിലെ മികച്ച പല ബ്രാന്റുകളും പരീക്ഷിച്ചു എങ്കിലും ഗുണമുണ്ടായില്ല. മുടികൊഴിച്ചിൽ ഒരു വലിയ സാമൂഹിക പ്രശ്നമാണ്. യൂട്യൂബിൽ കാണുന്ന പലതും പരീക്ഷിക്കുകയും ചെയ്തു. ആയതും വിജയം കണ്ടില്ല. അമ്മ നിർബന്ധിച്ചപ്പോഴാണ് അമ്മയുടെ കാച്ചിയ എണ്ണ പരീക്ഷിക്കാമെന്ന് വച്ചത്. ആദ്യമൊന്നും ഇതിൽ തീരെ വിശ്വാസം ഉണ്ടായിരുന്നില്ല. അത്ഭുതകരമെന്ന് പറയട്ടെ ഒരാഴ്ച കൊണ്ട് തന്നെ മുടികൊഴിച്ചിലിനെ പിടിച്ച് കെട്ടാനായി.
- ഈ അനുഭവം തന്റെ സുഹൃത്ത് ഷെയർ ചെയ്തു. ഒമ്പത് പേർ ഈ എണ്ണ ആവശ്യപ്പെട്ടു. മുടി കൊഴിച്ചിലിന്റെ പ്രത്യാഘാതം നന്നായി മനസ്സിലാക്കിയിരുന്നതിനാൽ ആവശ്യപ്പെട്ടവർക്ക് ഓയിൽ അയച്ചു കൊടുത്തു. യാതൊരു ലാഭവും നോക്കാതെയാണ് ഇങ്ങനെ ചെയ്തത്.
- ഒമ്പത് പേർ അവരുടെ അനുഭവം പങ്ക് വച്ചപ്പോൾ ആവശ്യക്കാർ ഏറെയായി. അങ്ങനെയാണ് ഹെർബൽ ഓയിൽ ബിസിനസ്സിന്റെ സാധ്യതകൾ മനസ്സിലാക്കുന്നത്.

## ഒരു വർഷം കൊണ്ട് ലക്ഷങ്ങളുടെ ബിസിനസ്സ്

ഒമ്പത് സുഹൃത്തുക്കൾക്കുവേണ്ടി ഉണ്ടാക്കിത്തുടങ്ങിയ ഒരു ഉല്പന്നമാണ് ധ്രുവി ഹെർബൽ ഹെയർ ഓയിൽ. മൗത്ത് പബ്ലിസിറ്റിയിലൂടെയാണ് സ്ഥാപനം വളർന്നത്. സോഷ്യൽ മീഡിയായിൽ ഇത് ഉപയോഗിച്ചവർ എഴുതിയ അഭിനന്ദനങ്ങളും അനുഭവങ്ങളും ബിസിനസ്സിനെ ഉന്നത തലത്തിൽ എത്തിച്ചു. ഒമ്പത് കസ്റ്റമേഴ്സിനെ ഉപയോഗിച്ച് തുടങ്ങിയ ബിസിനസ്സ്. ഇപ്പോഴത് പതിനയ്യായിരവും കടന്നിരിക്കുന്നു. വീട്ടിലെ സൗകര്യങ്ങൾ മാത്രം ഉപയോഗിച്ചായിരുന്നു തുടക്കം. ഇന്ന് കൂടുതൽ

കെട്ടിടങ്ങളും, ഓഫീസും പായ്ക്കിംഗ് സെക്ഷനും ഒക്കെയായി വളർന്നു.

പേര് പോലും നൽകാതെ എണ്ണ കുപ്പിയിലാക്കി അയക്കുകയായിരുന്നു ആദ്യം ചെയ്തത്. വ്യാപാരം വളർന്ന് തുടങ്ങിയപ്പോൾ നിയമപരമായി വേണ്ട ലൈസൻസുകൾ സമ്പാദിക്കാനായി ശ്രമം. ഡ്രഗ്ഗ് ലൈസൻസാണ് ഇതിന് പ്രധാനമായും വേണ്ടത്. അത് പറയുന്നത്ര എളുപ്പം ആയിരുന്നില്ല. എന്നിരുന്നാലും വിട്ടില്ല. പുറകെ നടന്ന് വേണ്ട സൗകര്യങ്ങൾ ശരിയാക്കി ഡ്രഗ്ഗ് ലൈസൻസ് സംഘടിപ്പിച്ചു.

## മെഡിക്കൽ ഷോപ്പിലും ആമസോണിലും

ഇന്നിപ്പോൾ ആവശ്യക്കാർ അന്വേഷിച്ചു വരുന്ന ഒരു ബ്രാന്റായി ധ്രുവി മാറിയിരിക്കുന്നു. ആമസോണിലും, ഹൈപ്പർ മാർക്കറ്റുകളിലും മെഡിക്കൽ ഷോപ്പിലും ഇന്ന് മികച്ച രീതിയിൽ ഉല്പന്നം വിൽക്കുന്നു. 3 ലിറ്റർ ഉണ്ടാക്കി വിറ്റിരുന്ന സ്ഥാനത്ത് ഇപ്പോൾ 4 മെട്രിക് ടൺ ആയി അത് വളർന്നിരിക്കുന്നു. GMT സർട്ടിഫിക്കേഷനും, GST യും സമ്പാദിച്ചതോടെ മികച്ച രീതിയിൽ വിപണിയിൽ വിൽക്കാൻ കഴിയുന്ന സ്ഥിതിയിൽ എത്തിച്ചു. 15,000 മുതൽ 20,000 വരെ സ്ഥിരം കസ്റ്റമേഴ്സിനെ കണ്ടെത്താനും ഉല്പന്നത്തിന് കഴിഞ്ഞിരിക്കുന്നു.

## മേന്മകൾ

- യാതൊരു വിധ കെമിക്കലുകളും ചേർക്കാതെ വെളിച്ചെണ്ണയിൽ മാത്രം തയ്യാറാക്കുന്നു.
- പച്ചമരുന്നുകൾ മാത്രം ചേർക്കുന്നു.
- കഷണ്ടി ഇല്ലാത്ത ഏത് തരം മുടികൊഴിച്ചിലും താരനും പരിഹരിക്കാൻ കഴിയുന്നു.
- നീരിറക്കം പോലുള്ള പ്രശ്നങ്ങൾ ഉണ്ടാക്കുന്നില്ല.
- യാതൊരു മുൻകരുതലും കൂടാതെ ഉപയോഗിക്കാം.
- മികച്ച പായ്ക്കിംഗ് ലഭിക്കുന്നു.
- മുടികൊഴിച്ചിൽ ഉണ്ടാക്കുന്ന മാനസിക പ്രശ്നങ്ങൾ ഒരളവുവരെ പരിഹരിയ്ക്കാൻ കഴിയുന്നു.
- പൊള്ളയായ വാഗ്ദാനങ്ങളില്ലാതെ വിൽക്കുന്നു. വമ്പൻ പരസ്യങ്ങളും ചെയ്യുന്നില്ല.
- ഉപയോഗിച്ചവരുടെ അഭിപ്രായങ്ങൾ മാത്രമാണ് വില്പന വർദ്ധിപ്പിക്കുന്നത്.
- ചോദിക്കുന്നവർക്ക് കൃത്യമായ ഡെലിവറി ഉറപ്പ് നൽകുന്നു

## 25 ലക്ഷം രൂപയുടെ വ്യാപാരം

പ്രതിമാസം ഏകദേശം 22 മുതൽ 25 ലക്ഷം രൂപയുടെ വരെ കച്ചവടമാണ് നടക്കുന്നത്. കാനഡ, യു. എസ്. എ, യു. കെ., അയർലണ്ട് തുടങ്ങിയ രാജ്യങ്ങളിലും ധ്രുവിക്ക് വിതരണക്കാർ ഉണ്ട്. ഗൾഫ് നാടുകളിലും ഇപ്പോൾ ധ്രുവിയുടെ ഉല്പന്നങ്ങൾ ലഭ്യമാണ്. ഈ രംഗത്ത് ഇനിയും ധാരാളം സാധ്യതകളുണ്ട്. ബിസിനസ്സിൽ നിന്നും ലഭിക്കുന്ന ലാഭം മാത്രമല്ല തന്റെ സന്തോഷം. സംതൃപ്തരായ ഒരുപിടി ഉപഭോക്താക്കൾ കൂടിയാണ് എന്നതാണ് നോമിയ രഞ്ജന്റെ തത്വം. എന്നിരുന്നാലും ഈ ബിസിനസ്സിൽ നിന്നും മികച്ച ഒരു ലാഭവിഹിതം ലഭിക്കുന്നുണ്ട്. 30% വരെയാണ് ലഭിക്കുന്ന അറ്റാദായം എന്ന് പറയാം.

## കുടുംബം കൂടെയുണ്ട്

കുടുംബത്തെ കൂടെ നിർത്തുക എന്നത് ബിസിനസ്സിന്റെ വിജയത്തിനും, നിലനില്പിനും അത്യന്താപേക്ഷിതമാണ്. ഭർത്താവ് രഞ്ജൻ എല്ലാ സഹായവുമായി മുഴുവൻ സമയവും രംഗത്തുണ്ട്. രണ്ട് കുട്ടികൾ ഉണ്ട് 6 വയസ്സുകാരൻ റയാൻ, 3 വയസ്സുള്ള റിക്കി. വില്പനയിൽ ശ്രദ്ധിക്കുന്നതും, നിയന്ത്രിക്കുന്നതും ഭർത്താവാണ്. കുട്ടികളുടെ കാര്യങ്ങൾ അമ്മ നോക്കുന്നതിനാൽ കൂടുതൽ സമയം ബിസിനസ്സിൽ ശ്രദ്ധിക്കാനും കഴിയുന്നു. ഡ്രഗ്ഗ് വകുപ്പിന്റെ നിയമങ്ങൾ അനുസരിച്ചാണ് ഉല്പാദനം. കണ്ണൂരിൽത്തന്നെയുള്ള ഒരു ആയുർവേദ നിർമാണ യൂണിറ്റിൽ വച്ചാണ് ഉല്പാദനം നടത്തുന്നത്. സ്വന്തമായി ഓഫീസും പായ്ക്കിംഗും നടത്തുന്നു. 7 തൊഴിലാളികൾ ഇതിനായി സ്ഥാപനത്തിൽ പ്രവർത്തിക്കുന്നുണ്ട്.

## സ്വന്തമായി കയറ്റുമതി

സ്വന്തമായി കയറ്റുമതി ചെയ്യുന്ന രീതിയിൽ സ്ഥാപനത്തെ വളർത്തണം. ഇന്നത്തെ ഉല്പാദനം ഇരട്ടിയാക്കണം. ഇതൊക്കെയാണ് നോമിയായുടെ ഭാവി പരിപാടികൾ. വലിയ സാധ്യതകൾ ഈ രംഗത്ത് ഉണ്ട് എന്നാണ് സംരംഭക പറയുന്നത്. സോഷ്യൽ മീഡിയ വളരെ ശക്തമാണ്. ഇതിന്റെ ശക്തി എത്രത്തോളമെന്ന് പറഞ്ഞറിയിക്കാൻ വയ്യ. ഒരു രൂപ പോലും പരസ്യത്തിനായി മാറ്റിവെയ്ക്കാതെ ഇത്രയധികം പ്രചാരം ലഭിച്ചതും വളർന്നതും സോഷ്യൽ മീഡിയായുടെ ശക്തികൊണ്ടാണ്. എത്ര തിരക്കുണ്ടെങ്കിലും ഉപഭോക്താക്കളുടെ സംശയങ്ങൾക്ക് കൃത്യമായി മറുപടിയും ആശ്വാസവും നൽകാൻ സമയം കണ്ടെത്തുന്നു.



DNA
AUTOMATION
www.dnaautomation.in
ONE WINDOW SOLUTION FOR ALL YOUR CUTTING NEEDS..
• LASER METAL CUTTING
• CNC MULTIWOOD CUTTING
• LASER ACRYLIC CUTTING
• GATE FABRICATION
• uPVC SHEET DEALERS
• LASER MARKING
• LASER ENGRAVING
• CNC ACP CUTTING
• SIGNAGES
+91 98953 82 929
+91 90727 37 323, +91 79077 37 009
dnaautomation@gmail.com
Ground floor, Erally building
Near BOI ATM, North Paravoor
Pin- 683513, Ernakulam Dist.



ഡോ. ശചീന്ദ്രൻ. വി

# ജി.എസ്.ടി.യിലെ ഇൻവോയ്സ് റഫറൻസ് നമ്പർ (IRN)

ഇന്ത്യയിൽ നടപ്പാക്കിയ ചരക്കു സേവന നികുതി നിയമം സാങ്കേതികമായി വളരെ മുന്നിൽ നിൽക്കുന്ന ഒന്നാണ്. ഈ നിയമത്തിനു കീഴിലെ മിക്ക ഇടപാടുകളും ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നവയാണ്. 2020 ഒക്ടോബർ ഒന്ന് മുതൽ ഇന്ത്യയിൽ ഇ-ഇൻവോയ്സിങ് സംവിധാനം പ്രാബല്യത്തിൽ വന്നു. നിലവിൽ, കേന്ദ്ര ജി.എസ്.ടി. റൂൾസിലെ 48(4) പ്രകാരം രജിസ്റ്റർ ചെയ്ത വ്യക്തിയുടെ, ഏതെങ്കിലും മുൻ സാമ്പത്തിക വർഷത്തിൽ, മൊത്തം വിറ്റു വരവ് 50 കോടി രൂപയിൽ കൂടുതലാണെങ്കിൽ ഇ-ഇൻവോയ്സിങ് ബാധകമാണ്. ഈ സംവിധാനം വ്യാജ ഇൻവോയ്സുകളെ ഇല്ലാതാക്കാനും, അർഹതയില്ലാത്ത ഇൻപുട് ടാക്സ് ക്രെഡിറ്റ് നേടുന്നത് ഒഴിവാക്കാനും സഹായിക്കും. എവിടെ വച്ചും ഇൻവോയ്സ് ഡിജിറ്റലായി കാണാനും, റിട്ടേണുകളുടെ സമർപ്പണം എളുപ്പമാക്കുന്നതിനും ഈ സംവിധാനം സഹായിക്കുന്നു. ഇ-ഇൻവോയ്സ് സംവിധാനം നടപ്പാക്കിയതിന്റെ ഭാഗമായി നിലവിൽ വന്ന ഇൻവോയ്സ് റഫറൻസ് നമ്പറിനെ കുറിച്ച് വിശദമാക്കുന്നതാണ് ഈ ലേഖനം.

ഇന്ത്യയിലെ, ചരക്കു സേവന നികുതി നിയമത്തിനു കീഴിലെ, ഒരു നിയമപരമായ ഇ-ഇൻവോയ്സ് തിരിച്ചറിയാനും, മനസ്സിലാക്കാനും ഗവൺമെന്റ് അനുവദിക്കുന്ന പ്രത്യേകമായ ഒരു നമ്പറാണ് ഇൻവോയ്സ് റഫറൻസ് നമ്പർ. ഇതിൽ 64 അക്കങ്ങൾ ഉണ്ടാകും. 2020 ഒക്ടോബർ ഒന്ന് മുതലാണ് ഇത് നടപ്പാക്കിയത്.




## ഇൻവോയ്സ് റഫറൻസ് നമ്പർ (Invoice Reference Number - IRN)

ഇന്ത്യയിലെ, ചരക്കു സേവന നികുതി നിയമത്തിനു കീഴിലെ, ഒരു നിയമപരമായ ഇ-ഇൻവോയ്സ് തിരിച്ചറിയാനും, മനസ്സിലാക്കാനും ഗവൺമെന്റ് അനുവദിക്കുന്ന പ്രത്യേകമായ ഒരു നമ്പറാണ് ഇൻവോയ്സ് റഫറൻസ് നമ്പർ. ഇതിൽ 64 അക്കങ്ങൾ ഉണ്ടാകും. 2020 ഒക്ടോബർ ഒന്ന് മുതലാണ് ഇത് നടപ്പാക്കിയത്. ഇതിനെ ഹാഷ് (Hash) എന്നും വിളിക്കുന്നു. ഇൻവോയ്സ് രജിസ്ട്രേഷൻ പോർട്ടലാണ് ഈ നമ്പർ ഉണ്ടാക്കുന്നത്. ഇ-ഇൻവോയ്സിങ് സംവിധാനത്തിലെ ഹാഷ് ഉണ്ടാകുന്ന അൽഗോരിതമാണ് ഇതിനു ഉപയോഗിക്കുന്നത്.

## ഇൻവോയ്സ് റഫറൻസ് നമ്പർ/ഹാഷ് ഉണ്ടാക്കുന്ന അൽഗോരിതം

ഒരു ഹാഷ് ഉണ്ടാക്കുന്ന അൽഗോരിതം ചെയ്യുന്നത് അക്ഷരങ്ങളും അക്കങ്ങളും പ്രത്യേക ചിഹ്നങ്ങളും അടങ്ങിയ ഒരു വിവരണത്തെ അക്കങ്ങളുടെ ഒരു ക്രമമാക്കി മാറ്റുകയാണ്. ലഭിക്കുന്ന അക്കങ്ങളിൽ നിന്നും യഥാർത്ഥ വിവരം നേരിട്ട് മനസ്സിലാക്കുക സാധ്യമല്ല. ഈ അൽഗോരിതം, ജി.എസ്.ടി. നെറ്റ്വർക്ക് (The GSTN) ഇ-ഇൻവോയ്സിങ് മാനദണ്ഡങ്ങൾ പ്രകാരം തയ്യാറാക്കിയതാണ്.

## ഇൻവോയ്സ് റഫറൻസ് നമ്പർ ഉണ്ടാക്കാൻ ആവശ്യമായവ

ഇൻവോയ്സ് റഫറൻസ് നമ്പർ ലഭിക്കണമെങ്കിൽ താഴെ പറയുന്ന കാര്യങ്ങൾ പാലിച്ചിരിക്കണം

1. ജി.എസ്. ടി പോർട്ടൽ ഉപയോഗിക്കുന്നയാൾ ജി.എസ്.ടി.യിൽ രജിസ്റ്റർ ചെയ്ത നികുതിദായക നായിരിക്കണം. അതായത് അയാൾക്ക് പോർട്ടലിലേക്കും ഇ-ഇൻവോയ്സ് പോർട്ടലിലേക്കും/ ഇ-വേബിൽ പോർട്ടലിലേക്കും ലോഗിൻ ചെയ്യാൻ സാധിക്കണം.

2. ഇൻവോയ്സ്/ഡെബിറ്റ് നോട്ട് അല്ലെങ്കിൽ ക്രെഡിറ്റ് നോട്ട് വിവരങ്ങൾ കൈവശം ഉണ്ടായിരിക്കണം

3. ഇൻവോയ്സ് റഫറൻസ് നമ്പർ ഉണ്ടാക്കുന്ന രീതി അനുസരിച്ചു കമ്പ്യൂട്ടറിൽ വൻതോതിൽ (Bulk) ഇൻവോയ്സ് റഫറൻസ് നമ്പർ ഉണ്ടാക്കുന്ന ഓഫ്‌ലൈൻ ടൂൾ അല്ലെങ്കിൽ API യൂസർ ഐ.ഡി. ഉണ്ടാക്കുകയും, ഇ-ഇൻവോയ്സിങ് സിസ്റ്റത്തിൽ പാസ്‌വേർഡ് സെറ്റ് ചെയ്യുകയും വേണം.

## ഇൻവോയ്സ് റഫറൻസ് നമ്പർ തയ്യാറാക്കാൻ അടിസ്ഥാനമാക്കുന്ന വിവരങ്ങൾ

ഇൻവോയ്സ് റഫറൻസ് നമ്പറിനായി ഹാഷ് ഉണ്ടാക്കുന്ന അൽഗോരിതം, താഴെ പറയുന്ന വിവരങ്ങൾ ആണ് അടിസ്ഥാനമാക്കുന്നത്. ഈ മൂന്നു വിവരങ്ങളിലേക്ക് അൽഗോരിതം ഉപയോഗിക്കുകയാണ് ചെയ്യുന്നത്.

1. വിതരണക്കാരന്റെ ജി.എസ്.ടി. നമ്പർ

2. വിതരണക്കാരന്റെ രേഖ (ഇൻവോയ്സ്/ ഡെബിറ്റ് നോട്ട്/ ക്രെഡിറ്റ് നോട്ട്) നമ്പർ. ഇതിന്റെ പരമാവധി 16 (അക്കങ്ങളും അക്ഷരങ്ങളും ഉൾപ്പെടെ) എണ്ണം വരെ ഇ-ഇൻവോയ്സ് സിസ്റ്റത്തിൽ നൽകാൻ സാധിക്കും. ഈ നമ്പർ '0', '/', '-'എന്നിവയിൽ ആരംഭിക്കരുത്. രേഖയിലെ ഇംഗ്ലീഷ് അക്ഷരങ്ങൾ ചെറിയ ലെറ്റർ ആകരുത്. ചെറിയ ലെറ്റർ നൽകിയാൽ അത് സ്വീകരിക്കുകയില്ല.

3. ഇൻവോയ്സിന്റെ സാമ്പത്തിക വർഷം. 'YYYY-YY' എന്ന മാതൃകയിലാണ് വർഷം നൽകേണ്ടത്. ഉദാഹരണത്തിന് രേഖയിലെ തീയതി 13.02.2020, ആണെങ്കിൽ, സാമ്പത്തിക വർഷം നൽകേണ്ടത് 2019-20 എന്നാണ്.

ഉദാഹരണത്തിന് 01ABCDE1234A19N എന്ന ജി.എസ്.ടി. നമ്പറുള്ള ഒരു നികുതി ദായകൻ, ZXY01234 എന്ന് നമ്പറുള്ള ഒരു ഇൻവോയ്സ് 12.12.2020നു നൽകിയെന്നിരിക്കട്ടെ, ഹാഷിംഗ് നടത്താനുള്ള സ്ട്രിംഗ് (വിവരങ്ങൾ) ഇങ്ങനെയായിരിക്കും '01ABCDE1234A19N2020-21INVZXY01234.

## ഇൻവോയ്സ് റഫറൻസ് നമ്പർ ഉണ്ടാക്കുന്ന സമയം

വിതരണക്കാരൻ ഇൻവോയ്സ്, ഡെബിറ്റ് നോട്ട്, ക്രെഡിറ്റ് നോട്ട് നൽകുന്ന സമയത്താണ് ഇൻവോയ്സ് റഫറൻസ് നമ്പർ ഉണ്ടാക്കേണ്ടത്. എന്നാൽ 500 കോടി രൂപയ്ക്ക് മുകളിൽ വിറ്റു വരവ് ഉള്ള നികുതിദായകർക്ക് ഇൻവോയ്സ് റഫറൻസ് നമ്പർ ഉണ്ടാക്കാനുള്ള സമയത്തിൽ 30 ദിവസത്തെ അധിക കാലയളവ് (Grace period), 2020 ഒക്ടോബർ ഒന്ന് മുതൽ അനുവദിച്ചിട്ടുണ്ട്. ഈ അധിക കാലയളവ് 2020 ഒക്ടോബർ ഒന്ന് മുതൽ 2020 ഒക്ടോബർ 31 വരെ നൽകിയിട്ടുള്ള ഇൻവോയ്സുകൾക്കാണ്.

## ഇൻവോയ്സ് റഫറൻസ് നമ്പർ ഉണ്ടാക്കുന്നതിനുള്ള വഴികൾ

ഇൻവോയ്സുകൾ ഉണ്ടാക്കാൻ സ്ഥാപനം ഉപയോഗിക്കുന്ന ഏതൊരു സോഫ്റ്റ്‌വെയർ ഉപയോഗിച്ചും ഇ-ഇൻവോയ്സുകൾ തയ്യാറാക്കാൻ കഴിയും. പക്ഷെ അവ നികുതി വകുപ്പ് നിർദ്ദേശി



നികുതി ഉദ്യോഗസ്ഥർക്ക് ഓരോ ഇടപാടിന്റെയും നിജസ്ഥിതി ഇൻവോയ്സ് റഫറൻസ് നമ്പർ ഉപയോഗിച്ച്, ജി.എസ്.ടി. പോർട്ടൽ വഴിയോ ഓഫ്‌ലൈൻ ആയി ആപ് വഴിയോ പരിശോധിക്കാൻ സാധിക്കും. അതിനാൽ ഇൻവോയ്സുകൾ, ഇന്റർനെറ്റ് കണക്ഷൻ ഇല്ലെങ്കിലും, സത്യസന്ധമാണോ/ ശരിയായ ഒന്നാണോ എന്ന് പരിശോധിക്കാൻ ഈ നമ്പർ ഉപയോഗിക്കാം.

ച്ചിട്ടുള്ള മാനദണ്ഡങ്ങളും നിർദ്ദേശങ്ങളും പ്രകാരമായിരിക്കണം.

ഇൻവോയ്സ് റഫറൻസ് നമ്പർ ഉണ്ടാക്കാനായി, സ്ഥാപനത്തിന്, താഴെ പറയുന്ന ഏതെങ്കിലും രണ്ടു വഴികൾ തിരഞ്ഞെടുക്കാവുന്നതാണ്.

1: എക്സൽ ഓഫ്‌ലൈൻ ടൂൾ ഉപയോഗിച്ച്.

2: ഇ-ഇൻവോയ്സ് പോർട്ടൽ/ഇൻവോയ്സ് രജിസ്ട്രേഷൻ പോർട്ടൽ/ ജി.എസ്.ടി. സുവിധ പ്രൊവൈഡർ എന്നിവയിൽ ഏതെങ്കിലും ഒന്നിലേക്ക് നേരിട്ട് API ഇന്റഗ്രേഷൻ നടത്തുന്നതിലൂടെ.

ഏതു മാർഗ്ഗത്തിലൂടെയായാലും ഇൻവോയ്സ് റഫറൻസ് നമ്പർ ഉണ്ടാക്കി കഴിഞ്ഞാൽ, ഇൻവോയ്സ് രജിസ്ട്രേഷൻ പോർട്ടൽ, അത് ജി.എസ്.ടി. സംവിധാനത്തിന്റെ കേന്ദ്ര രജിസ്റ്ററിയുമായി പരിശോധിക്കുകയും, ഉണ്ടാക്കിയ നമ്പർ ആവർത്തനമല്ലെന്നു ഉറപ്പു വരുത്തുകയും ചെയ്യുന്നു. ജി.എസ്.ടി സംവിധാനത്തിന്റെ കേന്ദ്ര രജിസ്റ്ററിയിൽ, ഉണ്ടാക്കുന്ന എല്ലാ ഇൻവോയ്സ് റഫറൻസ് നമ്പറുകളും സൂക്ഷിച്ചു വച്ചിട്ടുണ്ട്.

## ചില പ്രത്യേകതകൾ

1. ഇൻവോയ്സ്, ഡെബിറ്റ് നോട്ട്, ക്രെഡിറ്റ് നോട്ട് എന്നിവയ്ക്കെല്ലാം ഇൻവോയ്സ് റഫറൻസ് നമ്പർ ആവശ്യമാണ്. അതിനായി ഇൻവോയ്സ്, ഡെബിറ്റ് നോട്ട്, ക്രെഡിറ്റ് നോട്ട് എന്നിവയിലെ വിവരങ്ങൾ ഇൻവോയ്സ് രജിസ്ട്രേഷൻ പോർട്ടലിലേക്ക് സമർപ്പിക്കണം. ഓരോ ഇൻവോയ്സിനും പ്രത്യേകമായ ഇൻവോയ്സ് റഫറൻസ് നമ്പറാണ് നൽകുന്നത്. ഒരു വിതരണക്കാരൻ തന്റെ സ്വീകർത്താവിനു നൽകുന്ന ഓരോ ഇൻവോയ്സിനും ഇൻവോയ്സ് റഫറൻസ് നമ്പർ ഉണ്ടാകണം.

2. നികുതി ഉദ്യോഗസ്ഥർക്ക് ഓരോ ഇടപാടിന്റെയും നിജസ്ഥിതി ഇൻവോയ്സ് റഫറൻസ് നമ്പർ ഉപയോഗിച്ച്, ജി.എസ്.ടി. പോർട്ടൽ വഴിയോ ഓഫ്‌ലൈൻ ആയി ആപ് വഴിയോ പരിശോധിക്കാൻ സാധിക്കും. അതിനാൽ ഇൻവോയ്സുകൾ, ഇന്റർനെറ്റ് കണക്ഷൻ ഇല്ലെങ്കിലും, സത്യസന്ധമാണോ/ ശരിയായ ഒന്നാണോ എന്ന് പരിശോധിക്കാൻ ഈ നമ്പർ ഉപയോഗിക്കാം.

3. ഒരിക്കൽ ഒരു ഇൻവോയ്സിന് ഒരു ഇൻവോയ്സ് റഫറൻസ് നമ്പർ ഉണ്ടാക്കി കഴിഞ്ഞാൽ, പിന്നീട് അതേ ഇൻവോയ്സിന് പുതിയൊരു ഇൻവോയ്സ് റഫറൻസ് നമ്പർ ഉണ്ടാക്കാൻ സാധിക്കുകയില്ല. ഇൻവോയ്സ് രെജിസ്ട്രേഷൻ പോർട്ടൽ, ഓരോ സമയവും പുതിയ ഇൻവോയ്സുകൾ മാത്രമേ ഇൻവോയ്സ് റഫറൻസ് നമ്പർ നൽകാനായി പരിഗണിക്കുകയുള്ളൂ. അതിനായി ഇ-ഇൻവോയ്സ് സംവിധാനം ജി.എസ്.ടി. സംവിധാനത്തിന്റെ കേന്ദ്ര രജിസ്റ്ററിയുമായി പരിശോധിക്കുകയും, ആവർത്തനങ്ങൾ ഒഴിവാക്കുകയും ചെയ്യുന്നു.

4. ഇ ഇൻവോയ്സ് സംവിധാനത്തിൽ ഉണ്ടാക്കിയ ഒരു ഇൻവോയ്സ് റഫറൻസ് നമ്പർ, നികുതി ദായകന്, 24 മണിക്കൂർ വരെ ഗവൺമെന്റ് പോർട്ടലിൽ നിന്നും ലഭ്യമാവും.

5. 2020 ജൂലൈ 30 നു ഇറങ്ങിയ അറിയിപ്പ് പ്രകാരം ഇൻവോയ്സ് നമ്പറും ഇൻവോയ്സ് റഫറൻസ് നമ്പറും ഇ-ഇൻവോയ്സിൽ നിർബന്ധമായും കാണിച്ചിരിക്കണം

6. ഏതു സാമ്പത്തിക വർഷമായാലും, ഏത് ഡോക്യുമെന്റ് (ഇൻവോയ്സ്/ഡെബിറ്റ് നോട്ട്/ ക്രെഡിറ്റ് നോട്ട്) ആയാലും, ഏതു നികുതിദായകൻ ആയാലും, ഓരോ ഇൻവോയ്സ് റഫറൻസ് നമ്പറും മറ്റുള്ളവയിൽ നിന്നും വ്യത്യസ്തമായിരിക്കും.

ചുരുക്കത്തിൽ, ഇൻവോയ്സ് വിവരങ്ങൾ സമർപ്പിക്കുമ്പോൾ ഇ-ഇൻവോയ്സ് സിസ്റ്റമാണ് ഇൻവോയ്സ് റഫറൻസ് നമ്പർ നൽകുന്നത്. ഇത് ഓരോ രേഖയെയും (ഡോക്യുമെന്റ് (ഇൻവോയ്സ്/ ഡെബിറ്റ് നോട്ട്/ ക്രെഡിറ്റ് നോട്ട്)) പ്രത്യേകമായി വേർതിരിക്കാൻ സഹായിക്കുന്നതോടൊപ്പം, വ്യാജമായി രേഖകൾ ഉണ്ടാക്കുന്നത് തടയാനും, ജി.എസ്.ടി.യിലെ റിട്ടേൺ സമർപ്പണം ഉൾപ്പെടെയുള്ള ഇടപാടുകളിൽ സുതാര്യതയും കൃത്യതയും വരുത്തുവാനും ലക്ഷ്യമിടുന്നു.

**(മഞ്ചേശ്വരം ജി.പി.എം ഗവൺമെന്റ് കോളേജിലെ വാണിജ്യ വിഭാഗം മേധാവിയാണ് ലേഖകൻ)**



ലോറൻസ് മാത്യു

# മാറ്റങ്ങളുമായി ഫാഷൻ വ്യവസായ മേഖല




അനുദിനം മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന ഒന്നാണ് ഫാഷൻ വ്യവസായ രംഗം. ആധുനിക സാങ്കേതിക വിദ്യകളുടെ ചിറകിലേറി മുന്നേറിക്കൊണ്ടിരിക്കുകയാണ് ഈ വ്യവസായം.

## കൃത്രിമ ബുദ്ധിയും ഫാഷൻ രംഗവും

ഏത് വ്യവസായത്തിലും കസ്റ്റമൈസേഷനാണ് ഇപ്പോൾ ട്രെൻഡ്. ഉപഭോക്താവിന്റെ ആവശ്യങ്ങൾക്കനുസരിച്ച് ഉല്പ്പന്നങ്ങളിൽ മാറ്റങ്ങൾ വരുത്തുന്നതാണിത്. ഇത് ഏറ്റവും കൂടുതൽ ആവശ്യമായി വന്നിരിക്കുന്ന ഒരു വ്യവസായമാണ് വസ്ത്ര വ്യവസായം. ഇവിടെ പലപ്പോഴും ആധുനിക സാങ്കേതിക വിദ്യകൾ സഹായത്തിനെത്താറുണ്ട്. പ്രത്യേകിച്ചും ഓൺലൈൻ വ്യാപാരങ്ങൾ





അരങ്ങു തകർക്കുന്ന ഈ കാലഘട്ടത്തിൽ. പഠനങ്ങൾ കാണിക്കുന്നത് ഓൺലൈനിൽ വാങ്ങുന്നതായ 40 ശതമാനത്തോളം വസ്ത്രങ്ങളും തിരികെ അയക്കപ്പെടുന്നുവെന്നാണ്. ഇത് സംഭവിക്കുന്നത് ഭൂരിഭാഗവും വസ്ത്രത്തിന്റെ അളവ് ശരിയാവാത്തതിലാണ്. ഇവിടെയാണ് ആർട്ടിഫിഷ്യൽ ഇന്റലിജെൻസ് അഥവാ കൃത്രിമ ബുദ്ധി സഹായത്തിനെത്തുന്നത്. ഒരു ഉപദേശകന്റെ റോളാണ് ഇവിടെ. അതായത് ഉപഭോക്താവിന്റെ അളവിനനുസരിച്ച് വസ്ത്രങ്ങൾ രൂപ കല്പ്പന ചെയ്യുവാൻ ഇത് സഹായകരമാകുന്നു. അതായത് ഉപഭോക്താവിന്റെ സൈസിനും നിറത്തിനും ചേർന്ന വസ്ത്രങ്ങൾ തിരഞ്ഞെടുക്കുവാൻ ഇത് റെക്കമെന്റ് ചെയ്യുന്നു എന്നർത്ഥം. ആയതിനാൽത്തന്നെ തിരികെ അയക്കപ്പെടുന്ന ഓർഡറുകൾ ഒഴിവാക്കുവാൻ സാധിക്കുന്നു. ഒരു വലിയ വസ്ത്ര നിർമ്മാണ കമ്പനിയുടെ വിവിധ റീടെയിൽ ഷോറൂമുകളിലെ സ്റ്റോക്ക് മാനേജ് ചെയ്യുവാൻ ആർട്ടിഫിഷ്യൽ ഇന്റപലിജെൻസ് ഉപയോഗിക്കുന്നുണ്ട്. 2022 ൽ ഇത് വഴി 340 ബില്യൺ സേവ് ചെയ്യുവാൻ കഴിയുമെന്നാണ് ഫ്രഞ്ച് കൺസൾട്ടിങ്ങ് കമ്പനിയായ Capgemini പറയുന്നത്.

ലോകത്തിൽ പരിസ്ഥിതി മലിനീകരണമുണ്ടാക്കുന്ന വ്യവസായങ്ങളിൽ മുന്നിരയിലാണ് ഫാഷൻ വ്യവസായം. ആഗോള തലത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന കാർബൺ മോണോക്സൈഡിൽ 10 ശതമാനവും ഈ വ്യവസായത്തിന്റെ സംഭാവനയാണ്. വ്യവസായങ്ങളിൽ നിന്നുള്ള മലിനീകരണ ജലത്തിന്റെ 20 ശതമാനവും ഈ വ്യവസായത്തിൽ നിന്നുമാണുള്ളത്. ഇത് ഇത്തരത്തിൽ തുടർന്ന് പോകുന്നത് ചിന്തിക്കുവാൻ തന്നെ കഴിയുന്നതല്ല. ഉൽപ്പാദനത്തിന്റെ വിവിധ ഘട്ടങ്ങളിൽ കൃത്രിമ ബുദ്ധിയുടെ ഉപയോഗം തുണിയുടെ വേസ്റ്റ് കുറക്കുവാൻ സഹായിക്കുന്നു.

ലോകത്തിലെ ഏറ്റവും വലിയ ഫാഷൻ കമ്പനികളിലൊന്നായ H&M ഈ സാങ്കേതിക വിദ്യ വ്യപകമായി ഉപയോഗിക്കുന്നുണ്ട്. ലോജിസ്റ്റിക്സ് പ്ലാൻ ചെയ്യുവാനും, വിറ്റഴിക്കപ്പെടാതുള്ള സ്റ്റോക്ക് കുറക്കുവാനുമെല്ലാം ഇതവർക്ക് സഹായകരമായി

> ലോകത്തിൽ പരിസ്ഥിതി മലിനീകരണമുണ്ടാക്കുന്ന വ്യവസായങ്ങളിൽ മുന്നിരയിലാണ് ഫാഷൻ വ്യവസായം. ആഗോള തലത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന കാർബൺ മോണോക്സൈഡിൽ 10 ശതമാനവും ഈ വ്യവസായത്തിന്റെ സംഭാവനയാണ്. വ്യവസായങ്ങളിൽ നിന്നുള്ള മലിനീകരണ ജലത്തിന്റെ 20 ശതമാനവും ഈ വ്യവസായത്തിൽ നിന്നുമാണുള്ളത്.

ഒരു വലിയ റീടെയിൽ ഷോപ്പിലെ ഇൻവെന്ററി റെക്കോർഡുകൾ സൂക്ഷിക്കുവാനും ആയത് അനലൈസ് ചെയ്ത് തീരുമാനങ്ങളെടുക്കുവാനും ഈ സാങ്കേതിക വിദ്യ കൊണ്ട് സാധ്യമാണ്. ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെടുന്ന സ്റ്റോക്ക് ഏതാണെന്നും ഏറ്റവും കുറവ് വിൽക്കപ്പെടുന്നവ ഏതെന്നും കൃത്യമായി കണ്ടെത്തുവാനും അത് വഴി ബിസിനസ്സ് കൃത്യമായി മാനേജ് ചെയ്യുവാനും സാധ്യമാണ്.




മാറുന്നുണ്ട്. ഒരിക്കൽ പർച്ചേസ് ചെയ്ത ഉപഭോക്താവിന്റെ ഡേറ്റ പിന്നീട് അനലൈസ് ചെയ്ത് അവർക്കാവശ്യമായ ഡ്രസ്സ് ഡിസൈൻ ചെയ്യുവാൻ സാധിക്കുമിവിടെ. കസ്റ്റമറുടെ ഡേറ്റ അനലൈസ് ചെയ്ത് അവർക്ക് ആവശ്യമുള്ളതെന്തെന്ന് കണ്ടെത്തുവാനും അതനുസരിച്ച് തീരുമാനങ്ങളെടുക്കുവാനും ഈ സാങ്കേതിക വിദ്യ സഹായകരമായി മാറുന്നുണ്ട്.

നിലവിലെ ട്രെൻഡ് പ്രവചിക്കുവാനും ഈ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുവാൻ കഴിയും. സോഷ്യൽ മീഡിയ അടക്കമുള്ളവ പരിശോധിച്ച് നിലവിലെ ട്രെൻഡ് മനസ്സിലാക്കി അതനുസരിച്ചുള്ള വസ്ത്രങ്ങൾ ഡിസൈൻ ചെയ്ത് വിപണിയിലെത്തിക്കുവാൻ ആർട്ടിഫിഷ്യൽ ഇന്റലിജെൻസിന്റെ സഹായത്താൽ സാധ്യമാണ്.

ഒരു വലിയ റീടെയിൽ ഷോപ്പിലെ ഇൻവെന്ററി റെക്കോർഡുകൾ സൂക്ഷിക്കുവാനും ആയത് അനലൈസ് ചെയ്ത് തീരുമാനങ്ങളെടുക്കുവാനും ഈ സാങ്കേതിക വിദ്യ കൊണ്ട് സാധ്യമാണ്. ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെടുന്ന സ്റ്റോക്ക് ഏതാണെന്നും ഏറ്റവും കുറവ് വിൽക്കപ്പെടുന്നവ ഏതെന്നും കൃത്യമായി കണ്ടെത്തുവാനും അത് വഴി ബിസിനസ്സ് കൃത്യമായി മാനേജ് ചെയ്യുവാനും സാധ്യമാണ്.

ഉൽപ്പാദന വേളയിൽ തുണിത്തരങ്ങളുടെ വില കൃത്യമായി കണക്കാക്കുവാൻ ആർട്ടിഫിഷ്യൽ ഇന്റലിജെൻസ് ഉപയോഗിക്കുന്നുണ്ട്. വിപണിയിൽ വിജയിച്ച ബ്രാൻഡുകളുടെ ഡ്യൂപ്ലിക്കേറ്റ് ഇറങ്ങുന്നത് സാധാരണമാണ്. ഇത് യഥാർത്ഥ ഉൽപ്പന്നത്തിനെ സാരമായി ബാധിക്കുന്ന സാഹചര്യം പലപ്പോഴും ഉണ്ടാകാറുണ്ട്. ആയതിനാൽത്തന്നെ

ഇത്തരം വ്യാജന്മാരെ കണ്ടെത്തുവാനും കൃത്രിമ ബുദ്ധി സാഹായത്തിന് എത്താറുണ്ട്.


## ഫാഷൻ ലോകത്തെ ഓഗ്മെന്റെഡ് റിയാലിറ്റി

ആധുനിക കാലഘട്ടത്തിലെ സാങ്കേതിക വിദ്യകളാണ് വിർച്ചൽ റിയാലിറ്റിയും ഓഗ്മെന്റെഡ് റിയാലിറ്റിയും. ഇന്ന് ഈ സാങ്കേതിക വിദ്യകളും ഫാഷൻ ലോകത്ത് ഉപയോഗിക്കുന്നുണ്ട്. പഠനങ്ങൾ തെളിയിക്കുന്നത് മനുഷ്യർ കാണുന്ന കാര്യങ്ങളിൽ 70 ശതമാനവും വായിക്കുന്ന കാര്യങ്ങളിൽ 20 ശതമാനവും കേൾക്കുന്ന കാര്യങ്ങളിൽ 10 ശതമാനവും ഓർമ്മയിൽ സൂക്ഷിച്ചു വെക്കുന്നുവെന്നാണ്. ഇത് തിരിച്ചറിയുന്നത് കൊണ്ടാണ് ഫാഷൻ കമ്പനികൾ വിഷ്വൽ ഇഫക്ട്സ് ആയി വിവരങ്ങൾ കസ്റ്റമേഴ്സിലേക്കെത്തിക്കുവാൻ ശ്രമമിക്കുന്നത്. ഇഷ്ടപ്പെട്ട ഡ്രസ്സ് നമ്മൾ ഇട്ട് നിൽക്കുന്നതായിട്ടുള്ള വിഷ്വൽ കണ്ട് സെലക്ട് ചെയ്യുവാൻ കഴിയും. 80 ശതമാനത്തോളം റിട്ടേണുകൾ ഒഴിവാക്കുവാൻ ഇത് വഴി കഴിയും. പലപ്പോഴും ഓൺലൈനായി വാങ്ങുന്ന ഡ്രസ്സുകൾ സൈസിന് ചേരില്ലയെന്നതാണ് റിട്ടേൺ ആകുവാനുള്ള കാരണം. ഒരു നല്ല പരിധി വരെ ഇത് പരിഹരിക്കുവാൻ ഈ നൂതന സാങ്കേതിക വിദ്യക്കാവും. അതായത് വിർച്ചൽ ഫിറ്റിങ്ങ് റൂമുകൾ ഇതിലൂടെ സാധ്യമാണ്.

വിപണി പഠനമെന്നത് ഏതൊരു വ്യവസായത്തിനും ഒഴിച്ചു കൂടാനാവാത്ത ഒന്നാണ്. ഏത് ഫാഷനാണ് പോപ്പുലർ, ഏതാണ് ഏറ്റവും കുറവ് പോപ്പുലർ, ഒരു കസ്റ്റമർ എത്ര സമയം കൊണ്ടാണ് ഒരു ഉൽപ്പന്നം വാങ്ങുവാനുള്ള തീരുമാനം എടുക്കുന്നത്. ഇപ്രകാരമുള്ള വിവരങ്ങൾ വ്യക്തിപരമായ പരസ്യങ്ങൾ കൊടുക്കുവാനുപകരിക്കും. ഇത് ഒക്കെയും ഇത്തരം സാങ്കേതിക വിദ്യകൾ വഴി സാധ്യമാണ്. സോഷ്യൽ മീഡിയ ഫിൽറ്റേഴ്സ് ആയി ഓഗ്മെന്റഡ് റിയാലിറ്റി ഉപയോഗിക്കുന്നുണ്ടിപ്പോൾ.

## ഇന്റർനെറ്റ് ഓഫ് തിങ്സും ഫാഷൻ വ്യവസായവും

എല്ലാ വസ്തുക്കളിലും ഇന്റർനെറ്റുണ്ടാവുകയും അവ പരസ്പരം സംവേദിക്കുകയും ചെയ്യുന്നതാണ് ഇന്റർനെറ്റ് ഓഫ് തിങ്സ് എന്ന് ഒറ്റ വാചകത്തിൽ പറയാം. ഇത് വസ്ത്രങ്ങളിലേക്ക് സന്നിവേശിപ്പിച്ചാൽ അതാണ് സ്മാർട്ട് ഡ്രസ്സുകൾ എന്ന കൺസെപ്റ്റ്. ഹൃദയ സ്പന്ദനം, ഇ സി ജി, ഷുഗർ ലെവൽ തുടങ്ങിയവയെല്ലാം തൽസമയം അറിയുവാൻ ഇത്തരം വസ്ത്രങ്ങൾ ഉപയോഗിക്കുവാൻ കഴിയും. ഉയർന്ന സമ്മർദ്ദമുള്ള സാഹചര്യങ്ങളിൽ ജോലി ചെയ്യുന്നവർക്ക് ഏറെ സഹായകരമാണ് ഇത്തരം വസ്ത്രങ്ങൾ. ഇതിനായുള്ള പ്രത്യേക ആപ്പുകൾ ഉപയോഗിച്ച് തൽസമയം വ്യക്തികളുടെ ആരോഗ്യസ്ഥിതി വിശകലനം ചെയ്യുവാനും ഡോക്ടറുടെ സഹായം ആവശ്യമെങ്കിൽ തേടുകയും ചെയ്യാം.






ഇത്തരം വസ്ത്രങ്ങൾ കൂടുതൽ ഉപയോഗിക്കപ്പെടുന്ന ഒരു മേഖലയാണ് സ്പോർട്സ് വസ്ത്രങ്ങൾ. ഒരു കളിക്കാരന്റെ ആരോഗ്യ സ്ഥിതി തൽസമയം വിലയിരുത്തുക വഴി അദ്ദേഹത്തെ മാറ്റി പകരം മറ്റൊരാളെ ഇറക്കണമോ എന്നൊക്കെ തീരുമാനിക്കുവാൻ കഴിയും. ഫുട്ബോൾ കളിക്കാരുടെ ബൂട്ടുകളിൽ ഇന്റർനെറ്റ് സന്നിവേശിപ്പിക്കുവാൻ കഴിഞ്ഞാൽ പരിശീലകർക്ക് പന്ത് തിരിയുന്ന ദിശ ഉൾപ്പെടെ മനസ്സിലാക്കുവാൻ കഴിയുന്നു. ലൂമിയ പോലുള്ള കമ്പനികൾ ഇപ്പോൾ ഇത്തരം വസ്ത്രങ്ങൾ മാർക്കറ്റിൽ ഇറക്കുവാനുള്ള തയ്യാറെടുപ്പിലാണ്.

## ബ്ലോക്ക് ചെയിൻ ഫാഷൻ വ്യവസായത്തിൽ

ബ്ലോക്ക് ചെയിൻ എന്നൊരു വാക്ക് നമുക്ക് എല്ലാവർക്കും സുപരിചിതമാണ്.വാണിജ്യരംഗത്ത് അതിവേഗം വളർന്നുവരുന്ന സാങ്കേതികവിദ്യയാണ് ബ്ലോക്ക് ചെയിൻ. ഒരു ഡിസ്ട്രിബ്യൂട്ടഡ് ഡാറ്റാബേസ് ആണ് ഇത്. പുത്തൻ സാങ്കേതിക വിദ്യ ഉപയോഗിച്ച് നമ്മുടെ വിവരങ്ങളും, ഡാറ്റകളും, പണമിടപാടുകളും ഒക്കെ സൂക്ഷിക്കാവുന്ന ഒന്നാണ് ബ്ലോക്ക് ചെയിൻ. തുടർച്ചയായി പുതുക്കപ്പെട്ടുകൊണ്ടിരിയ്ക്കുന്ന ഈ ഡാറ്റാബേസ് തിരുത്തലുകളും കയ്യാങ്കളികളും അസാദ്ധ്യമാം വിധം സുരക്ഷിതമാക്കപ്പെട്ടതാണ്. ബ്ലോക്ക്ചെയിനിനെ വേണമെങ്കിൽ ഇങ്ങനെ വിശേഷിപ്പിക്കാം. 'സുരക്ഷിതവും, ആർക്കും തിരുത്താൻ കഴിയാത്തതും സ്ഥിരമായതും, കാല ക്രമം അനുസരിച്ചുള്ള ഇടപാടുകളുടെയും ഒരു അക്കൗണ്ട് ബുക്ക്'. അതിനാൽത്തന്നെ വസ്ത്രങ്ങളുടെ സപ്ലൈ ചെയിനിൽ ഈ സംവിധാനം ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിയുന്നുണ്ട്.

RFID അഥവാ Radio Frequency Identification ഉപയോഗിച്ച്പിഴവുകളില്ലാതെ സ്റ്റോക്ക് അയക്കുവാൻ ഈ സംവിധാനം ഉപയോഗിക്കുവാൻ കഴിയും. ഇത് വഴി സപ്ലൈ ചെയിനിന്റെ സുരക്ഷ ഉറപ്പ് വരുത്തുവാൻ കഴിയും. ഒരു കമ്പനിയുടെ വിവിധ ഡിപ്പാർട്ട്മെന്റുകൾ തമ്മിലുള്ള ഇന്ററാക്ഷൻ വർദ്ധിപ്പിക്കുവാൻ ഇത് വഴി സാധ്യമാണ്.

## ഓട്ടോമേഷൻ ഫാഷൻ വ്യവസായത്തിൽ

മുൻ കാലങ്ങളിലേക്കാളേറെയായി ഓട്ടോമേഷനുമായി മുമ്പോട്ട് പോവുകയാണ് ഈ വ്യവസായ രംഗം. നൂലിന്റെ മാത്രമല്ല വസ്ത്രങ്ങളുടെ ഉൽപ്പാദനത്തിലും ഓട്ടോമേഷൻ ആണ് ഇപ്പോൾ ട്രെൻഡ്. തുണി കട്ട് ചെയ്യുവാനും ഇൻസ്പെക്ട് ചെയ്യുവാനും തയ്ക്കുവാനും ഇന്ന് ആധുനിക മെഷിനറികൾ ലഭ്യമാണ്. റോബോട്ടുകൾ നിയന്ത്രിക്കുന്ന മെഷിനറികളാണ് ഈ ആധുനിക കാലഘട്ടത്തിൽ ട്രെൻഡ്. Sewing Robot (Sewbo) എന്നത് ഈ വ്യവസായത്തിലെ ഒരു റോബോട്ടാണ്. 100 ശതമാനവും ഓട്ടോമേഷനാണ് ഇതിലൂടെ സാധ്യമാകുന്നത്.

നിരവധി മാറ്റങ്ങളുമായി ഫാഷൻ വ്യവസായ രംഗം അരങ്ങ് തകർക്കുവാനൊരുങ്ങുകയാണ്. മാറ്റങ്ങളുടെ ഈ കുത്തൊഴുക്ക് പ്രയോജനപ്പെടുത്തുവാൻ ചെറുകിട വ്യവസായങ്ങൾക്കും കഴിയേണ്ടതുണ്ട്.

പാർവ്വതി ആർ നായർ

# സംരംഭകത്വം-സമ്പദ്വ്യവസ്ഥയുടെ അടിസ്ഥാനശില

ഒരു രാജ്യത്തിന്റെ ക്ഷേമൈശ്വര്യങ്ങൾക്കു നിദാനം സുസ്ഥിരമായ സമ്പദ്വ്യവസ്ഥയാണ്. കാർഷികമേഖല, വ്യാവസായിക മേഖല, സേവന മേഖല എന്നിവയായിരുന്നു പണ്ട് ധനതത്വശാസ്ത്രത്തെ സുദൃഢമാക്കുന്ന നെടുംതൂണുകളായി കണ്ടിരുന്നത്. കാലവും കാലാവസ്ഥയും ഏറെ മാറി. ആഡം സ്മിത്ത്, ആൽഫ്രഡ് മാർഷൽ, ജെ എം കെയിൻസ് എന്നീ ധനതത്വശാസ്ത്രകാരന്മാരുടെ നിർവ്വചനങ്ങൾക്കുമപ്പുറം സാമ്പത്തിക ശാസ്ത്രവും ലോകവും വളർന്നു. പ്രഥമം, ദ്വിതീയം, തൃതീയം എന്നിവയ്ക്കൊപ്പം ചതുർമേഖലയായി വിവര സാങ്കേതിക വിദ്യയും ഡിജിറ്റൽ സാങ്കേതിക രംഗവും ആവിർഭവിയ്ക്കുകയും പടർന്നു പന്തലിയ്ക്കുകയും ചെയ്തു. നാലാമതെത്തിയ സാങ്കേതികവിദ്യയ്ക്ക് പ്രചാരം ഏറിവരികയും ചെയ്യുന്നു.


നാലു മേഖലകളിലും സംരംഭങ്ങൾക്ക് അനന്തസാധ്യതകളാണുള്ളത്. ലോകരാജ്യ വികസിത രാജ്യങ്ങൾ (developed nations), വികസിച്ചുകൊണ്ടിരിയ്ക്കുന്ന രാജ്യങ്ങൾ (developing countries), അവികസിത രാജ്യങ്ങൾ (undeveloped countries) എന്നു മൂന്നായി തരം തിരിയ്ക്കാം.



വ്യാവസായിക മേഖലയിലും ഇതേ രീതിയിലുള്ള മാറ്റങ്ങൾ അനിവാര്യമാണ്. വൻകിട വ്യവസായങ്ങൾ മുതൽ മൈക്രോ എന്റർപ്രൈസസ് വരെ കാലത്തിനനുസരിച്ചു മാറുകയാണ്. ഒരു വീട്.... ഒന്നിലേറെ സംരംഭങ്ങൾ..... എന്നതൊരു നവീനാശയമല്ലേ? മറ്റുള്ളവർക്ക് ആവശ്യമായതെന്തോ അത് നാലു ചുമരുകൾക്കുള്ളിൽ എല്ലാ ആരോഗ്യ, പാരിസ്ഥിതിക, വ്യവസായ മാന ദണ്ഡങ്ങൾ പാലിച്ച് ഉല്പാദിപ്പിക്കുകയും വിപണനം ചെയ്യുകയും അതിലൂടെ സ്ഥിരമായ തൊഴിലും വരുമാനവും ഒന്നിലേറെ കുടുംബങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുക എന്നത് ഇന്ന് വ്യാപകമാകുന്നു.

ഇതിൽ വികസിത രാജ്യങ്ങളിൽ പ്രഥമമേഖല എന്നത് വ്യവസായവും മറ്റു രാജ്യങ്ങളിൽ കൃഷിയുമാണ്. ഇന്ത്യ തന്നെ ഉദാഹരണമായിട്ടെടുക്കാം. ആകെ ജനസംഖ്യയുടെ അറുപതു ശതമാനത്തിലേറെ കാർഷിക മേഖലയിലാണ് പണിയെടുക്കുന്നത്. എന്നാൽ യൂറോപ്യൻ രാജ്യങ്ങളിൽ ഇതു നേരെ തിരിച്ചാണ്. കാർഷിക മേഖലയിലെ ഉല്പാദനം ശാസ്ത്രീയമായും എന്നാൽ പരിസ്ഥിതിയ്ക്കിണങ്ങും വിധവും വർദ്ധിപ്പിച്ചുകൊണ്ട് ഉല്പാദന വർദ്ധനവുണ്ടാക്കിയാൽ മാത്രമേ നമുക്കും വികസന പാതയിൽ ഏറെ മുന്നോട്ടു പോകാനാവൂ. ഇതിലേയ്ക്കുള്ള വഴികളാണ് കൃഷിയിടങ്ങളിലെ സംരംഭകത്വം ഊർജ്ജസ്വലമാക്കുക എന്നത്. വിത്തു മുളപ്പിക്കൽ, വിളവെടുക്കൽ, സംഭരിയ്ക്കൽ, സംസ്കരിയ്ക്കൽ, മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിയ്ക്കൽ വിപണന ശൃംഖല സ്ഥാപിയ്ക്കൽ എന്നിങ്ങനെ ആറു പ്രക്രിയകളിലും ഡിജിറ്റൽ ടെക്നോളജിയുടെ സന്നിവേശം കൂടുതൽ പ്രയോജനപ്രദമാകും. ആധുനിക കാലത്തിനൊക്കുംവിധം സമഗ്രമായ മാറ്റങ്ങൾ ഇവിടെ ആവശ്യമാണ്. ഇതെപ്പറ്റിയുള്ള ഒരു ദേശീയ സെമിനാറിൽ കാർഷിക മേഖലയുടെ ആധുനിക വൽകരണത്തിന് കർഷകൻ പാന്റ്സും കോട്ടും ടൈയും ഹാറ്റുമണിഞ്ഞാൽ മതിയോ എന്നൊരു കുസൃതിച്ചോദ്യം ഒരാൾ ഉരുവിടുകയുണ്ടായി. വ്യക്തികളുടെ ബാഹ്യമായ മാറ്റമല്ല ഇതുകൊണ്ടുദ്ദേശിയ്ക്കുന്നത്. പരമ്പരാഗതമായി അനുവർത്തിച്ചു വന്ന രീതികളെ ആധുനികവൽക്കരിയ്ക്കുകയും, ശാസ്ത്രീയ ഗവേഷണങ്ങളിലൂടെ കണ്ടെത്തിയ അറിവുകളും, ഉപകരണങ്ങളും, ശൈലികളും, ഉത്തേജകങ്ങളും പൂർണമായും ഉപയോഗപ്പെടുത്തുകയുമാണ് ഇവിടെ അർത്ഥമാക്കുന്നത്. ഈ രംഗത്തേയ്ക്ക് പുതിയ സ്റ്റാർട്ടപ്പുകൾ കടന്നുവരണം. പുതിയ സംരംഭങ്ങളും സംരംഭകരും ഇതിനായി തയ്യാറാവട്ടെ.

വ്യാവസായിക മേഖലയിലും ഇതേ രീതിയിലുള്ള മാറ്റങ്ങൾ അനിവാര്യമാണ്. വൻകിട




വ്യവസായങ്ങൾ മുതൽ മൈക്രോ എന്റർപ്രൈസസ് വരെ കാലത്തിനനുസരിച്ചു മാറുകയാണ്. ഒരു വീട്.... ഒന്നിലേറെ സംരംഭങ്ങൾ..... എന്നതൊരു നവീനാശയമല്ലേ? മറ്റുള്ളവർക്ക് ആവശ്യമായതെന്തോ അത് നാലു ചുമരുകൾക്കുള്ളിൽ എല്ലാ ആരോഗ്യ, പാരിസ്ഥിതിക, വ്യവസായ മാനദണ്ഡങ്ങൾ പാലിച്ച് ഉല്പാദിപ്പിക്കുകയും വിപണനം ചെയ്യുകയും അതിലൂടെ സ്ഥിരമായ തൊഴിലും വരുമാനവും ഒന്നിലേറെ കുടുംബങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുക എന്നത് ഇന്ന് വ്യാപകമാകുന്നു. സംസ്ഥാന

വ്യവസായ വകുപ്പും ഇത്തരം സംരംഭങ്ങളെ പ്രോത്സാഹിപ്പിയ്ക്കുന്ന ഒരു നയമാണ് കൈക്കൊണ്ടുവരുന്നത്. മുകളിൽ പറഞ്ഞ മാന ദണ്ഡങ്ങൾ എന്ന പദം ചിലരിലെങ്കിലും ആശങ്ക ഉളവാക്കാം. അതിൽ പ്രത്യേകിച്ചൊന്നുമില്ല. വൃത്തിയും വെടിപ്പുമുള്ള സ്ഥലത്ത് ഉല്പാദനം ന ടത്തുകയും അതിലൂടെ പുറത്തു വരാവുന്ന മാലിന്യങ്ങളെ ശാസ്ത്രീയമായി സംസ്കരിയ്ക്കുയും ചെയ്യുക എന്നതാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. ജൈവമാലിന്യങ്ങളെ പുനരുപയോഗിച്ച് കാർഷിക സമൃദ്ധി കൈവരിയ്ക്കാം. ഉദാഹരണമായി ഒരു പ്ര മുഖ ഫുഡ് പ്രോസസിംഗ് യൂണിറ്റ് എടുക്കാം. അവിടെ അരിപ്പൊടി ഗോതമ്പ് പൊടി തുടങ്ങിയവയുടെ വ്യത്യസ്ത ഉൽപന്നങ്ങളാണു നിർമ്മിച്ചു വരുന്നത്. വിപണയിൽ നിന്നെത്തുന്ന ധാന്യങ്ങൾ മൂന്നു തവണ ശുദ്ധജലത്തിൽ വാഷ് ചെയ്ത്, ഡ്രൈ ചെയ്ത് പൗഡർ ആക്കുകയും പായ്ക്ക് ചെയ്യുകയുമാണ് ചെയ്യുന്നത്.

ഇപ്രകാരം വാഷ് ചെയ്ത് വരുന്ന ജലം അവിടെ സംഭരിച്ച് ഫാക്ടറി വളപ്പിലെ തെങ്ങുകൾ, പച്ചക്ക റികൾ, പൂച്ചെടികൾ എന്നിവയ്ക്ക് ചുവട്ടിലേയ്ക്ക് സാവധാനത്തിൽ ഒഴുകുന്നു. പൊരിവേനലിലും കുലകുലയായി കായ്ച്ച തെങ്ങുകളും, ഹരിതാഭ ചൊരിയുന്ന പച്ചക്കറികളും സപ്തവർണങ്ങൾ വിതറുന്ന പുഷ്പവാടിയും കൊണ്ടു സമ്പന്നമായ ഫാക്ടറി വളപ്പ് ഏതു സന്ദർശകരുടേയും ഹൃദയം കവരും. ഇതുപോലെ തന്നെ ഫിഷ് പ്രോസസിംഗ്, മീറ്റ് പ്രോസസിംഗ് യൂണിറ്റുകൾക്കും ജൈവമാലിന്യങ്ങളാൽ കാർഷിക സമൃദ്ധി ചൊരിയാനാവും. പരിസ്ഥിതി പ്രശ്നങ്ങളുയർത്താത്ത ഇത്തരം സംരംഭങ്ങൾ നാടിന് ഏറെ പ്രയോജനപ്ര ദമാണ്.

ഇതിനും പുറമേ ജൈവമാലിന്യങ്ങൾ സംഭരിച്ചു സംസ്കരിച്ച് പ്രയോജപ്പെടുത്തുന്ന സ്റ്റാർട്ടപ്പ് സംരം ഭങ്ങൾ ഇന്നത്തെ കാലഘട്ടത്തിന് അത്യന്താ പേക്ഷിതമാണ്. ഹോട്ടൽ മാലിന്യങ്ങൾ ജൈവ വളമാക്കിയും, പലഹാരങ്ങളും മത്സ്യമാംസാദികളും വറുത്തെടുത്ത എണ്ണ സംഭരിച്ച് ഇന്ധനമാക്കിയും ജലയാനങ്ങളുടെ അടിത്തട്ടിനുള്ള ലേപനമാക്കിയും പ്രയോജനപ്പെടുത്തുന്ന നിരവധി സംരംഭങ്ങൾ ഇന്ന് നാട്ടിലുയർന്നു വരുന്നുണ്ട്. പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കാതെയും പുതിയ തൊഴിലവസരങ്ങൾ പാഴാക്കാതെയുള്ള ഇത്തരം സംരംഭങ്ങൾ വിലയ ഉപകാരമാണ് സമൂഹത്തിനു ചെയ്തു വരുന്നത്.

സർവ്വീസ് മേഖലയിലും ഇന്ന് അടിമുടി മാറ്റം വരുകയാണ്. പേയ്മെന്റുകളും പർച്ചേസും മാത്രമല്ല, ചികിത്സയും പൊതുയോഗങ്ങളും ആരാധനയും, പ ഠനവും മത്സരങ്ങളും വരെ ഇന്ന് ഓൺലൈൻ ആയിക്കഴിഞ്ഞു. പുതിയ പുതിയ ആശയങ്ങൾ, അതനുസരിച്ചുള്ള സോഫ്റ്റ്വെയറുകൾ ഇവ പുതിയ സംരംഭങ്ങൾക്കു പ്രചോദനമാകുന്നു. അതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിയ്ക്കപ്പെടുമ്പോൾ ജനങ്ങളുടെ പർച്ചേസിങ്ങ് പവ്വർ എന്ന ഉപ ഭോഗശേഷി വർദ്ധിയ്ക്കുകയും വിപണി ഉണരുകയും ചെയ്യുന്നു. സംസ്ഥാനത്താകമാനം നവീന സംരംഭങ്ങളിലൂടെയുണ്ടാവുന്ന ഈയൊരു മാറ്റം എല്ലാ വിപണികൾക്കും ഉത്തേജനമാകുന്നു. കൂടുതൽ അവസരം, കൂടുതൽ വരുമാനം, കൂടുതൽ ഉപഭോഗം, കൂടുതൽ ഉല്പാദനം എന്നിങ്ങനെ ചാക്രികമായ ഒരു സജീവത സമ്പദ് വ്യവസ്ഥയ്ക്കു കരുത്തു പ കരുന്നു. ഇതു മറ്റെല്ലാ രംഗങ്ങളിലും അനുരണനങ്ങൾ ഉണ്ടാക്കുന്നു. ചെറുതോ വലുതോ ആവട്ടെ, കൂടുതൽ സംരംഭങ്ങളാണ് നമുക്കാവശ്യം. അതിനുള്ള നയപ രിപാടികളാണു സർക്കാർ ആവിഷ്കരിച്ചിരിയ്ക്കുന്നത്. ഉയർന്ന പ്രതിശീർഷ വരുമാനത്തിലൂടെ ഉയർന്ന ദേശീയ വരുമാനത്തിലേയ്ക്കു നമുക്കു മുന്നേറാം. കാലം അനുകൂലമാണ്. ഭരണ സംവിധാനങ്ങളും ഒപ്പമുണ്ട്. നമുക്ക് മുന്നേറാം.



സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പുമായി സഹകരിച്ച് ധനം ബുക്സ് പുറത്തിറക്കുന്ന 'കേരളത്തിൽ വ്യവസായം തുടങ്ങാൻ അറിയേണ്ടതെല്ലാം' എന്ന പുസ്തകത്തിന്റെ പ്രകാശനം വ്യവസായമന്ത്രി പി. രാജീവ്, നിംസ് മെഡിസിറ്റി മാനേജിംഗ് ഡയറക്റ്റർ എം. എസ് ഫൈസൽ ഖാന് നൽകി നിർവഹിച്ചു. തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ കിൻഫ്ര മാനേജിംഗ് ഡയറക്റ്റർ സന്തോഷ് കോശി തോമസ്, ധനം മാനേ ജിംഗ് ഡയറക്റ്ററും ചീഫ് എഡിറ്ററുമായ കുര്യൻ ഏബ്രഹാം, എക്സിക്യൂട്ടീവ് എഡിറ്റർ മരിയ ഏബ്രഹാം, പുസ്തകത്തിന്റെ രചയിതാവ് ഡോ. സുധീർബാബു എന്നിവർ സംബന്ധിച്ചു.

**മനോജ് മാതിരപ്പള്ളി**

# ഭൗമസൂചികാ ഉത്പന്നങ്ങളുടെ കമ്പോളസാധ്യതയും മാർക്കറ്റിംഗും

ഗുണമേന്മയുള്ള ഉത്പന്നങ്ങൾക്ക് ലോകമെമ്പാടും മികച്ച ഡിമാൻഡുണ്ട്. ആഭ്യന്തരകമ്പോളത്തിലും രാജ്യാന്തരവിപണിയിലുമൊന്നും സ്ഥിതി വ്യത്യസ്തമല്ല. ഇവിടെയാണ് ഭൗമസൂചികാപദവി (ജിയോഗ്രഫിക്കൽ ഇൻഡിക്കേഷൻ ടാഗ്-ജി.ഐ. ടാഗ്) ലഭിച്ച ഉത്പന്നങ്ങളുടെ പ്രസക്തി. ഭൗമസൂചികാപദവിയിലൂടെ ആഗോളതലത്തിലുള്ള അംഗീകാരമാണ് വിവിധ ഉത്പന്നങ്ങൾക്ക് ലഭിക്കുന്നത്. അതുകൊണ്ടുതന്നെ ഇത്തരം ഉത്പന്നങ്ങൾക്ക് വിപണിയിൽ ഉയർന്ന സ്ഥാനം കിട്ടും. മാത്രവുമല്ല, ജി.ഐ. ഉത്പന്നങ്ങൾക്ക് നിയമസംരക്ഷണം ഉള്ളതുകൊണ്ട് ആഗോളതലത്തിൽ അവയുടെ അനധികൃതവിൽപ്പന നിരോധിക്കപ്പെടുകയും ചെയ്യും. തനതായ നാടൻഉത്പന്നങ്ങൾക്ക് ആഭ്യന്തര-വിദേശ കമ്പോളങ്ങളിൽ ശക്തമായ സ്ഥാനം ഉറപ്പിക്കാൻ ഈ കാര്യങ്ങളെല്ലാം സഹായകമാണ്.

ഓരോ മേഖലയിലെയും തനതായ ഉത്പന്നങ്ങൾക്കാണ് ഭൗമസൂചികാപദവി ലഭിക്കുന്നത്. ഏതെങ്കിലുമൊരു ഉത്പന്നത്തിന്റെ പ്രശസ്തിയുടെയോ വിപണനസാധ്യ



ഓരോ മേഖലയിലെയും തനതായ ഉത്പന്നങ്ങൾക്കാണ് ഭൗമസൂചികാപദവി ലഭിക്കുന്നത്. ഏതെങ്കിലുമൊരു ഉത്പന്നത്തിന്റെ പ്രശസ്തിയുടെയോ വിപണനസാധ്യതയുടെയോ അടിസ്ഥാനത്തിലല്ല ഇങ്ങനെയൊരു അംഗീകാരം നൽകുക. പാരമ്പര്യസ്വഭാവം, തനതായ കൃഷിരീതി, മണ്ണ്, വെള്ളം, കാലാവസ്ഥ, നാട്ടറിവ് എന്നിവയെല്ലാം ഒത്തുചേരുന്ന ഉത്പന്നങ്ങൾക്ക് മാത്രമെ ജിയോഗ്രഫിക്കൽ ഇൻഡിക്കേഷൻ ടാഗ് ലഭിക്കുകയുള്ളൂ.

തയുടെയോ അടിസ്ഥാനത്തിലല്ല ഇങ്ങനെയൊരു അംഗീകാരം നൽകുക. പാരമ്പര്യസ്വഭാവം, തനതായ കൃഷിരീതി, മണ്ണ്, വെള്ളം, കാലാവസ്ഥ, നാട്ടറിവ് എന്നിവയെല്ലാം ഒത്തുചേരുന്ന ഉത്പന്നങ്ങൾക്ക് മാത്രമെ ജിയോഗ്രഫിക്കൽ ഇൻഡിക്കേഷൻ ടാഗ് ലഭിക്കുകയുള്ളൂ. ദേശപരവും ഭൂമിശാസ്ത്രപരവുമായ സവിശേഷതകളും ഗുണമേന്മയും നിർമ്മാണ വൈദഗ്ധ്യവുമെല്ലാം സമന്വയിക്കുന്ന ഉത്പന്നങ്ങളാണ് ഭൗമസൂചികാപദവി ഉള്ളവയെന്ന് അർത്ഥം. വ്യാവസായിക ഉത്പന്നങ്ങൾക്കും ഈ അംഗീകാരം ലഭിക്കുമെങ്കിലും രാജ്യത്ത്, പ്രത്യേകിച്ചും കേരളത്തിൽ ഇതുവരെയും ജി.ഐ. ടാഗ് നേടിയ ഉത്പന്നങ്ങളിൽ അധികവും കാർഷികമേഖലയിലാണ്.



## ഭൗമസൂചികാ പദവിയും കേരളവും

രാജ്യത്ത് ഏറ്റവുമധികം കാർഷിക-വ്യാവസായിക ഉത്പന്നങ്ങൾക്ക് ഭൗമസൂചികാപദവി നേടിയ സംസ്ഥാനങ്ങളിലൊന്നാണ് കേരളം. മുപ്പതിലധികം ഉത്പന്നങ്ങൾക്ക് ഇതിനകം തന്നെ ജി.ഐ. ടാഗ് ലഭിച്ചിട്ടുണ്ട്. 2005-ൽ ആറന്മുള കണ്ണാടിക്ക് അംഗീകാരം നേടിക്കൊണ്ടായിരുന്നു തുടക്കം. പാലക്കാടൻ മട്ടയരി, തിരൂർ വെറ്റില, ആലപ്പുഴ കയർ, ഞവരയരി, പയ്യന്നൂർ പവിത്രമോതിരം, പാലക്കാട് മദ്ദളം, വയനാട് ഗന്ധകശാല അരി, വയനാട് ജീരകശാല അരി, വാഴക്കുളം പൈനാപ്പിൾ, മറയൂർ ശർക്കര, കൈപ്പാട് അരി, ചേന്ദമംഗലം ദോത്തിയും സെറ്റുമുണ്ടും, പൊക്കാളി അരി, കാസർഗോഡ് സാരി, കുത്താമ്പുള്ളി സാരി, ബാലരാമപുരം സാരി, മധ്യതിരുവിതാംകൂർ ശർക്കര, നിലമ്പൂർ തേക്ക്, വയനാട് റോബസ്റ്റ കാപ്പി, ചെങ്ങാലിക്കോടൻ നേന്ത്രക്കായ, മലബാർ കുരുമുളക്, കുറ്റ്യാട്ടൂർ മാങ്ങ, എടയൂർ മുളക് തുടങ്ങിയവയെല്ലാം ഇതിൽ ഉൾപ്പെടുന്നു.

ഇതിനുപുറമെ വട്ടവട വെളുത്തുള്ളി, ആദിവാസിവിഭാഗമായ മന്നാന്മാർ നെയ്തെടുക്കുന്ന കണ്ണാടിപ്പായ, കൊടുങ്ങല്ലൂർ പൊട്ടുവെള്ളരി, ഓണാട്ടുകര എള്ള്, അട്ടപ്പാടി തുവര, ആട്ടുക്കര അമര തുടങ്ങി വിവിധ ഉത്പന്നങ്ങൾക്ക് ഭൗമസൂചികാപദവി നേടുന്നതിനുള്ള നടപടികളും പുരോഗമിക്കുകയാണ്. വർഷങ്ങൾ നീണ്ടുനിൽക്കുന്ന ശ്രമഫലമായാണ് ഏതെങ്കിലുമൊരു ഉത്പന്നത്തിന് ജിയോഗ്രഫിക്കൽ ഇൻഡിക്കേഷൻ ടാഗ് ലഭിക്കുന്നത്. ഓരോ ഉത്പന്നത്തിന്റെയും ചരിത്രപാരമ്പര്യവും സവിശേഷതകളും ഗുണമേന്മയുമെല്ലാം രേഖകളുടെ അടിസ്ഥാനത്തിൽ യുക്തിപരമായി തെളിയിക്കേണ്ടതുണ്ട്. രാജഭരണകാലത്തെയും ബ്രിട്ടീഷ് അധിനിവേശകാലത്തെയും രേഖകളും സാഹിത്യകൃതികളിലെ പരാമർശങ്ങളുമെല്ലാം ഇതിനായി ഉപയോഗിക്കുന്നു.

ഏതൊരു ഉത്പന്നത്തിനും ഈ അംഗീകാരം ലഭിക്കുന്നത് അത് നിർമ്മിക്കപ്പെടുന്ന/ ഉത്പാദിപ്പിക്കപ്പെടുന്ന ഭൂപ്രദേശത്തിന്റെ പേരിലാണ്. ഭൗമസൂ

ചികാപദവി എന്നു വിശേഷിപ്പിക്കപ്പെടുന്നതിന്റെ കാരണവും മറ്റൊന്നല്ല. പദവി ലഭിച്ചുകഴിഞ്ഞാൽ ആഗോളവ്യാപാര സംഘടനയുടെ വെബ്സൈറ്റിൽ ഈ ഉത്പന്നം അപ്‌ലോഡ് ചെയ്യപ്പെടും. ഇതോടൊപ്പം അംഗരാഷ്ട്രങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്യും. പിന്നീട് അങ്ങോട്ട്, രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള ഭൂപ്രദേശത്തിനുള്ളിൽ താമസിക്കുന്നവർക്ക് മാത്രമെ വിപണിയിൽ പ്രസ്തുത ഉത്പന്നത്തിന്റെ പേര് ഉപയോഗിക്കാൻ കഴിയുകയുള്ളൂ. എന്നിരുന്നാലും ഇവയുടെ വ്യാജന്മാരും കമ്പോളത്തിൽ എത്താനുള്ള സാധ്യത കൂടുതലുണ്ട്. ഇവിടെയാണ് ഒരു ഇ-കൊമേഴ്സ് പോർട്ടലിന്റെ പ്രസക്തി.

## ഇ – കൊമേഴ്സ് പോർട്ടലിന്റെ ആവശ്യകത

ദീർഘനാളത്തെ ശ്രമഫലമായാണ് പല ഉത്പന്നങ്ങൾക്കും ജിയോഗ്രഫിക്കൽ ഇൻഡിക്കേഷൻ ടാഗ് ലഭിക്കുന്നത്. കമ്പോളത്തിൽ ഇത് നേട്ടത്തിന് വഴിവെക്കുമെങ്കിലും പുതിയ സാധ്യതകൾ കണക്കിലെടുത്ത് മറ്റു പ്രദേശങ്ങളിൽനിന്നും ഇതേപേരിലുള്ള ഉത്പന്നം വിപണിയിലെത്തുന്നത് വലിയ വെല്ലുവിളിയാണ്. ഉദാഹരണത്തിന് മറയൂർ ശർക്കര. “മറയൂരിലെ കരിമ്പുകൃഷിക്കും ശർക്കര ഉത്പാദനത്തിനും നൂറ്റാണ്ടിലധികം പഴക്കമുണ്ട്. ഉയർന്ന ഉത്പാദനച്ചെലവ്, പ്രതികൂലമായ കാലാവസ്ഥ, വന്യജീവികളുടെ ശല്യം തുടങ്ങി പല തരത്തിലുള്ള പ്രതിസന്ധികളെയും നേരിട്ടാണ് ഞങ്ങൾ കരിമ്പുകൃഷി നടത്തുന്നതും ശർക്കരയുണ്ടാക്കുന്നതും. എന്നാൽ, ഭൗമസൂചികാപദവി ലഭിച്ചതിനെ തുടർന്ന് വിപണിയിൽ വിലവർദ്ധനയ്ക്ക് സാധ്യത തെളിഞ്ഞപ്പോൾ മറയൂർ ശർക്കര എന്ന പേരിൽതന്നെ തമിഴ്നാട്ടിൽനിന്നുള്ള ഉത്പന്നവും വരുന്നുണ്ട്. ഇതുമൂലം ഞങ്ങൾക്ക് അർഹമായ വില ലഭിക്കുന്നില്ല”; മറയൂരിലെ കരിമ്പുകർഷകനായ മണികണ്ഠൻ പറയുന്നു. യഥാർത്ഥ ഉത്പന്നമാണെന്ന് കരുതി വ്യാജ ഉത്പന്നം വാങ്ങുന്നതിലൂടെ ഉപഭോക്താക്കളും വഞ്ചിക്കപ്പെടുകയാണ്.

സർക്കാർ തലത്തിൽ തന്നെ ഒരു ഇ-കൊമേഴ്സ് പോർട്ടൽ തുടങ്ങാൻ കഴിഞ്ഞാൽ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയും. ഭൗമസൂചികാപദവി ലഭിച്ച ഉത്പന്നം തന്നെ വിറ്റഴിക്കപ്പെടുന്നതിനും യഥാർത്ഥ ഉത്പാദകന് അർഹമായ സാമ്പത്തിക നേട്ടം ഉണ്ടാകുന്നതിനും ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള ഉത്പന്നം ലഭിക്കുന്നതിനുമെല്ലാം ഇത് സഹായകമാകും. ഓരോ ഉത്പന്നത്തിന്റെയും സവിശേഷതകൾ, പാരമ്പര്യം, ഉത്പാദനമേഖല, ഉത്പാദകരെക്കുറിച്ചുള്ള വിശദാംശങ്ങൾ, അവരുടെ മേൽവിലാസം, ഫോൺനമ്പർ, ഇ-മെയിൽ വിലാസം തുടങ്ങിയവയെല്ലാം പോർട്ടലിൽ രേഖപ്പെടുത്താവുന്നതാണ്. അങ്ങനെയെങ്കിൽ, ആഭ്യന്തരവിപണിയിലും ലോകകമ്പോളത്തിലുമുള്ള ചെറുതും വലുതുമായ ഉപഭോക്താക്കൾക്കും കച്ചവടക്കാർക്കും യഥാർത്ഥ ഉത്പാദകനെ കണ്ടെത്താൻ സാധിക്കും.

ഇതോടൊപ്പം വിപണനം കൂടുതൽ സുതാര്യവും ക്ലേശരഹിതവുമാക്കാനുള്ള സംവിധാനവും ഉണ്ടാകണം. സർക്കാർ തലത്തിലോ സർക്കാരിന് കീഴിലുള്ള ഏതെങ്കിലും ഏജൻസിയുടെയോ നിയന്ത്രണത്തിൽ പോർട്ടൽ യാഥാർത്ഥ്യമാക്കാവുന്നതാണ്. പോർട്ടൽ മുഖേന നടക്കുന്ന വ്യാപാരങ്ങളുടെ മുഴുവൻ തുകയും ഒന്നോ രണ്ടോ ദിവസത്തിനുള്ളിൽ തന്നെ ഉത്പാദകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറപ്പെടണം. ഒരു സംസ്ഥാനത്തെ മുഴുവൻ ഭൗമസൂചികാപദവിയുള്ള ഉത്പന്നങ്ങളും ഒരു പോർട്ടലിൽ ലിസ്റ്റ് ചെയ്യപ്പെടുകയും അവയുടെ വ്യാപാരത്തിന് സൗകര്യമൊരുക്കുകയും ചെയ്യുന്നത് കയറ്റുമതി ഉൾപ്പെടെയുള്ള വിപണനത്തിന്റെ പുത്തൻസാധ്യത വിനിയോഗിക്കലാണ്.

ഭൗമസൂചികാപദവി ലഭിക്കുകയും ഇത്തരം ഉത്പന്നങ്ങളുടെ വിപണനത്തിനുവേണ്ടി ഇ-കൊമേഴ്സ് പോർട്ടൽ ആരംഭിക്കുകയും ചെയ്താൽ അനുകൂലഘടകങ്ങൾ ഏറെയുണ്ട്. ഇത്തരം ഉത്പന്നങ്ങൾക്കെല്ലാം പ്രത്യേകമായൊരു ബ്രാൻഡ് കിട്ടുമെന്നതാണ് ആദ്യത്തേത്. മറ്റൊന്ന്, ഈ ഉത്പന്നം പിന്നീട് ലോകത്തിന്റെ ഒരുഭാഗത്തും മറ്റാർക്കും വിപണനം ചെയ്യാനാവില്ല. പ്രാദേശിക ഉത്പന്ന

ഭൗമസൂചികാപദവി ലഭിക്കുകയും ഇത്തരം ഉത്പന്നങ്ങളുടെ വിപണനത്തിനുവേണ്ടി ഇ–കൊമേഴ്സ് പോർട്ടൽ ആരംഭിക്കുകയും ചെയ്താൽ അനുകൂലഘടകങ്ങൾ ഏറെയുണ്ട്. ഇത്തരം ഉത്പന്നങ്ങൾക്കെല്ലാം പ്രത്യേകമായൊരു ബ്രാൻഡ് കിട്ടുമെന്നതാണ് ആദ്യത്തേത്. മറ്റൊന്ന്, ഈ ഉത്പന്നം പിന്നീട് ലോകത്തിന്റെ ഒരുഭാഗത്തും മറ്റാർക്കും വിപണനം ചെയ്യാനാവില്ല.




സംരക്ഷണനിയമം ബാധകമാകുന്നതോടുകൂടി ജി. ഐ. ഉത്പന്നങ്ങൾക്ക് നിയമപരിരക്ഷ ലഭിക്കുകയും വ്യാജ ഉത്പന്നങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കാൻ കഴിയുകയും ചെയ്യും. ഇ-കൊമേഴ്സ് പോർട്ടലിലൂടെ ലോകത്തിന്റെ ഏതുഭാഗത്തുമുള്ള ഉപഭോക്താക്കൾക്ക് ഏതൊരു ഉത്പന്നവും വിരൽത്തുമ്പിലാവുമെന്ന പ്രത്യേകതയുമുണ്ട്.

## ഓൺലൈൻ വിപണനസാധ്യതകൾ

കമ്പ്യൂട്ടർ യുഗമായതോടെ മുഴുവൻ ഉത്പന്നങ്ങളുടെയും ഓൺലൈൻ വിപണനത്തിന്റെ സാധ്യതകൾ തുറന്നുകിട്ടിയെന്ന് പറയാം. രണ്ടു വർഷത്തിലേറെയായി തുടരുന്ന കോവിഡ്-19 ന്റെ വ്യാപനം ഇത് ഊട്ടിയുറപ്പിക്കുകയും ചെയ്തു. കമ്പ്യൂട്ടറുകൾക്ക് പ്രചാരം ലഭിച്ചപ്പോൾ മുതൽ സമൂഹത്തിലുള്ള അവയുടെ സ്വാധീനം പ്രകടമായിരുന്നു. ചില പഠനങ്ങൾപ്രകാരം റേഡിയോ 50 മില്യൺ ആളുകളിലേക്ക് എത്താൻ 38 വർഷങ്ങളെടുത്തു. ഇത്രയും ആളുകളിലേക്ക് ടെലിവിഷൻ എത്തുന്നത് 13 വർഷം കൊണ്ടാണ്. എന്നാൽ 50 മില്യൺ എന്ന ലക്ഷ്യം കൈവരിക്കാൻ ഇന്റർനെറ്റിന് നാലുവർഷം മാത്രമെ വേണ്ടിവന്നുള്ളൂ. ഇതിൽ നിന്നുതന്നെ ഓൺലൈൻ വിപണിയുടെ സാധ്യതകൾ എത്രത്തോളമുണ്ടെന്ന് വ്യക്തമാകുന്നു.

ഇ-കൊമേഴ്സ് പോർട്ടലിന് പുറമെ ഫേസ്ബുക്കും ഇൻസ്റ്റഗ്രാമും യൂട്യൂബും ഉൾപ്പെടെയുള്ള സോഷ്യൽ മീഡിയയെ ഉത്പന്നവിപണനത്തിന് ഫലപ്രദമായി വിനിയോഗിക്കാവുന്നതാണ്. സ്മാർട്ട് ഫോണുകളുടെ വരവോടെ ഈ സാധ്യത പതിന്മടങ്ങ് കുതിച്ചുയരുകയും ചെയ്തു. ഇന്നിപ്പോൾ, പരസ്യബോർഡുകളും അച്ചടി-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളും ഉച്ചഭാഷിണികളും ഉപയോഗിച്ചുള്ള പരമ്പരാഗത മാർക്കറ്റിംഗ് രീതിയേക്കാൾ ബഹുദൂരം മുന്നോട്ടുപോകാൻ ഓൺലൈൻ മാർക്കറ്റിംഗിന് കഴിഞ്ഞിട്ടുണ്ട്. പരമ്പരാഗത രീതിയെ അപേക്ഷിച്ച് ചെലവ് നാമമാത്രമാണ് എന്നതും ചുരുങ്ങിയ സമയത്തിനുള്ളിൽ കൂടുതൽ ആളുകളിലേക്ക് എത്താൻ കഴിയുന്നുവെന്നതുമെല്ലാം ഓൺലൈൻ പരസ്യത്തിന്റെ സവിശേഷതയാണ്. സ്വാഭാവികമായും ഏതൊരു ഉത്പന്നത്തിന്റെയും വിപണനത്തിലും ആനുപാതികമായ വളർച്ച കാണാം.

ജിയോഗ്രഫിക്കൽ ഇൻഡിക്കേഷൻ ലഭിച്ച ഉത്പന്നങ്ങളുടെ എണ്ണത്തിൽ ദേശീയതലത്തിൽതന്നെ മുന്നിൽ നിൽക്കുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളമെങ്കിലും ഇനിയും ഈ രംഗത്ത് സാധ്യത ഏറെയാണ്. ഗുണമേന്മയുള്ള ഒട്ടേറെ പ്രാദേശിക ഉത്പന്നങ്ങൾക്ക് ഇനിയും ഭൗമസൂചികാപദവി നേടാൻ സാധിക്കും. കാർഷികോത്പന്നങ്ങളുടെ കാര്യത്തിൽ മുൻപ് കൃഷിക്കാരും കർഷകകൂട്ടായ്മകളുമൊക്കെയാണ് ജി.ഐ. പദവിക്കായി മുന്നോട്ടുവന്നിരുന്നതെങ്കിൽ ഇപ്പോൾ കേരള കാർഷിക സർവ്വകലാശാലയുടെ ബൗദ്ധിക സ്വത്തവകാശ സെല്ലാണ് നടപടിയെടുക്കുന്നത്. ഇതിന്റെ ഭാഗമായി ഓരോ ഉത്പന്നത്തിനുവേണ്ടിയും വിശദമായ ഗവേഷണങ്ങൾ നടക്കുകയും വിപുലമായ സെമിനാറുകളും ശിൽപ്പശാലകളും മറ്റും സംഘടിപ്പിക്കപ്പെടുകയും ചെന്നൈയിലെ ജിയോഗ്രഫിക്കൽ ഇൻഡിക്കേഷൻ രജിസ്ട്രിയിൽ അപേക്ഷ സമർപ്പിക്കുകയും ചെയ്യും. അംഗീകാരം ലഭിക്കുന്നതോടെ കേന്ദ്രസർക്കാരിന്റെ ഇന്റലക്ചൽ പ്രോപ്പർട്ടി ഇന്ത്യയുടെ (ഐ.പി. ഇന്ത്യ -കൺട്രോളർ ജനറൽ ഓഫ് പേറ്റന്റ് ഡിസൈൻ ആന്റ് ട്രേഡ് മാർക്ക്) വെബ്സൈറ്റിൽ ഉത്പന്നത്തിന്റെ പേര് പ്രസിദ്ധീകരിക്കപ്പെടുകയും ചെയ്യുന്നു.

സൗമ്യ ബേബി

# ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം; ഒരു ഉത്പന്നം

സംസ്ഥാനത്ത് ഒരുലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായസംരംഭങ്ങൾ ഈ വർഷം പുതുതായി ആരംഭിക്കുന്നതിന്റെ ഭാഗമായി അവതരിപ്പിക്കപ്പെട്ട നൂതന ആശയമാണ് 'ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം ഒരു ഉത്പന്നം' എന്നത്. വ്യവസായം, കൃഷി, മൃഗസംരക്ഷണം, ടൂറിസം തുടങ്ങി സാധ്യതയുള്ള എല്ലാ മേഖലകളെയും ഇതിനായി പരിഗണിക്കും. തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സഹകരണവകുപ്പിന്റെയുമെല്ലാം പിന്തുണയും പദ്ധതിക്കുണ്ട്. ഇത് യാഥാർത്ഥ്യമാകുന്നതോടെ അനുകരണീയമായ ഒരു ചരിത്രമാറ്റത്തിന് വഴിവെക്കുന്ന ഉജ്ജ്വലമാതൃകയാകാൻ കേരളത്തിന് സാധിക്കും. ആവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ പിന്തുണയുമായി സർക്കാരും കൂടെയുണ്ട്. ഇതിനാവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും നൽകിക്കഴിഞ്ഞു.

കൃത്യമായ പ്ലാനിംഗോടുകൂടിയാണ് സംരംഭകവർഷം പദ്ധതി നടപ്പാക്കുന്നത്. ഇതിൽ സുപ്രധാനസ്ഥാനം സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ



ഒരു തദ്ദേശസ്ഥാപനം ഒരു ഉത്പന്നം എന്ന സംരംഭകപദ്ധതി യാഥാർത്ഥ്യമാകുന്നതോടെ 1200 ഉത്പന്നങ്ങളാവും കേരളത്തിന്റെ പൊതുസമൂഹത്തിന് മുന്നിൽ അവതരിപ്പിക്കപ്പെടുക. കാർഷികോത്പന്നം, ഭക്ഷ്യോത്പന്നം, ഉപഭോക്തൃ ഉത്പന്നം, ഇലക്ട്രോണിക്സ് ഉത്പന്നം, മരുന്നുനിർമ്മാണം, മെഡിക്കൽ ഉപകരണങ്ങൾ, പെട്രോ കെമിക്കൽ തുടങ്ങിയ മേഖലകൾക്ക് മുൻഗണന നൽകിക്കൊണ്ടുള്ള പദ്ധതികളാവും നടപ്പാക്കുക.

സ്ഥാപനങ്ങൾക്കുമുണ്ട്. 'ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം ഒരു ഉത്പന്നം' എന്ന ആശയം കൂടുതൽ പ്രസക്തമാകുന്നതും അതുകൊണ്ടാണ്. കേരളത്തിൽ ഇപ്പോൾ 1200 തദ്ദേശസ്ഥാപനങ്ങളാണുള്ളത്. 941 ഗ്രാമപഞ്ചായത്തുകൾ, 87 മുൻസിപ്പാലിറ്റികൾ, ആറു കോർപറേഷനുകൾ, 152 ബ്ലോക്ക് പഞ്ചായത്തുകൾ, 14 ജില്ലാപഞ്ചായത്തുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഇവയുടെയെല്ലാം നേതൃത്വത്തിൽ ഓരോ ഉത്പന്നം വീതം വിപണിയിൽ അവതരിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ് പുതിയ ആശയം നടപ്പാക്കുന്നത്. ഇതിനു മുന്നോടിയായി പല തലങ്ങളിലുള്ള ആലോചനാപരിപാടികളും നടന്നുകഴിഞ്ഞു.



## ഉത്പന്ന വൈവിധ്യം

ഒരു തദ്ദേശസ്ഥാപനം ഒരു ഉത്പന്നം എന്ന സംരംഭകപദ്ധതി യാഥാർത്ഥ്യമാകുന്നതോടെ 1200 ഉത്പന്നങ്ങളാവും കേരളത്തിന്റെ പൊതുസമൂഹത്തിന് മുന്നിൽ അവതരിപ്പിക്കപ്പെടുക. കാർഷികോത്പന്നം, ഭക്ഷ്യോത്പന്നം, ഉപഭോക്തൃ ഉത്പന്നം, ഇലക്ട്രോണിക്സ് ഉത്പന്നം, മരുന്നുനിർമ്മാണം, മെഡിക്കൽ ഉപകരണങ്ങൾ, പെട്രോ കെമിക്കൽ തുടങ്ങിയ മേഖലകൾക്ക് മുൻഗണന നൽകിക്കൊണ്ടുള്ള പദ്ധതികളാവും നടപ്പാക്കുക. ഈ രംഗത്ത് കാലങ്ങളുടെ അനുഭവസമ്പത്തുള്ളവരുടെ പാരമ്പര്യവൈദഗ്ധ്യം മുതൽ പുതുതലമുറയുടെ സാങ്കേതികജ്ഞാനം വരെ വിനിയോഗിക്കുന്നതാണ്. നിലവിൽ പ്രാദേശികമായി ശ്രദ്ധിക്കപ്പെട്ടിട്ടുള്ള ഉത്പന്നങ്ങളാണെങ്കിൽ പോലും അവയ്ക്ക് വാണിജ്യവൽക്കരണം നൽകിക്കൊണ്ട് കൂടുതൽ വിപുലമായി അവതരിപ്പിക്കുകയും ചെയ്യാം.

'ഒരു ജില്ല ഒരു ഉത്പന്നം' പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം മുതൽ കാസർകോഡ് വരെയുള്ള ഓരോ ജില്ലകളിലും പദ്ധതി നടപ്പാക്കുന്നതിനുള്ള ഉത്പന്നങ്ങൾ നേരത്തെ തന്നെ വ്യവസായവകുപ്പ് തരംതിരിച്ചിട്ടുണ്ട്. ഇതുപ്രകാരം തിരുവനന്തപുരം ജില്ലയിൽനിന്ന് മരച്ചീനിയും കൊല്ലം ജില്ലയിൽനിന്ന് മരച്ചീനിയും മറ്റു കിഴങ്ങുവർഗ്ഗങ്ങളും പത്തനംതിട്ടയിൽനിന്ന് ചക്കയും ആലപ്പുഴയിൽനിന്ന് അരിയും ഇടുക്കയിൽനിന്ന് സുഗന്ധവ്യഞ്ജനങ്ങളും കോട്ടയം-എറണാകുളം ജില്ലകളിൽനിന്ന് പൈനാപ്പിളും തൃശ്ശൂരിൽനിന്ന് അരിഉത്പന്നങ്ങളും പാലക്കാട് നിന്ന് വാഴയും മലപ്പുറം-കോഴിക്കോട് ജില്ലകളിൽനിന്ന് തേങ്ങയും കണ്ണൂരിൽനിന്ന് വെളിച്ചെണ്ണയും കാസർഗോഡ് നിന്ന് കല്ലുമ്മേക്കായയുമാണ് തെരഞ്ഞെടുത്തിരിക്കുന്നത്. ഇതിന്റെ തന്നെ അതിവിശാല പദ്ധതിയെന്ന നിലയിലാണ് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പുതിയ പദ്ധതി നടപ്പാക്കുക.

മലനാടും ഇടനാടും തീരദേശവുമെല്ലാം ഉൾപ്പെടുന്ന ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ പോലെ തന്നെ ഉത്പന്നങ്ങളുടെ കാര്യത്തിലും കേരളത്തിൽ വലിയ വൈവിധ്യമുണ്ട്. ഏലം, തേയില, കാപ്പി, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, പഴം, പച്ചക്കറി, പാൽ, മത്സ്യം, മാംസം, നെല്ല്, തേങ്ങ, സമുദ്രോത്പന്നം തുടങ്ങി കരയിൽനിന്നും കടലിൽനിന്നും പുഴയിൽനിന്നുമുള്ള എല്ലാ തരം ഉത്പന്നങ്ങളും ഇവിടെ ലഭ്യമാണ്. ഇക്കൂട്ടത്തിൽ പ്രാദേശികമായി കൂടുതലുള്ള ഉത്പന്നത്തെ ഓരോ തദ്ദേശസ്ഥാപനത്തിനും അവതരിപ്പിക്കാവുന്നതേയുള്ളൂ. ഉദാഹരണത്തിന് മറയൂർ പഞ്ചായത്തിന് ശർക്കരയും, വണ്ടന്മേട് പഞ്ചായത്തിന് ഏലക്കായയും, മലയിൻകീഴിന് ചക്കയും, പറവൂർ മുൻസിപ്പാലിറ്റിക്ക് പൊക്കാളിയരിയും,

ഗ്രാമപഞ്ചായത്തുകളും മുൻസിപ്പാലിറ്റികളും കോർപ്പറേഷനുകളുമെല്ലാം കേന്ദ്രീകരിച്ച് വിഭാവനം ചെയ്തിട്ടുള്ള പുതിയ പദ്ധതി യാഥാർത്ഥ്യമാകാൻ ഏറെ കാലമൊന്നും കാത്തിരിക്കേണ്ടതില്ല. ഒരു വർഷം മാത്രമാണ് ലക്ഷ്യത്തിലേക്കുള്ള ദൂരം.

വട്ടവട പഞ്ചായത്തിന് വെളുത്തുള്ളിയും, കാന്തല്ലൂരിന് പഴവർഗ്ഗവും, പുൽപ്പള്ളിക്ക് കുരുമുളകും, കുട്ടമ്പുഴ-തിരുനെല്ലി പഞ്ചായത്തുകൾക്ക് വനവിഭവങ്ങളും, ഇടമലക്കുടിക്ക് റാഗിയും, കാഞ്ചിയാറിന് കണ്ണാടിപ്പായയുമെല്ലാം മുന്നോട്ടുവെക്കാവുന്നതാണ്.

ഇത്തരത്തിൽ മറ്റു പഞ്ചായത്തുകൾക്കും അവതരിപ്പിക്കാവുന്ന അനേകം ഉത്പന്നങ്ങൾ ഇനിയുമുണ്ട്. ആറൻമുള കണ്ണാടിയും കൈത്തറി ഉത്പന്നങ്ങളും നാടൻ ആഭരണങ്ങളും മൺപാത്രങ്ങളും കരകൗശല വസ്തുക്കളും ചുണ്ടൻവള്ളത്തിന്റെയും ഉരുവിന്റെയും ഹൗസ്ബോട്ടിന്റെയും മോഡലുകളും കാട്ടുതേനും താമരപ്പൂക്കളും വാദ്യോപകരണങ്ങളും ഓട്ടുപാത്രങ്ങളും വെർജിൻ കോക്കനട്ട് ഓയിലും ശർക്കരവരട്ടിയും അച്ചാറും ഉപ്പുമാങ്ങയും നാട്ടുഭക്ഷണവും മറ്റു മൂല്യവർദ്ധിത ഉത്പന്നങ്ങളുമെല്ലാം വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മുന്നോട്ടുവെക്കാം. വ്യക്തിഗതമോ കൂട്ടായ്മകളുടെയോ നേതൃത്വത്തിലുള്ള ഉത്പന്നങ്ങളെ മികവിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കാവുന്നതാണ്.

## ലക്ഷ്യത്തിലേക്കുള്ള ദൂരം

ഗ്രാമപഞ്ചായത്തുകളും മുൻസിപ്പാലിറ്റികളും കോർപ്പറേഷനുകളുമെല്ലാം കേന്ദ്രീകരിച്ച് വിഭാവനം ചെയ്തിട്ടുള്ള പുതിയ പദ്ധതി യാഥാർത്ഥ്യമാകാൻ ഏറെ കാലമൊന്നും കാത്തിരിക്കേണ്ടതില്ല. ഒരു വർഷം മാത്രമാണ് ലക്ഷ്യത്തിലേക്കുള്ള ദൂരം. വ്യവസായം, തദ്ദേശസ്വയംഭരണം, കൃഷി, ടൂറിസം, ഫിഷറീസ്, മൃഗസംരക്ഷണം തുടങ്ങിയ വകുപ്പുകളെല്ലാം സഹകരിച്ചാണ് സ്വപ്നസാക്ഷാത്കാരത്തിനായി പ്രയത്നിക്കുന്നത്. വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിന് മുതിർന്ന ഉദ്യോഗസ്ഥർ ഉൾപ്പെട്ട കോർകമ്മിറ്റിയുമുണ്ട്. മാത്രവുമല്ല, തദ്ദേശസ്ഥാപന തലത്തിൽ ലൈസൻസ് മേളകളും സംഘടിപ്പിക്കും. പുതിയതായി ആരംഭിക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് ആവശ്യമായ എല്ലാ അനുമതികളും തത്സമയം ലഭ്യമാക്കുക എന്നതാണ് ലൈസൻസ് മേളകളുടെ ലക്ഷ്യം.

വ്യവസായം, തദ്ദേശ സ്വയംഭരണം, കൃഷി, ടൂറിസം, ഫിഷറീസ്, മൃഗസംരക്ഷണം, സഹകരണം തുടങ്ങി വിവിധ വകുപ്പുമന്ത്രിമാർ പങ്കെടുത്ത ഉന്നതതലയോഗം ജനുവരിയിൽ തന്നെ നടന്നുകഴിഞ്ഞു. ഓരോ വകുപ്പിലെയും ഉന്നത ഉദ്യോഗസ്ഥരും ഇതിൽ പങ്കെടുത്തിരുന്നു. ഇതിനുംപുറമെ, തദ്ദേശ സ്വയംഭരണവകുപ്പ് ഉദ്യോഗസ്ഥരുടെയും സഹകരണബാങ്ക് പ്രസിഡണ്ടുമാരുടെയും സെക്രട്ടറിമാരുടെയും യോഗവും ചേർന്നു. പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന്റെ ഭാഗമായി ആവശ്യമെങ്കിൽ വിവിധ മേഖലകളിൽ നിലവിലുള്ള നിയമങ്ങൾ പരിഷ്കരിച്ച് സംരംഭകർക്ക് അനുകൂലമായ മാറ്റങ്ങൾ കൊണ്ടുവരാനാണ് ആലോചന. ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള എല്ലാ ഏജൻസികളും സംരംഭകവർഷത്തിന്റെ ഭാഗമാകുമ്പോൾ മൂല്യവർദ്ധിത കാർഷികോത്പന്നങ്ങളുടെ വൻസാധ്യതയാണ് കൃഷിവകുപ്പ് മുന്നോട്ടുവെക്കുന്നത്.

ജൈവവിളകൾക്കുള്ള വിപണിസാധ്യത വിനിയോഗിക്കുന്നതിന് പുറമെ വിളവിറക്കുന്ന സമയത്തു തന്നെ കർഷകർക്ക് വായ്പ ലഭിക്കുന്ന സാഹചര്യം ഉറപ്പാക്കാൻ കൂട്ടായ ഇടപെടലും നടത്തും. അടുത്തയിടെ നടപ്പാക്കിയ കാരവൻ ടൂറിസം പദ്ധതിയുടെ തുടർച്ചയായി പുതിയ സംരംഭങ്ങൾ ആരംഭിക്കുമെന്ന് വിനോദസഞ്ചാരവകുപ്പും വ്യക്തമാക്കിയിട്ടുണ്ട്. ഓരോ മേഖലയിലെയും സംരംഭങ്ങളുടെ പ്ര



വർത്തനം വിലയിരുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവാർഡ് നൽകാൻ വ്യവസായവകുപ്പും തീരുമാനിച്ചുകഴിഞ്ഞു. കേരള ബ്രാൻഡിൽ വിപണനം ചെയ്യാൻ യോഗ്യതയുള്ള ഉത്പന്നങ്ങൾക്ക് പ്രത്യേക ലൈസൻസ് നൽകാനും ധാരണയായിട്ടുണ്ട്.

## കമ്പോളവും വിപണനസാധ്യതയും

പദ്ധതിയുടെ ഭാഗമായി 1200 പുതിയ ഉത്പന്നങ്ങൾ വരുമ്പോൾ വിപണിയിലും വൻഡിമാൻഡ് ഉണ്ടാകുമെന്ന കാര്യത്തിൽ തർക്കമില്ല. ഓരോ വർഷവും കേരളത്തിന് ആവശ്യമായ അരി, പഴം, പച്ചക്കറി, കോഴി, മുട്ട, മാംസം എന്നിവയെല്ലാം തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ് തുടങ്ങിയ ഇതരസംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി നടത്തുകയാണ് ചെയ്യുന്നത്. അതുകൊണ്ടുതന്നെ ഇവിടുത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ഏതെല്ലാം ഉത്പന്നങ്ങൾ എത്തിയാലും അതു മുഴുവനും ആഭ്യന്തരവിപണിയിൽ വിറ്റുപോകാനുള്ളതേയുള്ളൂ. സുഗന്ധവ്യഞ്ജനങ്ങളും പൈനാപ്പിളും റബ്ബറും തേയിലയും പോലെ അധികോത്പാദനം നടക്കുന്നവയ്ക്കാണെങ്കിൽ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും വിദേശത്തും ആവശ്യക്കാരേറെയാണ്. അതുകൊണ്ടുതന്നെ കയറ്റുമതിയും സജീവം.



പ്രാദേശികമായി ഉത്പാദിപ്പിക്കപ്പെടുന്നവയാണെങ്കിലും തദ്ദേശസ്ഥാപനങ്ങൾ അവതരിപ്പിക്കുന്ന എല്ലാ ഉത്പന്നങ്ങളുടെയും വിപണനത്തിന് കേന്ദ്രീകൃതമായ ഒരു സംവിധാനം ഏർപ്പെടുത്തുന്ന കാര്യവും തീരുമാനിച്ചിട്ടുണ്ട്. ഓൺലൈനിലൂടെയുള്ള ഉത്പന്നവിപണനമാണ് അത്. ഗുണമേന്മയുള്ളതും ഗ്രാമീണവുമായ ഉത്പന്നങ്ങൾ ഇത്തരത്തിൽ നഗരമേഖലകളിലും ലഭ്യമാക്കാൻ സാധിക്കും. അതുകൊണ്ടുതന്നെ ഉത്പാദകന് ലാഭകരമായ രീതിയിൽ വിറ്റുവരവും ഉണ്ടാകും. നിലവിലുള്ളതിൽനിന്നും വ്യത്യസ്തമായ ബ്രാൻഡിംഗ് ഉണ്ടാകുമെന്നതിനാൽ രാജ്യാന്തരകമ്പോളത്തിലേക്കുള്ള കയറ്റുമതി വർദ്ധിക്കും.

പുതുതായി സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് സാമ്പത്തികസഹായം ലഭ്യമാക്കുന്നതിനും വിപുലമായ സംവിധാനമുണ്ട്. വ്യവസായവകുപ്പും കെഎഫ്സിയും കെഎസ്ഐഡിസിയും ഖാദി ഗ്രാമവ്യവസായ ബോർഡും സ്മോൾ ഫാർമർ അഗ്രിബിസിനസ് കൺസോർഷ്യവും ഡയറക്ടറേറ്റ് ഓഫ് മാർക്കറ്റിംഗ് ആൻഡ് ഇൻസ്പെക്ഷനും അഗ്രിക്ലിനിക്സ് ആൻഡ് അഗ്രി ബിസിനസ് സെന്ററും നബാർഡും നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷനുമെല്ലാം വിവിധ സംരംഭങ്ങൾ തുടങ്ങുന്നതിനായി ധനസഹായം ലഭ്യമാക്കിവരുന്നു. ഇതിനുപുറമെ, പിന്നോക്ക മേഖലയിലുള്ളവർക്ക് പ്രത്യേക പരിഗണനയുമുണ്ട്. പട്ടികജാതിക്കാർ ആരംഭിക്കുന്ന സ്വയംസഹായ സംഘങ്ങൾക്കും 80 ശതമാനം അംഗങ്ങളെങ്കിലും പട്ടികജാതിക്കാരായ വനിതാ സ്വാശ്രയ സംഘങ്ങൾക്കും 10 ലക്ഷം രൂപ വരെ വിവിധ സംരംഭങ്ങൾക്കായി ധനസഹായം നൽകിവരുന്നത് ഇതിന്റെ ഭാഗമാണ്.

കർഷകർ, ഉത്പാദകസംഘങ്ങൾ, കാർഷിക ബിരുദധാരികൾ, സഹകരണസ്ഥാപനങ്ങൾ തുടങ്ങി എല്ലാ മേഖലകളിലും ഉള്ളവർക്ക് പുതിയ സംരംഭവിപ്ലവത്തിന്റെ ഭാഗമാകാം. പദ്ധതിയുടെ ഭാഗമായി മുഴുവൻ തദ്ദേശസ്ഥാപനങ്ങളിലും ഏകദിന ശിൽപ്പശാലകൾ സംഘടിപ്പിക്കും. സംരംഭങ്ങൾക്ക് എങ്ങനെ ലൈസൻസ് ലഭിക്കും, ഏതൊക്കെ സബ്സിഡികൾ കിട്ടും, ബാങ്ക്ലോൺ എങ്ങനെ ലഭ്യമാകും എന്നീ വിവരങ്ങളെല്ലാം ഇവിടെനിന്നും നൽകുന്നതാണ്. അതിനുശേഷമാവും ലൈസൻസ് മേളയും വായ്പാമേളയും സബ്സിഡി മേളകളും സംഘടിപ്പിക്കുക. പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നേതൃത്വം നൽകുന്നതിനുമായി എം.ബി.എ, ബി.ടെക് ബിരുദധാരികളായ ഇന്റേൺസിനെ എല്ലാ തദ്ദേശസ്ഥാപനങ്ങളിലും നിയോഗിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുകയാണ്.

ബിനോയ് ജോർജ് പി

# ഗുണമേന്മയുടെ കേരള ബ്രാൻഡ്



കേരളത്തിന്റെ തനതായ ഉത്പന്നങ്ങൾക്ക് എന്നും വലിയ വിപണിയുണ്ട്. അത് സംസ്ഥാനത്ത് മാത്രമല്ല ഇന്ത്യയിലും വിദേശത്തുമെല്ലാം അങ്ങനെതന്നെയാണ്. പക്ഷേ അത്തരം ഉത്പന്നങ്ങളെ ശരിയായ രീതിയിൽ വിപണിയിൽ അവതരിപ്പിക്കുകയും കെട്ടിലും മട്ടിലും സവിശേഷത ഉറപ്പുവരുത്തുകയും പ്രധാനമാണ്. ഉത്പന്നങ്ങളുടെ ഗുണമേന്മയുടെ കാര്യത്തിൽ സംശയത്തിന് അടിസ്ഥാനമില്ലെങ്കിലും അവയെ പുതിയ കാലത്തിന് അനുയോജ്യമായ വിധത്തിൽ മാർക്കറ്റിംഗിന് സജ്ജമാക്കേണ്ടതുണ്ട്. 'കേരങ്ങളുടെ നാട് കേരളം' എന്നു ഇപ്പോൾ പറയുമ്പോൾ അതത്ര അർത്ഥവത്താകണമെന്നില്ല, കാരണം ഇന്ന് കേരളത്തെക്കാൾ അധികമായി തെങ്ങ് കൃഷി ചെയ്യുന്നതും നാളികേരം ഉത്പാദിപ്പിക്കുന്നതും തമിഴ്നാടും ആന്ധ്രയും പോലുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളാണ്. എങ്കിലും നമ്മുടെ നാളികേരത്തിനും അതിൽ നിന്നും ഉത്പാദിപ്പിക്കുന്ന വെളിച്ചെണ്ണയ്ക്കുമെല്ലാം ലോക മാർക്കറ്റിൽ തന്നെ സ്ഥാനം പിടിക്കാനാകും. മറയൂർ ശർക്കര, പ്രശസ്തങ്ങളായ കൈത്തറി ഉത്പന്നങ്ങൾ, രാമശ്ശേരി ഇഡ്ഡലി, ചെങ്ങാലിക്കോടൻ വാഴ, വയനാടൻ കാപ്പി, ഏലം, കോട്ടയം റബ്ബർ, വാഴപ്പിള്ളി പൈനാപ്പിൾ തുടങ്ങി നിരവധിയായ തനത്-കേരള ബ്രാൻഡ് ഉത്പന്നങ്ങൾ നമുക്ക് ലോകത്തിനു മുന്നിൽ അവതരിപ്പിക്കാനാകൂ. ഇവയിൽ പലതും പ്രദേശങ്ങളുടെ കാലവസ്ഥ, മണ്ണ്, അങ്ങനെ പല സവിശേഷതകളാൽ ശ്രദ്ധേയമാകുന്നവയാണ്. സാമ്പ്രദായിക രീതികളും പാരമ്പര്യവുമെല്ലാം ഇവയെ അനന്യമാക്കുന്നു.

## 'വെള്ളിച്ചെണ്ണ' യിലെ തെളിച്ചം

മലയാളിയുടെ നിത്യോപയോഗ വസ്തുവായ വെള്ളിച്ചെണ്ണക്ക് സംസ്ഥാനത്ത് സർക്കാർ ബ്രാൻഡുകൾ കേര, കേരജം പോലെ ചിലതുണ്ടെങ്കിലും വിപണിയിൽ ഇവ സുലഭമല്ല. വെള്ളിച്ചെണ്ണ ഉപയോഗത്തിനനസൃതമായി നൂറുകണക്കിന്

1980 കളിൽ ഇന്ത്യയിൽ ഉത്പാദിപ്പിച്ചിരുന്ന നാളികേരത്തിന്റെ 80–85 ശതമാനം കേരളത്തിൽ നിന്നായിരുന്നു. പിന്നീട് കഥയാകെ മാറി 2010 ആകുമ്പോഴേക്കും നാല്പതു ശതമാനത്തിലേക്ക് നാളികേര ഉത്പാദനം താഴ്ന്നു. എങ്കിലും മികച്ച വെളിച്ചെണ്ണ ഉത്പാദിപ്പിക്കുന്നതിന് ആവശ്യമായ നാളികേരം സംഭരിക്കാനും പാകപ്പെടുത്തുന്നതിനും കഴിയുന്ന അനുകൂല സാഹചര്യമാണ് സംസ്ഥാനത്തുള്ളത്.



ബ്രാൻഡുകൾ ഇന്നും വിപണിയിലുണ്ട്. എന്നാൽ ഇവയിൽ ഭൂരിപക്ഷവും ശുദ്ധമായ വെള്ളിച്ചെണ്ണ തന്നെയെന്ന് പറയാനാകില്ല. പല ഘട്ടങ്ങളിലായി നിരവധി വെള്ളിച്ചെണ്ണ ബ്രാൻഡുകൾ സംസ്ഥാനത്ത് നിരോധിച്ചിരുന്നു. മായം കലർത്തിയും മറ്റു പലവിധത്തിലുള്ള ക്രമക്കേടുകളിലൂടെയും ലാഭം മാത്രം ലക്ഷ്യമാക്കിയാണ് പല ഉത്പാദകരും വെള്ളിച്ചെണ്ണ വിപണിയിലെത്തിക്കുന്നത്.



ഈ സാഹചര്യത്തിൽ കൂടിയാണ് സ്വന്തമായ ഒരു ബ്രാൻഡ് വെളിച്ചെണ്ണ ഉത്പാദിപ്പിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് എത്തുന്നത്. നാട്ടിൽ സുലഭമായി ലഭിക്കുന്ന നാളികേരം വെളിച്ചെണ്ണയാക്കി മാറ്റുന്നത് ഒട്ടും സങ്കീർണമല്ലാത്ത ചെറുകിട സംരംഭകർ കൂടി ചെയ്യുന്ന പ്രവർത്തിയാണ്. നിരവധി പ്രാഥമിക സഹകരണ ബാങ്കുകളുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് പല ജില്ലകളിലും ചെറുതും വലുതുമായ ബ്രാൻഡിങ്ങോടു കൂടി വെളിച്ചെണ്ണ വിപണിയിലെത്തിക്കുന്നുമുണ്ട്. ഇവയ്ക്കുള്ള വിശ്വാസ്യത കണക്കിലെടുത്ത് നിരവധി പേരാണ് ഈ സഹകരണസ്ഥാപനങ്ങളിലെ ഉത്പന്നം അന്വേഷിച്ചെത്തുന്നത്.

1980 കളിൽ ഇന്ത്യയിൽ ഉത്പാദിപ്പിച്ചിരുന്ന നാളികേരത്തിന്റെ 80–85 ശതമാനം കേരളത്തിൽ നിന്നായിരുന്നു. പിന്നീട് കഥയാകെ മാറി 2010 ആകുമ്പോഴേക്കും നാല്പതു ശതമാനത്തിലേക്ക് നാളികേര ഉത്പാദനം താഴ്ന്നു. എങ്കിലും മികച്ച വെളിച്ചെണ്ണ ഉത്പാദിപ്പിക്കുന്നതിന് ആവശ്യമായ നാളികേരം സംഭരിക്കാനും പാകപ്പെടുത്തുന്നതിനും കഴിയുന്ന അനുകൂല സാഹചര്യമാണ് സംസ്ഥാനത്തുള്ളത്. സംശുദ്ധിയിൽ വിട്ടുവീഴ്ച്ചയില്ലാതെ ഉത്പാദിപ്പിക്കപ്പെടുന്ന സ്വന്തം ബ്രാൻഡ് വെളിച്ചെണ്ണയെന്ന അറിവ് വലിയ വിപണി സാധ്യതകളാണ് തുറന്നു നൽകുക. കേരളത്തിലെ എല്ലാ കുടുംബങ്ങളിലും വെളിച്ചെണ്ണയില്ലാതെ ദിവസം മുന്നോട്ടുപോകില്ല. ആരോഗ്യത്തിന് പ്രഥമ സ്ഥാനം നൽകുന്ന പുതിയ തലമുറയും ജീവിതശൈലിയും മികച്ച, ആരോഗ്യകരമായ ഉത്പന്നങ്ങളെ തേടി പോകുന്ന കാലഘട്ടത്തിൽ ഏറ്റവും മൂല്യവത്തായ തെരഞ്ഞെടുപ്പായിരിക്കുമിത്.

വ്യാപകമായും വലിയ അളവിലും ജനങ്ങൾ ഉപയോഗിക്കുന്ന ഈ ഭക്ഷ്യ എണ്ണയുടെ ഒരു ചെറിയ ശതമാനം ഉത്പാദിപ്പിക്കുന്നതിനുള്ള സംവിധാനങ്ങളുണ്ടെങ്കിൽ പോലും അതൊട്ടും നിസ്സാരമല്ലാത്ത അളവായിരിക്കും. അതിലൂടെ സുരക്ഷിതമായ ഭക്ഷണവും ആരോഗ്യവും ഉറപ്പുവരുത്തുകയെന്നതും ഏറെ പ്രധാനമാണ്.

# 'മറയൂർ ശർക്കര' രുചിയേറും ഗുണം



പ്രദേശത്തിന്റെ സവിശേഷതയും കാലവസ്ഥയുടെ ആനുകൂല്യങ്ങളും സമ്മേളിച്ചുണ്ടാകുന്ന വിശിഷ്ടമായ ഉത്പന്നമാണ് മറയൂർ ശർക്കര. ഇത്തരത്തിലൊന്ന് മറ്റൊരിടത്തും ഉത്പാദിപ്പിക്കാൻ സാധിക്കുകയുമില്ല. ഈ വ്യതിരിക്തതയോടൊപ്പം മികച്ച ഗുണനിലവാരം കൂടിയാകുമ്പോഴാണ് ഉത്പന്നത്തിന് ഡിമാന്റ് ഏറുന്നത്. സാമ്യങ്ങളില്ലാത്ത ബ്രാൻഡ് എന്ന നിലയിൽ വിപണി കേന്ദ്രീകൃതമായ നവീകരണത്തിലൂടെ ലോകനിലവാരത്തിലേക്ക് ഉയർത്തിക്കാണിക്കാവുന്ന ഒന്നാണ് മറയൂരിന്റെ ഈ മധുരം.

ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിന്റെ കിഴക്കനതിർത്തിയിൽ സ്ഥിതി ചെയ്യുന്ന പ്രദേശമാണ് മറയൂർ. മറ്റു പ്രദേശങ്ങളിൽ നിന്നും വ്യത്യസ്തമായി ഇവിടെ വർഷം മുഴുവനും കരിമ്പ് കൃഷി ചെയ്യുന്നു. പശ്ചിമഘട്ട മലനിരയുടെ താഴ്‌വാരങ്ങളിലെ കാലാവസ്ഥ കരിമ്പ് തഴച്ചുവളരുന്നതിന് കാരണമാകുന്നു. കടുത്ത തവിട്ടു നിറമുള്ള മറയൂർ ശർക്കര ഇന്ത്യയിലെ ഏറ്റവും സ്വാദിഷ്ടമായ ശരക്കരയാണ്. രാസ വസ്തുക്കൾ ചേർക്കാത്തതിനാൽ ആരോഗ്യപ്രശ്നങ്ങൾക്ക് ഒട്ടും സാധ്യതയില്ല. സോഡിയത്തിന്റെ അളവ് കുറവും, ഇരുമ്പിന്റെയും, കാത്സ്യത്തിന്റെയും അളവ് കൂടുതലുമാണ് മറയൂർ ശർക്കരയിൽ. മറ്റു ശർക്കരയേക്കാൾ ഉപ്പിന്റെ അളവും കുറവാണ്.

പരമ്പരാഗത രീതിയിലാണ് മറയൂരിൽ ഇന്നും ശർക്കരയുടെ ഉല്പാദനം. കരിമ്പിൻ പാടങ്ങളിലെ ആലപുരകൾ എന്നറിയപ്പെടുന്ന ഷെഡ്ഡുകളിലാണ് ശർക്കര ഉണ്ടാക്കുന്നത്. കരിമ്പ് വെട്ടിയെടുത്ത് ചതച്ച് നീരെടുത്ത് ഇത് വലിയ പാത്രങ്ങളിൽ പകർത്തി തെളിയാൻ വെയ്ക്കുന്നു. തെളിഞ്ഞ നീര് ശർക്കരയുണ്ടാക്കുന്ന വലിയ പാത്രങ്ങളിലേയ്ക്ക് മാറ്റുന്നു. 1000 ലിറ്റർ വരെ തിളപ്പിക്കാനുപയോഗിക്കുന്ന പാത്രത്തെ കോപറ എന്നാണ് പറയുന്നത്. കോപറ അടുപ്പിൽ വെച്ച് ചൂടാക്കാനായി കത്തിക്കുന്നത് കരിമ്പിന്റെ ചണ്ടി തന്നെയാണ്. നന്നായി ചൂടായി വരുമ്പോൾ കുറച്ച് കുമ്മായം ചേർത്ത്, മുകളിലെ അഴുക്ക് കോരി നീക്കി ജലാംശം മാറുമ്പോൾ മറ്റൊരു പാത്രത്തിലേയ്ക്ക് മാറ്റുന്നു. പിന്നീട് ചെറിയ ചൂടോടെ കൈ കൊണ്ട് ശർക്കര ഉരുട്ടിയെടുക്കുകയാണ് ചെയ്യുന്നത്.

മറയൂർ ശർക്കരയുടെ ഗുണനിലവാരം അടിസ്ഥാനമാക്കി ഭൗമ സൂചിക പദവി ലഭിച്ചിട്ടുണ്ട്. പ്രത്യേക പ്രദേശത്ത് പരമ്പരാഗത രീതിയിൽ ഉല്പാദിപ്പിക്കുമ്പോൾ മാത്രം തനതായ രുചിയും ഗുണവിശേഷങ്ങളും കൈവരുന്ന ഉത്പന്നങ്ങൾക്ക് നൽകുന്നതാണ് ഭൗമ സൂചിക പദവി.

ഏകദേശം നൂറ് ഏക്കറിൽ കൃഷി ചെയ്തിരുന്ന കരിമ്പിൻ പാടങ്ങൾ നഗരവത്ക്കരണത്തിന്റെ ഭാഗമായി 60 ഏക്കറോളമായി കുറഞ്ഞിട്ടുണ്ട്. പരമ്പരാഗത കുടിൽ വ്യവസായമായാണ് ഇപ്പോഴും ശർക്കര ഉത്പാദനം നടക്കുന്നത്. കേന്ദ്രീകൃത വ്യവസായ സമ്പ്രദായമൊന്നും ഈ കർഷകർക്ക് അറിയില്ല. ഉല്പാദിപ്പിക്കപ്പെടുന്ന ശർക്കര

ഏകദേശം നൂറ് ഏക്കറിൽ കൃഷി ചെയ്തിരുന്ന കരിമ്പിൻ പാടങ്ങൾ നഗരവത്ക്കരണത്തിന്റെ ഭാഗമായി 60 ഏക്കറോളമായി കുറഞ്ഞിട്ടുണ്ട്. പരമ്പരാഗത കുടിൽ വ്യവസായമായാണ് ഇപ്പോഴും ശർക്കര ഉത്പാദനം നടക്കുന്നത്. കേന്ദ്രീകൃത വ്യവസായ സമ്പ്രദായമൊന്നും ഈ കർഷകർക്ക് അറിയില്ല.

ഇടനിലക്കാർ താരതമ്യേന കുറഞ്ഞ വിലയ്ക്ക് മൊത്തമായി വാങ്ങുന്നു. വിപണിയിൽ കൂടുതൽ വിലയ്ക്ക് വിൽക്കുകയും ചെയ്യുന്നു. ഇതു മൂലം പരമ്പരാഗത ഉത്പാദകർക്ക് പ്രയോജനം ലഭിക്കുന്നില്ല.

## രാമശ്ശേരിയിലെ 'ഇഡ്ഡലി' മാഹാത്മ്യം

പാലക്കാട് പൊള്ളാച്ചി റോഡിൽ നിന്ന് ഏലപ്പുള്ളി കഴിഞ്ഞാൽ രാമശ്ശേരി ഗ്രാമമായി. പാലക്കാട് ജില്ലയിലെ രാമശ്ശേരി ഇഡ്ഡലിയുടെ പെരുമ കടലു കടന്നതാണ്. ഗ്രാമത്തിന്റെ സ്വാദുള്ള രാമശ്ശേരി ഇഡ്ഡലി, പൊന്നി അരിയിൽ ഉഴുന്നും ഉലുവയും പിന്നെ കൈ പുണ്യവും ചേർത്തുണ്ടാക്കുന്നു. തമിഴ്നാട്ടിൽ നിന്നും പാലക്കാട് രാമശ്ശേരിയിലേയ്ക്ക് കുടിയേറിയ മുതലിയാർ കുടുംബമാണ് ഈ പ്രത്യേകതരം ഇഡ്ഡലി കേരളത്തിൽ ഉണ്ടാക്കാൻ തുടങ്ങിയത്. മുന്നൂറ് വർഷം മുമ്പ് തുടങ്ങിയതാണ് ഈ വിശേഷ പാചകം. പുളിമരത്തിന്റെ വിറകു കത്തിക്കുന്ന അടുപ്പാണ് പാചകത്തിന് ഉപയോഗിക്കുന്നത്. മൺപാത്രത്തിനു മുകളിൽ നൂൽ തലങ്ങനെയും വിലങ്ങനെയും കെട്ടിവെച്ച് അതിനു മുകളിൽ തുണി വിരിയ്ക്കും. അതിലേയ്ക്ക് തലേ ദിവസം തയ്യാറാക്കി വെച്ചിരിക്കുന്ന മാവ് കോരിയൊഴിക്കും. തൊട്ടു മുകളിൽ നൂല് കെട്ടിയ മറ്റൊരു തട്ട്. ഇങ്ങനെ അഞ്ച് തട്ട് വരെ വെയ്ക്കാം. ആവി പുറത്തു കടക്കാത്ത പാത്രം കൊണ്ട് അടച്ചുണ്ടാക്കുന്ന, ആവിയിൽ വേവിച്ചെടുക്കുന്ന രാമശ്ശേരി ഇഡ്ഡലി നാലു ദിവസം വരെ കേടുവരാതെ സൂക്ഷിക്കാം. ഇഡ്ഡലിയുടെ സ്വാദറിയുന്നതിന് വിദേശികളടക്കം ഇവിടെ എത്താറുണ്ട്. പേരിടൽ ചടങ്ങ്, കല്യാണം തുടങ്ങിയ വിശേഷ അവസരങ്ങളിലെല്ലാം രാമശ്ശേരി ഇഡ്ഡലിക്ക് പ്രത്യേകസ്ഥാനമുണ്ട്. മുൻപ് വീട് വീടാന്തരം കയറിയിറങ്ങി വില്പനയും നടത്താറുണ്ട്. പ്രദേശത്ത് അറുപതോളം കുടുംബങ്ങൾ ഇഡ്ഡലി ഉണ്ടാക്കിയിരുന്നെങ്കിലും ഇപ്പോഴത് നാലോ അഞ്ചോ കുടുംബമായി ചുരുങ്ങിയിട്ടുണ്ട്. പുളി വിറകക്കത്തിക്കുന്ന അടുപ്പുകളുടെ സ്ഥാനത്ത് ഗ്യാസ് അടുപ്പുകളായി. മൺപാത്രങ്ങളുടെ സ്ഥാനത്ത് അലുമിനിയ പാത്രങ്ങളും, രാമശ്ശേരി ഇഡ്ഡലിയുടെ പ്രധാന ചേരുവകളായ അരിയും ഉഴുന്നുമെല്ലാം പലവിധത്തിൽ ഉത്പാദിപ്പിച്ചാണ് വിപണിയിലെത്തിക്കുന്നതെങ്കിലും ഇതുവരെ രുചിപ്പെരുമയ്ക്ക് കോട്ടം തട്ടിയിട്ടില്ല.

കൃത്യമായ പരിഗണനയും വിപണന തന്ത്രവും ആവിഷ്കരിക്കുന്നതിലൂടെ അന്യനിന്നു പോകാവുന്ന ഈ ഭക്ഷ്യ പദാർത്ഥത്തെയും ഒരു ദേശത്തിന്റെ സംസ്കാരത്തെയും നിലനിർത്താനാകും. അതോടൊപ്പം തനതും രുചിയേറിയതുമായ ഒരു ഭക്ഷ്യ ബ്രാൻഡ് എന്നനിലയിലേക്കും രാമശ്ശേരി ഇഡ്ഡലിയെ ഉയർത്തിക്കൊണ്ടുവരാനാകും.

## തേൻ മധുരവുമായ് 'ചെങ്ങാലിക്കോടൻ'.

തൃശൂർ ജില്ലയിലെ മച്ചാട് മലയിൽ നിന്ന് ഉത്ഭവിക്കുന്ന വടക്കാഞ്ചേരി പുഴയുടെ എക്കൽ നിക്ഷേപമേറെയുള്ള എരുമപ്പെട്ടിയാണ് ചെങ്ങാലിക്കോടന്റെ ജന്മദേശം. കേരളത്തിനകത്തും പുറത്തും വിദേശത്തു പോലും പഴവിപണിയിലെ മുഖ്യ ആകർഷണമാണ് ചെങ്ങാലിക്കോടൻ. തലപ്പിള്ളി നാട്ടുരാജ്യമായിരുന്ന കാലത്ത് സമീപ രാജ്യമായിരുന്നു ചെങ്ങഴിക്കോട്. ഇവിടെ വിളവെടുക്കുന്ന രുചിയും ഗുണവും ഭംഗിയുമുള്ള നേന്ത്രക്കുലകളുടെ മഹിമ മറ്റു രാജ്യങ്ങളിലുമെത്തി. ചെങ്ങഴി നാട്ടിൽ പിറവി കൊണ്ട് അവിടെ മാത്രം വളരുന്ന നേന്ത്രൻ കാലക്രമേണ



സ്വർണ്ണവർണമാർന്ന ചെങ്ങാലിക്കോടൻ കാഴ്ച കുലകളായി ഉത്രാട നാളിൽ ഭക്തർ ഗുരുവായൂരപ്പന്റെ തിരുസന്നിധിയിൽ കാഴ്ചവെയ്ക്കാറുണ്ട്. ഉത്രാട കാഴ്ച കുല ചെങ്ങാലിക്കോടന് മാത്രം അവകാശപ്പെട്ടതാണ്. ഉപ്പേരിയുണ്ടാക്കാനും, ശർക്കരവരട്ടിയ്ക്കും, പഴം നുറുക്കിനും ചെങ്ങാലിക്കോടനെ വെല്ലാൻ മറ്റൊരു നേന്ത്രനുമാവില്ല.

ചെങ്ങാലിക്കോടനായി പേര് മാറുകയായിരുന്നു. ഭൗമ സൂചിക പദവിയും കേന്ദ്ര സർക്കാരിന്റെ പ്ലാന്റ് ജീനോം സേവിയർ പുരസ്ക്കാരവും ലഭിച്ച വാഴയിനമാണ് ചെങ്ങാലിക്കോടൻ.

ശ്രീ പദ്മനാഭസ്വാമി ക്ഷേത്രത്തിൽ നടക്കുന്ന മുറജപത്തിലെ കാഴ്ചദ്രവ്യം ചെങ്ങഴിക്കോട് നിന്നുള്ള നേന്ത്രകുലകളായിരുന്നു.

തലപ്പിള്ളി താലൂക്കിന്റെ സ്വകാര്യ അഹങ്കാരമായി മാറുന്ന ചെങ്ങാലിക്കോടന് മാറ്റുകൂട്ടുന്നത് അവിടത്തെ മണ്ണിന്റെ സവിശേഷതയാണ്. കുലയുടെ ഭംഗി, തേൻ മധുരം, കായയുടെ സവിശേഷാകൃതി, സ്വർണ്ണവർണം എന്നതിനെല്ലാം കാരണം ഇവിടത്തെ മണ്ണിന്റെ ഗുണമാണ്. മച്ചാട് മലകളിൽ നിന്നും ഒലിച്ചിറങ്ങുന്ന എക്കൽ മണ്ണ് കൃഷിയിടങ്ങളിൽ എത്തുന്നതും ഇതിൽ ചെങ്കൽ മണ്ണിന്റെ സ്വാഭാവിക മിശ്രണം നടക്കുന്നതും ചെങ്ങാലിക്കോടനെ തലയെടുപ്പുള്ള ഇനമാക്കി മാറ്റുന്നു. ജൈവ രീതിയിലുള്ള കൃഷിയുംപ്രാദേശിക കാലാവസ്ഥയും അനുകൂല ഘടകങ്ങളാണ്. കുഴിയെടുക്കുന്നതിനു പകരം ചാലുകീറി നടുന്നതും, നടുന്നതിനു മുൻപ് മണ്ണ് ചൂടുപിടിപ്പിക്കുന്നതും ചെങ്ങാലിക്കോടന് ചന്തത്തിൽ വളരാൻ വഴിയൊരുക്കുന്നു.

സ്വർണ്ണവർണമാർന്ന ചെങ്ങാലിക്കോടൻ കാഴ്ച കുലകളായി ഉത്രാട നാളിൽ ഭക്തർ ഗുരുവായൂരപ്പന്റെ തിരുസന്നിധിയിൽ കാഴ്ചവെയ്ക്കാറുണ്ട്. ഉത്രാട കാഴ്ച കുല ചെങ്ങാലിക്കോടന് മാത്രം അവകാശപ്പെട്ടതാണ്. ഉപ്പേരിയുണ്ടാക്കാനും, ശർക്കരവരട്ടിയ്ക്കും, പഴം നുറുക്കിനും ചെങ്ങാലിക്കോടനെ വെല്ലാൻ മറ്റൊരു നേന്ത്രനുമാവില്ല. ചെങ്ങാലിക്കോടൻ വാഴ കർഷകരുടെ കൂട്ടായ്മ ഉണ്ടാക്കി വൃക്ഷായുർവേദത്തിന്റെ സാധ്യതകൾ പരീക്ഷിച്ചു വരികയാണ് കൃഷി വകുപ്പ്.

സാമ്യങ്ങളില്ലാത്ത പോഷക സമൃദ്ധമായ ചെങ്ങാലിക്കോടന്റെ വിപണിസാധ്യതകൾ വിപുലമാണ്. പക്ഷേ ഒരു പ്രത്യേക പ്രദേശത്ത്, പ്രത്യേക സമയങ്ങളിൽ മാത്രം കൃഷി ചെയ്യുകയും വ്യാപകമായ ഉത്പാദനം ഇല്ലാത്തവയുമാണ് ചെങ്ങാലിക്കോടൻ കായ. ഈ മേഖലയിൽ വേണ്ടവണ്ണം ഇടപ്പെടുകയും ചെങ്ങാലിക്കോടൻ കൃഷി ചെയ്യുന്ന കർഷകരുടെ കൂട്ടായ്മയിലൂടെ ശക്തമായ ഒരു ബ്രാൻഡിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുകയുമാണെങ്കിൽ ഉയർന്ന ഗുണനിലവാരമുള്ള മറ്റൊരു കേരള ബ്രാൻഡായി മാറുമെന്നതിൽ സംശയമില്ല.

## കൈത്തറിയിലെ രജതരേഖകൾ

കേരളത്തിലെ പതിനാലു ജില്ലകളിലും കൈത്തറി വ്യവസായം ഉണ്ടെങ്കിലും ചില സ്ഥലങ്ങളിൽ ഇത് കൂടുതൽ കേന്ദ്രീകരിച്ചു വരുന്നു. അഞ്ചു ലക്ഷത്തോളം കുടുംബങ്ങൾ ഇന്നും കൈത്തറി വ്യവസായത്തെ ആശ്രയിച്ച് ജീവിക്കുന്നുണ്ട്. സംസ്ഥാനത്ത് രണ്ട് ലക്ഷത്തിലേറെ നെയ്ത്തു തൊഴിലാളികളുണ്ട്. കൈത്തറി വളരെ മുൻപുതന്നെ ഒരു ബ്രാൻഡ് എന്ന നിലയിൽ സ്ഥാനം പിടിച്ചിരുന്നുവെങ്കിലും അതിൽ തന്നെ സവിശേഷമായവയെ ഉൾപ്പെടുത്തി, അവരുടെ വ്യത്യസ്തതകളും നൈപുണ്യവും ഉപയോഗപ്പെടുത്തിയാൽ മികച്ച രീതിയിൽ മുന്നേറ്റമുണ്ടാക്കാം. കേരളത്തിലെ മൂന്ന് പ്രമുഖ കൈത്തറി നിർമ്മാണ മേഖലകളാണ് കൂത്താമ്പുള്ളിയും ചേന്ദമംഗലവും ബാലരാമപുരവും. സ്ഥലനാമം കൊണ്ടുതന്നെ ഏവർക്കും സുപ



രിചിതമായവ. ഈ ഖ്യാതി നിലനിർത്തുന്നതിനൊപ്പം വിപുലപ്പെടുത്തുകയും ഒത്തൊരുമ്മിച്ചുള്ള മുന്നേറ്റം കാഴ്ചവെയ്ക്കുകയുമാണെങ്കിൽ വിജയം സുനിശ്ചിതമാണ്.

## കൂത്താമ്പുള്ളി

തൃശൂർ ജില്ലയുടെ അതിർത്തിയിൽ തിരുവില്വാമലയ്ക്ക് അടുത്തുള്ള ഗ്രാമമാണ് കൂത്താമ്പുള്ളി. ഭാരതപുഴയും ഗായത്രി പുഴയും സംഗമിക്കുന്ന ഇവിടം കൈത്തറിയിൽ നൂലിഴകളുടെ സംഗമസ്ഥാനം കൂടിയാണ്. ഒരു സംസ്ക്കാരത്തിന്റെ സൗഭാഗ്യമാണ് ഈ ഗ്രാമം. ഇവിടത്തെ 600 ഓളം ബ്രാഹ്മണ കുടുംബങ്ങൾ മറ്റെങ്ങുമില്ലാത്ത തരം കൈത്തറി വസ്ത്രങ്ങൾ നെയ്തെടുക്കുന്നു. ബ്രാഹ്മണ വിഭാഗത്തിലെ ദേവാംഗ സമുദായത്തിലുള്ളവരാണിവർ. ഇന്നത്തെ കർണ്ണാടകയിലാണ് ഇവരുടെ വേരുകളുള്ളത്. 500 വർഷങ്ങൾക്കു മുൻപ് കൊച്ചി രാജകുടുംബത്തിന് വിശിഷ്ട വസ്ത്രങ്ങൾ നെയ്യാൻ ഇവരെ കൊണ്ടുവന്ന് ഈ ഗ്രാമത്തിൽ താമസിപ്പിച്ചുവെന്നാണ് വിശ്വാസം. പാരമ്പര്യത്തിന്റെ തനതു രീതികൾ കൈവെടിയാതെ കൈത്തറിയിൽ ആധുനിക സങ്കല്പങ്ങളും ഇവർ ഒരുമിച്ചു ചേർക്കുന്നു. കസവു വേഷ്ടി, സെറ്റുമുണ്ട്, ഡിസൈനർ സാരികൾ, എന്നിവയെല്ലാം ഇവരുടെ പ്രസിദ്ധമായ ഉത്പന്നങ്ങളാണ്. ഒരു ഗ്രാമം മുഴുവനും ഒത്തുചേർന്ന് പ്രത്യേക ലക്ഷ്യത്തിനായി പ്രവർത്തിക്കുന്ന കാഴ്ചയാണിവിടെ.

> കേരളത്തിലെ എറണാകുളം ജില്ലയിലെ ചേന്ദമംഗലത്ത് നെയ്തെടുക്കുന്ന ചേന്ദമംഗലം മുണ്ടുകൾ വളരെ പ്രശസ്തമാണ്. ഭൂപ്രദേശസൂചിക പദവി ലഭിച്ച ചേന്ദമംഗലം മുണ്ടുകൾക്ക് വിപണിയിൽ ഏറെ സ്വീകാര്യതയുണ്ട്.



## ചേന്ദമംഗലം കൈത്തറി

കേരളത്തിലെ എറണാകുളം ജില്ലയിലെ ചേന്ദമംഗലത്ത് നെയ്തെടുക്കുന്ന ചേന്ദമംഗലം മുണ്ടുകൾ വളരെ പ്രശസ്തമാണ്. ഭൂപ്രദേശസൂചിക പദവി ലഭിച്ച ചേന്ദമംഗലം മുണ്ടുകൾക്ക് വിപണിയിൽ ഏറെ സ്വീകാര്യതയുണ്ട്. പരമ്പരാഗതമായി കൊച്ചി രാജാവിന്റെ മന്ത്രി സ്ഥാനം അലങ്കരിച്ചിരുന്ന പാലിയത്തച്ചന്മാരുടെ ആസ്ഥാനമായിരുന്നു ചേന്ദമംഗലം. അങ്ങനെയാണ് കൈത്തറിയ്ക്ക് ഈ പേര് ലഭിച്ചത്. ഇവിടെ നെയ്തെടുക്കുന്ന മുണ്ട്, സെറ്റുമുണ്ട്, സാരി എന്നിവയുടെ കരകൾ വ്യത്യസ്ത നിറങ്ങളോടെ ചെയ്യുന്നുവെന്നതാണ് ചേന്ദമംഗലം കൈത്തറിയുടെ സവിശേഷത.

## ബാലരാമപുരം കൈത്തറി

തിരുവനന്തപുരം-നാഗർകോവിൽ അന്തർ സംസ്ഥാന പാതയിലാണ് ബാലരാമപുരം. ഈടിലും, ഗുണത്തിലും മറ്റേത് കൈത്തറിവസ്ത്രങ്ങളേക്കാൾ മെച്ചപ്പെട്ടതാണ് ബാലരാമപുരം കൈത്തറി. തമിഴ്നാട്ടിലെ തിരുനെൽവേലിയുടെ സമീപ പ്രദേശമായ വള്ളിയൂരിൽ നിന്നും ദിവാൻ ഉമ്മിണിത്തമ്പി കണ്ടെത്തിയവരാണ് ബാലരാമപുരത്തിന്റെ പെരുമ ഇന്നും കാത്തു സൂക്ഷിക്കുന്നത്. ബാലരാമവർമ്മ രാജാവിന് കൈത്തറി നെയ്തു നൽകാൻ വേണ്ടിയാണ് അവർ ഇവിടെ താമസിച്ചിരുന്നത്. ചെട്ടിയാർ, വാണിയന്മാർ ചാലിയാർ ,മുക്കുവർ, മുസ്ലിങ്ങൾ എന്നി അഞ്ചു സമുദായക്കാരാണ് പരമ്പരാഗതമായി നെയ്ത്തിൽ ഏർപ്പെട്ടിരുന്നത്. ഈ സമുദായത്തിന്റെ പേരിലാണ് ഇപ്പോഴും അവിടെ അറിയപ്പെടുന്ന തെരുവുകൾ. ബാലരാമവർമ്മ രാജാവിന്റെ ഓർമ്മയ്ക്കായാണ് ഈ സ്ഥലത്തിന് ബാലരാമപുരം എന്ന പേര് നൽകിയതെന്ന് പറയുന്നു.

സ്വർണ്ണവർണ സാരികൾ നെയ്തെടുക്കുന്നതാണ് ഇവിടത്തെ പ്രത്യേകത. മ്യൂറൽ പെയിന്റിംഗ്, ഫാബ്രിക്ക് പെയിന്റിംഗ് എന്നിവയിലും സാരികൾ നെയ്യുന്നുണ്ട്. വിദേശങ്ങളിൽ നടക്കുന്ന ഫാഷൻ ഷോകളിൽ ബാലരാമപുരത്ത് നെയ്തെടുക്കുന്ന കൈത്തറി വസ്ത്രങ്ങൾ ഉപയോഗിക്കുന്നു. ചൂടു കാലാവസ്ഥയ്ക്കിണങ്ങിയ വസ്ത്രമെന്ന നിലയിലും ബാലരാമപുരം കൈത്തറി പ്രശസ്തമാണ്.

Volume 54 Issue 6
March 2022

**Vyavasaya Keralam**
MONTHLY

₹ 30
Date of publication-
2nd March 2022




Printed and Published by the Kerala Bureau of Industrial Promotion (K-Bip)
on behalf of the Director of Industries & Commerce, Govt. of Kerala, Vikasbhavan, Thiruvananthapuram.
Printed at Akshara Offset, Vanchiyoor, Thiruvananthapuram. Ph.0471 2471174.

Editor : Baiju R.S.